VOL NO: 07 | ISSUE 33
www.nerpatham.com
mail@nerpatham.com
2023 AUGUST 19 | ₹10

# നേർപഥം

വാരിക

# ശാസ്ത്രം വിശ്വാസം മിത്ത്




പദാർഥബന്ധിതമായ വിജ്ഞാന ശാഖയാണ് ശാസ്ത്രം. പദാർഥ പ്രപഞ്ചത്തെ തന്നെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ പക്കൽ നിന്നും ലഭിച്ച അറിവുകളാണ് വിശ്വാസത്തിന്റെ ആധാരം. അതുകൊണ്ട് തന്നെ നിയതമായ ഒരു ശാസ്ത്ര സത്യത്തിനും വിശ്വാസം എതിരല്ല. എന്നാൽ കാലഹരണപ്പെട്ട വിശ്വാസവും അംഗഭംഗം വന്ന ശാസ്ത്രവും വെച്ച് രചിക്കപ്പെട്ട മിത്തിനെ വിശ്വാസവുമായി സമീകരിക്കുന്ന രീതി ബുദ്ധിയുള്ളവർക്ക് ഭൂഷണമല്ല

## ജീർണതകളിൽനിന്നുള്ള മോചനം അസാധ്യമോ?

|| കർണാടക വിധിയിലെ പൊരുത്തക്കേടുകൾ

|| ഭൗതികവിശദീകരണം അസാധ്യമായ വസ്തുതകൾ

|| ക്രിമിനൽ നടപടി ചട്ട പരിഷ്കരണ ബിൽ ലോക്സഭയിൽ




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244
WhatsApp: 9207525244

WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244



ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന
**4** പുസ്തകങ്ങൾ
ഇപ്പോൾ വെറും **500** രൂപക്ക്...!!!

MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI

SCAN & PAY

BHIM SBI Pay
BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0343
# നേർപഥം
വാരിക
2023 ആഗസ്റ്റ് 19
1445 സ്വഫർ 03
പുസ്തകം 07 / ലക്കം 33




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി
10
## ശാസ്ത്രം വിശ്വാസം, മിത്ത്
ഹിലാൽ. സി.പി.



മുഖമൊഴി
05
ജീർണതകളിൽനിന്നുള്ള മോചനം അസാധ്യമോ?

ലേഖനം
06
കർണാടക വിധിയിലെ പൊരുത്തക്കേടുകൾ
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
26
ഭൗതികവിശദീകരണം അസാധ്യമായ വസ്തുതകൾ
ഷാഹുൽ പാലക്കാട്

ലേഖനം
18
ജീവിതലക്ഷ്യം
മുബാറക് ബിൻ ഉമർ

വിമർശനം
31
ഇസ്‌ലാം വിരോധിച്ച ജാറനിർമാണവും മനോവിഷമത്തിലായ ജാറവ്യവസായികളും
മൂസ സ്വലാഹി കാര

ലേഖനം
23
വാഗ്ദാനപ്പെരുമഴ
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

നമുക്കുചുറ്റും
34
ക്രിമിനൽ നടപടി ചട്ട പരിഷ്‌കരണ ബിൽ ലോക്‌സഭയിൽ
ടി.കെ അശ്‌റഫ്



# പണ്ഡിതന്മാർ തങ്ങളുടെ ദൗത്യം തിരിച്ചറിയണം:

## വിസ്ഡം പണ്ഡിത സംഗമം

മലപ്പുറം: വർത്തമാന കാലഘട്ടത്തിൽ സമൂഹം നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞ് സാമൂഹിക നവോത്ഥാനരംഗത്തെ ദൗത്യം നിർവഹിക്കാൻ പണ്ഡിതന്മാർ തയ്യാറാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച പണ്ഡിത സംഗമം ആവശ്യപ്പെട്ടു.

മിനി ഊട്ടിയിലെ ജാമിഅ അൽഹിന്ദ് ക്യാമ്പസിൽ രണ്ടുദിവസങ്ങളിലായി നടന്ന സംഗമം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. ലജ്നതുൽ ബുഹൂസുൽ ഇസ്‌ലാമിയ്യ സംസ്ഥാന കൺവീനർ ശമീർ മദീനി ആമുഖ സംസാരം നടത്തി. ചെയർമാൻ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു.

പ്രബോധകരുടെ വീഴ്ചകൾ ഒരു സമൂഹത്തെ നാശത്തിലേക്ക് വലിച്ചിഴക്കാൻ കാരണമാകുമെന്ന ഉത്തമ ബോധ്യം പകർന്നു നൽകുന്നതായിരുന്നു ക്യാമ്പ്. പഠിക്കുംതോറും കൂടുതൽ പഠിക്കാനും അറിയുംതോറും സ്വന്തം അജ്ഞതയുടെ ആഴം തിരിച്ചറിയാനും പ്രബോധകരെ സഹായിക്കുന്നതായിരുന്നു എല്ലാ സെഷനുകളും.

ഓരോ ക്ലാസ്സ് കഴിയുമ്പോഴും ആ വിഷയത്തിൽ സംശയനിവാരണത്തിനുള്ള അവസരംകൂടി ഒരുക്കിയത് വിഷയങ്ങളുടെ സർവതലങ്ങളിലേക്കും ക്യാമ്പംഗങ്ങളെ കൂട്ടിക്കൊണ്ടുപോകാൻ സഹായിച്ചു. ക്യാമ്പിൽ പുറത്തിറങ്ങിയ 'അന്നസ്വീഹ' മാഗസിൻ എക്കാലത്തും പ്രയോജനപ്പെടുന്ന പ്രസക്തമായ വൈജ്ഞാനിക വിഷയങ്ങൾ കൊണ്ട് ധന്യമായിരുന്നു. ക്യാമ്പിൽ അവതരിപ്പിച്ച വിഷയങ്ങളുടെ വിശദമായ നോട്ട് പ്രിന്റ് ചെയ്ത് മുൻകൂട്ടി നൽകിയത് തുടർ പഠനത്തിനും പ്രബോധകർക്ക് സഹായകമാകും.

സമകാലിക സാഹചര്യത്തിൽ പ്രബോധകർ അറിയേണ്ട അടിസ്ഥാന വിഷയങ്ങൾ മുതൽ പലപ്പോഴും ആശയക്കുഴപ്പമുണ്ടാക്കാറുള്ള വിവിധ മസ്അലകളും ചർച്ച ചെയ്യപ്പെട്ടു.

വിഷയാവതാരകരും വിഷയങ്ങളും: ഹംസ മദീനി (ഇജ്തിഹാദീ വിഷയങ്ങളിലുള്ള നിലപാട്), മുഹമ്മദ് ശബീബ് സ്വലാഹി (അൽഹാകിമിയ്യത്ത്), മുഹമ്മദ് സ്വാദിഖ് മദീനി (ത്വലാക്, ഫസ്ഖ്, ഖുൽഅ്), അബ്ദുൽ മാലിക് സലഫി (മാസപ്പിറവി; ദുർവ്യാഖ്യാനം ചെയ്യപ്പെടുന്ന പ്രമാണങ്ങൾ), ശമീർ മദീനി (ഇൻഷുറൻസ്:വിധിവിലക്കുകൾ), അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി (ഹദീസ് പഠനം), ഡോ. അബ്ദുന്നസ്വീർ അസ്ഹരി (ശാഫിഈ മദ്ഹബും പുത്തൻ വാദങ്ങളും), അബൂബക്കർ സലഫി (അൽവലാഉ വൽ ബറാഅ്), ഫൈസൽ മൗലവി പുതുപ്പറമ്പ് (പ്രബോധരംഗം: ആരോപണങ്ങൾ, വസ്തുതകൾ), ടി.കെ അശ്‌റഫ് (വർത്തമാനകാലത്തെ പ്രബോധകന്റെ നിലപാടുകൾ), പ്രഫ.ഹാരിസ് ബിൻ സലീം (പ്രബോധകന്റെ വ്യക്തിത്വം).

വിസ്ഡം യൂത്ത് ജന.സെക്രട്ടറി ടി.കെ നിഷാദ് സലഫി, സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി എന്നിവർ സദസ്സിനെ അഭിസംബോധന ചെയ്തു. അന്നസ്വീഹ മാഗസിൻ പ്രഫ. ഹാരിസ് ബിൻ സലീം യു.എ.ഇ ഇസ്‌ലാഹി മലയാള വിഭാഗം പ്രബോധകൻ മുഹമ്മദ് കുട്ടി സലഫിക്ക് നൽകി പ്രകാശനം ചെയ്തു.

# ജീർണതകളിൽനിന്നുള്ള മോചനം അസാധ്യമോ?

സർവ രംഗത്തും ജീർണത പടർന്നുപിടിക്കുന്ന അവസ്ഥയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. വിദ്യാർഥിസമൂഹത്തിലും യുവാക്കൾക്കിടയിലും ലഹരിയുടെ ഉപയോഗവും വഴിവിട്ട ലൈംഗികതയും വളർന്നുകൊണ്ടിരിക്കുന്നു. അവിഹിതബന്ധങ്ങളുടെ ഫലമായി ദാമ്പത്യബന്ധങ്ങളുടെ തകർച്ചയുടെ ഗ്രാഫ് കുതിച്ചുയരുകയാണ്. നീതിന്യായ, നിയമപാലന, ഉദ്യോഗ, കച്ചവട രംഗങ്ങളിലും ജീർണതക്ക് കുറവില്ല. മതരംഗത്ത് ആത്മീയ ചൂഷണങ്ങളും അപരമത വിദ്വേഷവും പെരുകുകയാണ്. രാഷ്ട്രീയ രംഗത്തെ അവസ്ഥ പറയുകയും വേണ്ട!

താൻ ജീവിക്കുന്ന ചുറ്റുപാടുകളും സാഹചര്യവും മനുഷ്യന്റെ സ്വഭാവത്തെ ശക്തമായി സ്വാധീനിക്കുന്നു എന്നത് ഒരു വസ്തുതയാണ്. വളരുന്ന ചുറ്റുപാട് വികൃതവും ജീർണവുമാണെങ്കിൽ മനുഷ്യൻ തിന്മയുടെ വക്താവായിത്തീരുന്നു. ജീവിത പശ്ചാത്തലം ശുദ്ധവും സംസ്കാര സമ്പന്നവുമാണെങ്കിൽ അവനിൽ നന്മ പ്രതിഫലിച്ച് കാണും. ദൈവം നിശ്ചയിച്ച പരിധികൾ തകർത്ത് സർവതന്ത്ര സ്വതന്ത്രരായി വിരാജിക്കുവാൻ മനുഷ്യൻ തയ്യാറാകുന്നതിന്റെ ഫലമായി അവന്റെ മുമ്പിൽ പ്രതിസന്ധികൾ കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നു. അത്തരക്കാർക്ക് മനസ്സമാധാനം ഒരു കിട്ടാക്കനിയായിരിക്കുന്നു.

നബി(സ്വ) പറഞ്ഞു: "അറിയുക! ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്. അത് നന്നായാൽ ശരീരമാസകലം നന്നായി. അത് ദുഷിച്ചാൽ ശരീരമാസകലം ദുഷിക്കുകയും ചെയ്തു. അറിയുക! അതത്രെ ഹൃദയം" (ബുഖാരി, മുസ്‌ലിം).

ഹൃദയത്തിന്റെ തിന്മകളിൽനിന്നും കെടുതികളിൽനിന്നും നബി(സ്വ) അല്ലാഹുവിനോട് രക്ഷതേടിയതായും നമ്മോട് അതിന് നിർദേശിച്ചതായും ഹദീസുകളിൽ കാണാം. അവിടുന്ന് പറഞ്ഞു: "നീ ഇപ്രകാരം അല്ലാഹുവിനോട് രക്ഷ തേടുക: 'ഞാൻ എന്റെ കേൾവിയുടെ ഉപദ്രവത്തിൽനിന്നും എന്റെ കാഴ്ചയുടെ ഉപദ്രവത്തിൽനിന്നും എന്റെ അറിവിന്റെ കെടുതികളിൽനിന്നും എന്റെ ഹൃദയത്തിന്റെ ദോഷങ്ങളിൽനിന്നും എന്റെ ലൈംഗികാവയവത്തിന്റെ തിന്മകളിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു" (അഹ്മദ്, അബൂദാവൂദ്).

ശരീരവും വസ്ത്രവും പരിസരവുമൊക്കെ വൃത്തിയായി സൂക്ഷിക്കണമെന്നും ശുദ്ധി വിശ്വാസത്തിന്റെ ഭാഗമാണെന്നുമൊക്കെ ഇസ്‌ലാം പഠിപ്പിക്കുന്നു. കേവലം ബാഹ്യമായ അത്തരം ശുദ്ധിമാത്രമല്ല ഇസ്‌ലാം നമ്മോട് ആവശ്യപ്പെടുന്നത്. പ്രത്യുത, ആന്തരികമായ വിശുദ്ധി അഥവാ വിമലീകരിക്കപ്പെട്ട മനസ്സ്, അതാണ് വിജയത്തിന്റെ ആധാരശിലയെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു: "തീർച്ചയായും അതിനെ പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു"(ക്വുർആൻ 91:9,10).

മനസ്സിനെ മലീമസമാക്കുന്ന എല്ലാവിധ ദുർഗുണങ്ങളിൽനിന്നും രക്ഷപ്പെടാനും രോഗമുക്തമായ ഒരു മനസ്സിന്റെ ഉടമയാകുവാനും ആദ്യമായി നാം ശ്രദ്ധിക്കേണ്ടത് ജീവിതത്തിന്റെ പരമമായ ലക്ഷ്യം തിരിച്ചറിഞ്ഞ് നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന, എണ്ണമറ്റ അനുഗ്രഹങ്ങൾ നമുക്ക് ചൊരിഞ്ഞുതന്ന, തന്നുകൊണ്ടിരിക്കുന്ന നമ്മുടെ സ്രഷ്ടാവിനെ തിരിച്ചറിഞ്ഞ് അവനുവേണ്ടി നിലകൊള്ളുവാനാണ്. അല്ലാഹുവിനെ ശരിയായ രൂപത്തിൽ ഉൾക്കൊണ്ടാൽ അവന്റെ കൽപനാനിർദേശങ്ങൾക്കനുസരിച്ച് ആത്മാർഥമായി പ്രവർത്തിക്കാൻ നമുക്ക് സാധിക്കും. എല്ലാവിധ ജീർണതകളിൽനിന്നും മുക്തമായ ജീവിതം നയിക്കുവാൻ സാധിക്കും. ■

ലേഖനം



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 31

# കർണാടക വിധിയിലെ പൊരുത്തക്കേടുകൾ

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

ശിരോവസ്ത്രം നിരോധിച്ചുകൊണ്ടുള്ള കർണാടക ഹൈക്കോടതിയുടെ വിധിന്യായത്തിൽ പ്രസ്തുത നടപടിക്ക് ആധാരമായി സ്വീകരിച്ച വിദേശ കോടതികളിൽനിന്നുള്ള ചില വിധി പ്രസ്താവനകളെ അപഗ്രഥിച്ചുകൊണ്ട് ജസ്റ്റിസ് ധൂലിയ നടത്തിയ നിരീക്ഷണങ്ങൾ ഏറെ പ്രസക്തമാണ്. കർണാടക ഹൈക്കോടതി വിധിയിലെ പൊരുത്തക്കേടുകൾ ഒന്നൊന്നായി എടുത്തുപറഞ്ഞുകൊണ്ടായിരുന്നു അദ്ദേഹം നടത്തിയ വിധിപ്രസ്താവം. ബ്രിട്ടനിലെ ഡെൻബി സ്കൂളിലെ ഷബീന ബീഗം കേസിൽ മുഖം മറയുന്ന ജിൽബാബ് നിരോധനത്തെ ശിരോവസ്ത്രത്തിലേക്ക് കൂട്ടിക്കെട്ടിയാണ് കർണാടക ഹൈക്കോടതി അവതരിപ്പിച്ചത്. എന്നാൽ ജിൽബാബ് ധരിച്ചതിന്റെ പേരിൽ പോലും ഒരു കുട്ടിയുടെ വിദ്യാഭ്യാസ അവകാശം നിഷേധിക്കാൻ സ്കൂളുകൾക്കോ ഭരണകൂടങ്ങൾക്കോ അവകാശമില്ല എന്ന ഹൗസ് ഓഫ് ലോർഡ്സിലെ വനിതാ ജഡ്ജിന്റെ നിരീക്ഷണത്തെ ജസ്റ്റിസ് ധൂലിയ അവലംബമാക്കിയത് കർണാടകക്ക് വലിയ തിരിച്ചടിയാണ്.

**ബ്രിട്ടനിലെ ഡെൻബി സ്കൂളിലെ ഷബീന ബീഗം കേസിൽ മുഖം മറയുന്ന ജിൽബാബ് നിരോധനത്തെ ശിരോവസ്ത്രത്തിലേക്ക് കൂട്ടിക്കെട്ടിയാണ് കർണാടക ഹൈക്കോടതി അവതരിപ്പിച്ചത്. എന്നാൽ ജിൽബാബ് ധരിച്ചതിന്റെ പേരിൽ പോലും ഒരു കുട്ടിയുടെ വിദ്യാഭ്യാസ അവകാശം നിഷേധിക്കാൻ സ്കൂളുകൾക്കോ ഭരണകൂടങ്ങൾക്കോ അവകാശമില്ല എന്ന ഹൗസ് ഓഫ് ലോർഡ്സിലെ വനിതാ ജഡ്ജിന്റെ നിരീക്ഷണത്തെ ജസ്റ്റിസ് ധൂലിയ അവലംബമാക്കിയത് കർണാടകക്ക് വലിയ തിരിച്ചടിയാണ്.**

ഡെൻബി സ്കൂൾ കേസ് വിധി ഒരിക്കലും കർണാടകക്ക് അനുകൂലമല്ലെന്ന് സമർഥിച്ച ധൂലിയ കർണാടകയുടെ വിധിന്യായത്തിൽ ഉദ്ധരിച്ച മറ്റു കോടതി വിധികളിലേക്ക് പ്രവേശിച്ചു. മില്ലർഗിൽസ് (1969), ക്രിസ്മസ് എൽ റെനോ ബോർഡ് ഓഫ് എഡ്യൂക്കേഷൻ (1970) തുടങ്ങിയ കേസുകളെ കുറിച്ചാണ് അദ്ദേഹം പരാമർശിച്ചത്. രണ്ടു കേസുകളിലും സ്കൂൾ അധികൃതർ കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശം നിഷേധിച്ചിട്ടില്ല എന്ന വസ്തുത മറച്ചുവെച്ചുകൊണ്ടാണ് കർണാടക ഹൈക്കോടതി സംസാരിച്ചിട്ടുള്ളത് എന്നാണ് ജസ്റ്റിസ് ധൂലിയ ചൂണ്ടിക്കാട്ടിയത്.

**മില്ലർ, ക്രിസ്മസ് കേസുകൾ**

അമേരിക്കയിലെ ഇല്ലിനോയിയിലെ ബാരിങ്ടൺ കൺസോളിഡേറ്റഡ് സ്കൂളിൽ സ്കൂളിൽ പഠിക്കുന്ന ഡേവിഡ് മില്ലർ എന്ന വിദ്യാർഥി, അനുവദിച്ച അളവിൽ കൂടുതൽ മുടി വളർത്തിയതിന്റെ പേരിൽ വിദ്യാർഥിക്കെതിരെ സ്കൂൾ അധികൃതർ എടുത്ത നടപടിയാണ് മില്ലർ-ഗിൽസ് കേസ് എന്നറിയപ്പെടുന്നത്. എന്നാൽ കർണാടക ഹൈക്കോടതി പ്രസ്തുത വിധിയിലെ ചെറുഭാഗം ഉദ്ധരിച്ച് അവർക്കനുകൂലമാക്കി വ്യാഖ്യാനിക്കുകയായിരുന്നു. പ്രസ്തുത സ്കൂൾ ഒരു കാർഷിക സ്കൂൾ ആയതിനാൽ അവിടെ കാക്കി വസ്ത്രങ്ങൾ ധരിക്കണമെന്ന നിയമം ഉണ്ടായിരുന്നു. ഈ നിയമത്തിന് കോടതിയുടെ അംഗീകാരം ഉണ്ടായിരുന്നു എന്ന് ചൂണ്ടിക്കാട്ടി സ്കൂളുകാർക്ക് ഏതു നിയമവും ഉണ്ടാക്കാം എന്ന് സമർഥിക്കാനാണ് കർണാടക ഹൈക്കോടതി ശ്രമിച്ചത്. എന്നാൽ കേസിന്റെ പ്രധാന വിഷയം ഒരു കുട്ടി മുടി നീട്ടിവളർത്തിയതായിരുന്നു എന്നും കുട്ടിയുടെ നടപടി കോടതി ശരിവച്ചിരുന്നു എന്നും കർണാടക മറച്ചുവച്ചതിനെയാണ് ജസ്റ്റിസ് ധൂലിയ വിമർശിക്കുന്നത്. മില്ലർ കേസിലെ കോടതി വിധിയിലെ ഒരു പ്രസ്താവന വായിച്ചാൽ ഇപ്പോൾ ചർച്ച ചെയ്യുന്ന ശിരോവസ്ത്ര വിഷയത്തിൽ കർണാടകയുടെ നിലപാടിന് എതിരായിരുന്നു പ്രസ്തുത വിധി എന്ന് മനസ്സിലാക്കാൻ ഒരും പ്രയാസമില്ല. അതിങ്ങനെയാണ്:

"വിദ്യാർഥികൾ ഭരണഘടനക്ക് കീഴിലുള്ള വ്യക്തികളാണ്; പ്രായപൂർത്തിയായവർക്കുള്ള അതേ അവകാശങ്ങൾ അവർക്കുമുണ്ട്. വിദ്യാർഥികൾ രണ്ടാംതരം പൗരന്മാരല്ല. ഭരണഘടനയുടെ സംരക്ഷണം ആദരണീയരായ മുതിർന്നവർക്ക് ലഭിക്കുന്നത് പോലെ നവജാത ശിശുവിനും ലഭ്യമാണ്."

ഒരു മുതിർന്ന പൗരന് ലഭിക്കുന്ന മൗലികാവകാശങ്ങൾ പോലെ വിദ്യാർഥികൾക്കും അത് ഉറപ്പാക്കേണ്ടതുണ്ട് എന്ന നിരീക്ഷണമാണ് കോടതി നടത്തിയിട്ടുള്ളത്.

അമേരിക്കയിലെ തന്നെ ഒക്‌ലഹോമയിലെ എൽ റെനോ ബോർഡ് ഓഫ് എഡ്യൂക്കേഷനിലെ ഗാരി ക്രിസ്മസ് എന്ന വിദ്യാർഥിയും നടപടി നേരിട്ടത് മുടി വളർത്തിയതിനെ തുടർന്നായിരുന്നു. മുകളിൽ സൂചിപ്പിച്ച മില്ലർ കേസ് പോലെയുള്ള ഒരു കേസ് തന്നെയാണ് ഇതും. ഈ കേസിലും സ്കൂൾ അധികൃതർക്ക് ഹെയർ കോഡും ഡ്രസ്സ് കോഡും നിർമിക്കാനുള്ള അധികാരമുണ്ട് എന്ന് ചൂണ്ടിക്കാണിക്കാനാണ് കർണാടക ഹൈക്കോടതി ഇത് ഉദ്ധരിച്ചത്. എന്നാൽ വിദ്യാർഥികളെ പുറത്താക്കാൻ ഇതൊരു കാരണമല്ല എന്ന കോടതി വിധിയാണ് ഏറെ പ്രസക്തമാവുന്നത്. ഈ കേസുകളെല്ലാം ശിരോവസ്ത്രത്തിനായി പൊരുതുന്ന വിദ്യാർഥിനികൾക്ക് അനുകൂലമാണ് എന്ന വസ്തുതയാണ് ജസ്റ്റിസ് ധൂലിയ ചൂണ്ടിക്കാണിക്കുന്നത്.

**ധൂലിയയുടെ പ്രസക്തമായ ചോദ്യങ്ങൾ**

നമ്മുടെ കേസിൽ സ്കൂൾ അഡ്മിനിസ്ട്രേഷനും സർക്കാറും ഉത്തരം നൽകേണ്ട പ്രധാനപ്പെട്ട വിഷയം ഇതാണ്; ഒരു പെൺകുട്ടിയുടെ വിദ്യാഭ്യാസമാണോ അതോ പൊതുവായ ഡ്രസ്സ് കോഡാണോ പ്രധാനം? കർണാടകയിലെ സ്കൂളുകളിൽ 'ഹിജാബ് നിരോധനം' നടപ്പാക്കിയതിലൂടെ സംഭവിച്ചത് പല പെൺകുട്ടികൾക്കും അവരുടെ ബോർഡ് പരീക്ഷ പോലും എഴുതാൻ സാധിച്ചില്ല എന്നതാണ്. ഹർജിക്കാർക്ക് വേണ്ടി ഹാജരായ പല മുതിർന്ന അഭിഭാഷകരും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. കൂടാതെ ചില വിദ്യാർഥിനികൾ സ്കൂൾ പഠനം ഉപേക്ഷിച്ച് മദ്റസകളിൽ ചേക്കേറാൻ നിർബന്ധിതരായി. മദ്റസകളിൽ അവർക്ക് സ്കൂൾ നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭിക്കില്ല എന്ന് തീർച്ചയാണ്. അതുകൊണ്ട് വിദ്യാർഥിനികളെ സ്കൂൾ കവാടങ്ങളിൽ എത്തിക്കുക എന്നതാണ് ഏറ്റവും പ്രധാനം.

**നമ്മുടെ കേസിൽ സ്കൂൾ അഡ്മിനിസ്ട്രേഷനും സർക്കാറും ഉത്തരം നൽകേണ്ട പ്രധാനപ്പെട്ട വിഷയം ഇതാണ്; ഒരു പെൺകുട്ടിയുടെ വിദ്യാഭ്യാസമാണോ അതോ പൊതുവായ ഡ്രസ്സ് കോഡാണോ പ്രധാനം? കർണാടകയിലെ സ്കൂളുകളിൽ 'ഹിജാബ് നിരോധനം' നടപ്പാക്കിയതിലൂടെ സംഭവിച്ചത് പല പെൺകുട്ടികൾക്കും അവരുടെ ബോർഡ് പരീക്ഷ പോലും എഴുതാൻ സാധിച്ചില്ല എന്നതാണ്. ഹർജിക്കാർക്ക് വേണ്ടി ഹാജരായ പല മുതിർന്ന അഭിഭാഷകരും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. കൂടാതെ ചില വിദ്യാർഥിനികൾ സ്കൂൾ പഠനം ഉപേക്ഷിച്ച് മദ്റസകളിൽ ചേക്കേറാൻ നിർബന്ധിതരായി. മദ്റസകളിൽ അവർക്ക് സ്കൂൾ നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭിക്കില്ല എന്ന് തീർച്ചയാണ്. അതുകൊണ്ട് വിദ്യാർഥിനികളെ സ്കൂൾ കവാടങ്ങളിൽ എത്തിക്കുക എന്നതാണ് ഏറ്റവും പ്രധാനം.**



### പെൺകുട്ടികൾ നേരിടുന്ന വെല്ലുവിളികൾ

ജസ്റ്റിസ് ധൂലിയ തുടരുന്നു: 'ഇന്ന് ഇന്ത്യയിലെ ഏറ്റവും മികച്ച കാഴ്ചകളിലൊന്ന്, സ്കൂൾ ബാഗ് മുതുകിൽവച്ച് കാലത്ത് സ്കൂളിലേക്ക് പോകുന്ന ഒരു പെൺകുട്ടിയാണ്. അവൾ രാജ്യത്തിന്റെ പ്രതീക്ഷയാണ്, നമ്മുടെ ഭാവിയാണ്. നമ്മുടെ രാജ്യത്തെ പൊതുസാഹചര്യം ഒരു പെൺകുട്ടിക്ക് ആൺകുട്ടികളെ അപേക്ഷിച്ച് വിദ്യാഭ്യാസം ലഭിക്കുന്നത് വളരെ ബുദ്ധിമുട്ടാണ് എന്നതാണ്. പെൺകുട്ടികൾ തങ്ങളുടെ ബാഗ് എടുത്ത് സ്കൂളിൽ പോകുന്നതിന് മുമ്പ്, ഗാർഹിക ജോലികളിൽ വ്യാപൃതരാവുകയും വീട് വൃത്തിയാക്കുകയും അമ്മമാരെ സഹായിക്കുകയും ചെയ്യുന്നത് ഇന്ത്യയിലെ ഗ്രാമങ്ങളിലെയും അർധനഗര പ്രദേശങ്ങളിലെയും നിത്യകാഴ്ചയാണ്. അതായത് ഒരു പെൺകുട്ടി വിദ്യാഭ്യാസം നേടുന്നതിന് നേരിടുന്ന തടസ്സങ്ങളും ബുദ്ധിമുട്ടുകളും ആൺകുട്ടികളെക്കാൾ പതിന്മടങ്ങ് വലുതാണ്. അതുകൊണ്ട്തന്നെ ഈ കേസിനെ കാണേണ്ടത് സ്കൂളുകളിൽ എത്തുന്നതിൽ പെൺകുട്ടികൾ നേരിടുന്ന വെല്ലുവിളികൾ എന്ന വീക്ഷണകോണിലാണ്.' ഹിജാബ് ധരിച്ചതുകൊണ്ടുമാത്രം ഒരു പെൺകുട്ടിയുടെ വിദ്യാഭ്യാസം നിഷേധിക്കുന്നതിലൂടെ നാം അവളുടെ ജീവിതം കൂടുതൽ ദുഷ്കരമാക്കുകയല്ലേ എന്നതാണ് പ്രധാനമായും ഇവിടെ ഉയരുന്ന ചോദ്യം.

### ശിരോവസ്ത്രം അണിഞ്ഞാൽ കുഴപ്പമെന്ത്?

ധൂലിയ: "ഹരജിക്കാർ ആവശ്യപ്പെടുന്നത് ശിരോവസ്ത്രം ധരിക്കാനുള്ള അവകാശം മാത്രമാണ്. ഒരു ജനാധിപത്യ സംവിധാനത്തിൽ ഇത് ചോദിക്കുന്നത് എങ്ങനെയാണ് അധികമാവുന്നത്? എങ്ങനെയാണ് പൊതുക്രമം, സദാചാരം, ആരോഗ്യം എന്നിവക്ക് ഇത് എതിരായിത്തീരുന്നത്? ഭരണഘടനയുടെ മൂന്നാം ഭാഗത്തിലെ മറ്റേതെങ്കിലും വ്യവസ്ഥകൾക്ക് ഇത് വിരുദ്ധമാവുന്നത് എങ്ങനെയാണ്? ഈ ചോദ്യങ്ങൾക്ക് കർണാടക ഹൈക്കോടതി വിധിയിൽ മതിയായ ഉത്തരം ലഭിച്ചിട്ടില്ല. 2022 ഫെബ്രുവരി 5ലെ സർക്കാർ ഉത്തരവിലോ ഹൈക്കോടതിയുടെ മുമ്പാകെയുള്ള എതിർ സത്യവാങ്മൂലത്തിലോ ന്യായമായ കാരണങ്ങളൊന്നും കർണാടക നൽകിയിട്ടില്ല. ക്ലാസ് മുറിയിൽ ശിരോവസ്ത്രം ധരിച്ചിരിക്കുന്ന ഒരു പെൺകുട്ടി ഒരു ക്രമസമാധാന പ്രശ്നമാവുന്നത് എങ്ങനെയാണ് എന്ന് എന്റെ യുക്തിക്ക് ഒരിക്കലും ബോധ്യമാവുന്നില്ല. നേരെമറിച്ച് ശിരോവസ്ത്രം പോലുള്ള സാംസ്കാരിക അടയാളങ്ങൾ അനുവദിക്കുന്നതിലൂടെ ഒരു ബഹുസ്വര സമൂഹത്തിൽ എങ്ങനെ ജീവിക്കാൻ സാധിക്കുമെന്ന് വിദ്യാർഥി സമൂഹത്തെ പഠിപ്പിക്കാൻ സാധിക്കും. പക്വതയാർജിച്ച സമൂഹം ഇങ്ങനെയാണ് പ്രവർത്തിക്കേണ്ടത്. യുണൈറ്റഡ് സ്റ്റേറ്റ്സ്-ഷിമ്മർ കേസിൽ ജസ്റ്റിസ് ഒലിവർ വെൻഡൽ ഹോംസ് ജൂനിയർ നടത്തിയ പ്രസ്താവന വളരെ പ്രസിദ്ധമാണ്. അതിങ്ങനെ വായിക്കാം: 'നമ്മുടെ ഭരണഘടനയുടെ ഏതെങ്കിലും ഒരു തത്ത്വം കൂടുതൽ ആകർഷിക്കപ്പെടുന്നുണ്ടെങ്കിൽ അത് സ്വതന്ത്ര ചിന്ത ഉദ്ഘോഷിക്കുന്ന തത്ത്വമാണ്. നമ്മോട് യോജിക്കുന്നവരോട് യോജിക്കുന്ന തരത്തിലുള്ള സ്വതന്ത്ര ചിന്തയല്ല, മറിച്ച് നമ്മോട് വിയോജിക്കുകയും നാം വെറുക്കുകയും ചെയ്യുന്ന ചിന്തകൾക്ക് കൂടി സ്വാതന്ത്ര്യമുണ്ട് എന്ന് ധരിക്കുന്ന ചിന്തയാണത്.' ഇതല്ലേ പക്വമായ നിരീക്ഷണം?"

### ഹിജാബ് ഡെറിവേറ്റിവ് റൈറ്റ് അല്ല

ധൂലിയ: "ഒരു പെൺകുട്ടിക്ക് അവളുടെ വീട്ടിലോ വീടിന് പുറത്തോ ശിരോവസ്ത്രം ധരിക്കാൻ അവകാശമുണ്ട്, ആ അവകാശം അവളുടെ സ്കൂൾ ഗേറ്റിൽ അവസാനിക്കുന്നതല്ല.

സ്കൂൾ ഗേറ്റിനുള്ളിലും ക്ലാസ് മുറിയിലും കുട്ടി അവളുടെ അന്തസ്സും അവളുടെ സ്വകാര്യതയും വഹിച്ചുകൊണ്ടിരിക്കുന്നു. അവളുടെ മൗലികാവകാശങ്ങൾ അവൾ നിലനിർത്തുന്നു. ഈ അവകാശങ്ങൾ ഒരു ക്ലാസ്റൂമിനുള്ളിലാവുമ്പോൾ അവ കേവലം 'വ്യുത്പന്ന അവകാശങ്ങൾ' (Derivative rights) ആണെന്ന നിരീക്ഷണം പൂർണമായും തെറ്റാണ്."

**ന്യൂനപക്ഷ സംരക്ഷണം ഭൂരിപക്ഷത്തിന്റെ കൂടി ബാധ്യത**

ധൂലിയ: "നാം ജീവിക്കുന്നത് ഒരു ജനാധിപത്യ സംവിധാനത്തിലും നിയമവാഴ്ചയിലുമാണ്. നമ്മെ ഭരിക്കുന്ന നിയമങ്ങൾ പാസ്സാക്കേണ്ടത് നമ്മുടെ ഭരണഘടനയാണ്. നമ്മുടെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ബഹുമുഖ ഭാവങ്ങളിൽ ഏറെ ശ്രദ്ധേയം വിവിധ വിഭാഗങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസമാണ്. പരസ്പരവിശ്വാസത്തിന്റെ സുപ്രധാന രേഖ കൂടിയാണ് നമ്മുടെ ഭരണഘടന. ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷ സമൂഹത്തിലുണ്ടാകുന്ന വിശ്വാസമാണ് അതിലേറ്റവും പ്രധാനം. ഭരണഘടനാനിർമാണ സഭയിൽവച്ച് 1949 മെയ് 24ന് സർദാർ വല്ലഭായ് പട്ടേൽ നടത്തിയ പ്രഖ്യാപനം ഈ വിഷയത്തിൽ നമുക്ക് ദിശാബോധം നൽകുന്നുണ്ട്. അദ്ദേഹം പ്രഖ്യാപിച്ചു: 'ന്യൂനപക്ഷങ്ങളെ തിടുക്കത്തിൽ ഒരു പ്രത്യേക സ്ഥാനത്തേക്ക് ഒതുക്കിനിർത്തുക എന്നത് നമ്മുടെ ഉദ്ദേശ്യമാവാൻ പാടില്ല. രാജ്യത്തിന്റെ മാറിയ സാഹചര്യങ്ങളിൽ, ഒരു മതേതര രാഷ്ട്രത്തിന്റെ യഥാർഥമായ അടിത്തറയാണ് ഇവിടെ പാകുന്നത് എന്ന നിഗമനത്തിൽ ന്യൂനപക്ഷങ്ങൾ സത്യസന്ധമായി എത്തിച്ചേരേണ്ടതുണ്ട്. അതിന് ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷത്തെ കുറിച്ച് കൃത്യമായ ബോധ്യവും വിശ്വാസവും ഉണ്ടാവേണ്ടതുണ്ട്. അതുപോലെ, ന്യൂനപക്ഷങ്ങളോട് അഹിതമായി പെരുമാറുന്ന അവസ്ഥയുണ്ടായാൽ അതവരിലുണ്ടാക്കുന്ന അരക്ഷിതാവസ്ഥയെ കുറിച്ചുള്ള ബോധം ഭൂരിപക്ഷത്തിനും ഉണ്ടാവേണ്ടതുണ്ട്.' രാഷ്ട്രശിൽപികളുടെ കണ്ടെത്തൽ ഇങ്ങനെയെങ്കിൽ അതിനെ അവഗണിക്കുന്നത് ശരിയാണോ?"

**ഭരണഘടനാമൂല്യങ്ങൾ കേവലം വാചാടോപമോ?**

ധൂലിയ: "കർണാടക ഹൈക്കോടതിക്ക് മുമ്പാകെ ഹരജിക്കാർ രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യത്തെക്കുറിച്ചും ബഹുസ്വരതയെ കുറിച്ചുമെല്ലാം ചോദിച്ചെങ്കിലും അതെല്ലാം 'പൊള്ളയായ വാചാടോപം' (hollow rhetoric) ആണെന്നായിരുന്നു കോടതിയുടെ പക്ഷം. കൂടാതെ 'നാനാത്വത്തിൽ ഏകത്വം' എന്ന ഭരണഘടന ഉയർത്തിപ്പിടിക്കുന്ന സുപ്രധാന വിഷയം പലപ്പോഴും അഭിഭാഷകർ ചൂണ്ടിക്കാട്ടിയപ്പോൾ അതെല്ലാം 'പലപ്പോഴും ഉദ്ധരിക്കപ്പെടുന്ന ചർവിത ചർവണങ്ങൾ' (oft quoted platitude) മാത്രമാണെന്ന് തള്ളിപ്പറഞ്ഞത് ജുഡീഷ്യറിക്ക് ഉണ്ടാവേണ്ട ശരിയായ നിലപാടല്ല. ജുഡീഷ്യറി ഉയർത്തിപ്പിടിക്കേണ്ടത് ഭരണഘടനയാണ്."

കർണാടക ഹൈക്കോടതിയുടെ പരാമർശം ഇങ്ങനെയായിരുന്നു: "Petitioners' contention that a classroom should be a place for recognition and reflection of diversity of society, a mirror image of the society (socially and ethically) in its deeper analysis is only a hollow rhetoric, 'unity in diversity' being the oft quoted platitude...." (ക്ലാസ് റൂം സമൂഹത്തിന്റെ വൈവിധ്യത്തെ തിരിച്ചറിയുന്നതിനും പ്രതിഫലിപ്പിക്കുന്നതിനുമുള്ള ഇടമായിരിക്കണമെന്നും അത് സമൂഹത്തിന്റെ (സാമൂഹികമായും ധാർമികമായും) ഒരു പ്രതിച്ഛായയായി നിലനിൽക്കണമെന്നുമുള്ള അഭിപ്രായങ്ങൾ ആഴത്തിലുള്ള വിശകലനത്തിൽ ഒരു പൊള്ളയായ വാചാടോപം മാത്രമാണ്, 'നാനാത്വത്തിൽ ഏകത്വം' എന്നത് ചർവിത ചർവണങ്ങളായി ഉദ്ധരിക്കപ്പെടുന്ന കേവല വർത്തമാനം മാത്രമാണ്). വളരെ ഗുരുതരമായ പരാമർശമാണിത്. ഭരണഘടനയുടെ അന്തസ്സത്തക്ക് നിരക്കാത്തതും അതിന്റെ മൂല്യങ്ങളെ ഇടിച്ചുതാഴ്ത്തുന്നതുമായ പ്രസ്താവനയാണിത്. ഒരിക്കലും ഒരു കോടതിയുടെ ഭാഗത്തുനിന്നും രാഷ്ട്രം ഇത് പ്രതീക്ഷിക്കുന്നില്ല.

**(ക്ലാസ് റൂം സമൂഹത്തിന്റെ വൈവിധ്യത്തെ തിരിച്ചറിയുന്നതിനും പ്രതിഫലിപ്പിക്കുന്നതിനുമുള്ള ഇടമായിരിക്കണമെന്നും അത് സമൂഹത്തിന്റെ (സാമൂഹികമായും ധാർമികമായും) ഒരു പ്രതിച്ഛായയായി നിലനിൽക്കണമെന്നുമുള്ള അഭിപ്രായങ്ങൾ ആഴത്തിലുള്ള വിശകലനത്തിൽ ഒരു പൊള്ളയായ വാചാടോപം മാത്രമാണ്, 'നാനാത്വത്തിൽ ഏകത്വം' എന്നത് ചർവിത ചർവണങ്ങളായി ഉദ്ധരിക്കപ്പെടുന്ന കേവല വർത്തമാനം മാത്രമാണ്). വളരെ ഗുരുതരമായ പരാമർശമാണിത്. ഭരണഘടനയുടെ അന്തസ്സത്തക്ക് നിരക്കാത്തതും അതിന്റെ മൂല്യങ്ങളെ ഇടിച്ചുതാഴ്ത്തുന്നതുമായ പ്രസ്താവനയാണിത്. ഒരിക്കലും ഒരു കോടതിയുടെ ഭാഗത്തുനിന്നും രാഷ്ട്രം ഇത് പ്രതീക്ഷിക്കുന്നില്ല.**

*(അടുത്ത ലക്കത്തിൽ: വിദ്യാലയങ്ങളിൽ മതേതരത്വ പഠനം അനിവാര്യം)*

# ശാസ്ത്രം വിശ്വാസം, മിത്ത്

**ഹിലാൽ. സി.പി.**
:79945 11562

**പദാർഥബന്ധിതമായ വിജ്ഞാന ശാഖയാണ് ശാസ്ത്രം. പദാർഥ പ്രപഞ്ചത്തെ തന്നെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ പക്കൽ നിന്നും ലഭിച്ച അറിവുകളാണ് വിശ്വാസത്തിന്റെ ആധാരം. അതുകൊണ്ട് തന്നെ നിയതമായ ഒരു ശാസ്ത്രസത്യത്തിനും വിശ്വാസം എതിരല്ല. എന്നാൽ കാലഹരണപ്പെട്ട വിശ്വാസവും അംഗഭംഗം വന്ന ശാസ്ത്രവും വെച്ച് രചിക്കപ്പെട്ട മിത്തിനെ വിശ്വാസവുമായി സമീകരിക്കുന്ന രീതി ബുദ്ധിയുള്ളവർക്ക് ഭൂഷണമല്ല.**

വരണ്ടുണങ്ങിയ മരച്ചില്ലകളും കൊഴിഞ്ഞുവീണ ഇലകളും കൂട്ടിയിട്ടതുകണക്കെയാണ് ഇപ്പോൾ കേരളത്തിന്റെ രാഷ്ട്രീയ പരിസരം. ഒരു തീപ്പെട്ടി, ഒരൊറ്റ തീപ്പൊരി മതി അത് ആളിക്കത്തിക്കാൻ! ഇരുപത്തിനാലിലെ തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കുമ്പോൾ വന്യമായ വർഗീയദാഹത്തോടെ കൺപാർത്തിരിക്കുകയാണ് ഹിന്ദുത്വ ക്യാമ്പ്. വെറുപ്പു വിതച്ച് വോട്ട് കൊയ്യാൻ കാത്തിരിക്കുന്ന ഈ വിദ്വേഷക്കൂട്ടത്തിന് ഏറ്റവുമൊടുവിൽ മതനിരപേക്ഷ രാഷ്ട്രീയസമവാക്യത്തെ പൊതിരെത്തല്ലാൻ കിട്ടിയ വടിയാണ് ബഹു. കേരളാ നിയമസഭാ സ്പീക്കർ നടത്തിയ ഒരു പ്രസംഗവും തുടർന്നുണ്ടായി വന്ന വിവാദങ്ങളും.

എറണാകുളം കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന 'വിദ്യാജ്യോതി' പദ്ധതിയുടെ ഉദ്ഘാടനവേദിയിലാണ് സ്പീക്കർ എ.എൻ ഷംസീർ വിവാദമായി മാറിയ സംസാരം നടത്തിയത്. മിത്തുകൾക്ക്പകരം ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കണം എന്നതായിരുന്നു പ്രസംഗത്തിന്റെ കാതൽ:

'നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കണം. എന്താ കാരണം? ഇന്നത്തെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കൽ മാത്രമാണ്. ഇപ്പോൾ എന്തൊക്കെയാ പഠിപ്പിക്കാൻ ശ്രമിക്കുന്നത്? വിമാനം കണ്ടുപിടിച്ചത് ആരാണ്? ശാസ്ത്ര-സാങ്കേതിക രംഗം വികാസം പ്രാപിക്കുന്നുവെന്നു മാത്രമല്ല, ശാസ്ത്രത്തിനു പകരം മിത്തുകളെ വയ്ക്കുന്നു. പാഠപുസ്തകങ്ങൾ എടുത്ത് ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം മിത്തുകളെ പ്രോത്സാഹിപ്പിക്കുന്നു.



അതിന്റെ ഭാഗമാണ് വിമാനം കണ്ടുപിടിച്ചത് ആരെന്ന ചോദ്യത്തിന് റൈറ്റ് സഹോദരങ്ങൾ എന്ന ഉത്തരം തെറ്റാകുന്നതും ഹിന്ദുത്വകാലം എന്നെഴുതിയത് ശരിയാകുന്നതും.

ചിലർ കല്യാണം കഴിച്ചാൽ കുട്ടികളുണ്ടാകില്ല. ഐ.വി.എഫ് ട്രീറ്റ്മെന്റിന് പോകാറുണ്ട്. വന്ധ്യതാ ചികിത്സയുടെ പ്രത്യേകത കാരണം ചിലപ്പോൾ ഇട്ടകളുണ്ടാകും, ചിലപ്പോൾ മൂന്നുപേരുണ്ടാണ്ടാകും. അത് അതിന്റെ പ്രത്യേകതയാണ്. അപ്പോൾ ചിലർ പറയുന്നു. അത് നേരത്തെയുള്ളതാണ്. ഇതൊന്നും ഇപ്പോഴുണ്ടായതല്ല. അതാണ് കൗരവപ്പട. കൗരവപ്പടയുണ്ടായത് ഇൻഫെർട്ടിലിറ്റി ട്രീറ്റ്മെന്റിലൂടെയാണ്; ഇങ്ങനെ പഠിപ്പിക്കാൻ ശ്രമിക്കുന്നു.

വൈദ്യശാസ്ത്രം തന്നെ കൂടുതൽ കൂടുതൽ മൈക്രോ ആയി. സർജറി എന്നത് ഇപ്പോൾ പ്ലാസ്റ്റിക് സർജറി ആയി. പ്ലാസ്റ്റിക് സർജറി എന്നുവച്ചാൽ, ചിലപ്പോൾ പരിക്കുപറ്റി ചില പെൺകുട്ടികളുടെ മുഖം കണ്ടാൽ ഡോക്ടർമാർ ചോദിക്കും; അല്ല, നോർമൽ സ്റ്റിച്ചിങ് വേണോ അതോ പ്ലാസ്റ്റിക് സർജറിയിലൂടെ സ്റ്റിച്ച് ചെയ്യണോയെന്ന്. കാരണം മുഖത്ത് കല വന്നാൽ അവിടെത്തന്നെ നിൽക്കുമല്ലോ. പ്രത്യേകിച്ചും സൗന്ദര്യത്തെക്കുറിച്ച് ചിന്തിക്കുന്ന തലമുറയോട് സ്വാഭാവികമായും പ്ലാസ്റ്റിക് സർജറി നടത്തണോയെന്നു ചോദിക്കും. പ്ലാസ്റ്റിക്ക് സർജറി വൈദ്യശാസ്ത്രത്തിലെ പുതിയ കണ്ടുപിടിത്തമാണ്. എന്നാൽ പ്ലാസ്റ്റിക് സർജറി ഹിന്ദുത്വ കാലത്തേയുള്ളതാണെന്നാണ് ഇവിടെ പഠിപ്പിക്കാൻ ശ്രമിക്കുന്നത്. ആരുടേതാണ് ആദ്യത്തെ പ്ലാസ്റ്റിക് സർജറി നടത്തിയതെന്ന ചോദ്യത്തിന് മനുഷ്യന്റെ ശരീരവും ആനയുടെ മുഖവുമുള്ള ഗണപതിയാണെന്നാണ് ഉത്തരം. ഇങ്ങനെ ശാസ്ത്രത്തിന്റെ സ്ഥാനത്ത് മിത്തുകളെ പ്രോത്സാഹിപ്പിക്കുന്നു. ഇവിടെ ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കാൻ സാധിക്കണം.' ഇതാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ചുരുക്കം.

### 'സ്വദേശി സയൻസ്' എന്ന ഹിന്ദുത്വ പ്രൊജക്റ്റ്

ഇന്ത്യയുടെ ചരിത്രത്തെ തങ്ങൾക്കനുകൂലമായ രീതിയിൽ വക്രീകരിച്ച് അവതരിപ്പിക്കുക എന്നത് ഇപ്പോൾ സംഘപരിവാർ ചെയ്തു

**ഒരു തീപ്പെട്ടി, ഒരൊറ്റ തീപ്പൊരി മതി അത് ആളിക്കത്തിക്കാൻ! ഇരുപത്തിനാലിലെ തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കുമ്പോൾ വന്യമായ വർഗീയദാഹത്തോടെ കൺപാർത്തിരിക്കുകയാണ് ഹിന്ദുത്വ ക്യാമ്പ്. വെറുപ്പു വിതച്ച് വോട്ട് കൊയ്യാൻ കാത്തിരിക്കുന്ന ഈ വിദ്വേഷക്കൂട്ടത്തിന് ഏറ്റവുമൊടുവിൽ മതനിരപേക്ഷ രാഷ്ട്രീയസമവാക്യത്തെ പൊതിരെത്തല്ലാൻ കിട്ടിയ വടിയാണ് ബഹു. കേരളാ നിയമസഭാ സ്പീക്കർ നടത്തിയ ഒരു പ്രസംഗവും തുടർന്നുണ്ടായി വന്ന വിവാദങ്ങളും.**

കൊണ്ടിരിക്കുന്ന പ്രൊജക്റ്റാണ്. സംഘസർക്കാർ നിലവിൽ വന്ന സംസ്ഥാനങ്ങളിലെ സിലബസുകളിൽനിന്ന് സ്വാതന്ത്ര്യ സമരപോരാളികളായ മുസ്‌ലിംകളുടെ നാമങ്ങൾ വെട്ടിമാറ്റിത്തുടങ്ങിയത് ഇപ്പോൾ എത്തിനിൽക്കുന്നത് സി.ബി.എസ്.ഇ. സിലബസിൽ ഉൾപ്പെടുന്ന ചരിത്രപുസ്തകങ്ങളിലെ വസ്തുതകളെയും തിരുത്തിയെഴുതുന്നതിലാണ്. ഇത് വ്യാപകമായി വിമർശനങ്ങൾ ഏറ്റുവാങ്ങിയിട്ടുമുണ്ട്. ഇത്രയും കാലം നാം പഠിച്ച ചരിത്രം മുഗളന്മാരെ പ്രകീർത്തിച്ചതാണെന്നും ഇന്ത്യയെയും ഇന്ത്യക്കാരെയും 'കൊള്ളയടിച്ച'വരുടെ വീക്ഷണകോണിലൂടെ ചരിത്രത്തെ നോക്കിക്കാണാതെ ദേശസ്നേഹികളുടെ പരിപ്രേക്ഷ്യത്തിലൂടെ കാണാൻ ശ്രമിക്കണമത്രെ!

ചരിത്രത്തിലും ചരിത്രപുസ്തകങ്ങളിലും കൈകടത്തി മലിനമാക്കിയത് കണക്കെ ശാസ്ത്രപുസ്തകങ്ങളിലും കൈകടത്താൻ സംഘപരിവാർ ഗ്രൂപ്പിന് പ്ലാനുണ്ട്. ആർ.എസ്.എസ്സിന്റെ ശാസ്ത്ര വിഭാഗമായ 'വിഭ' (VIBHA വിജ്ഞാന ഭാരതി) ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കാൻ ഉന്നമിട്ട് പ്രവർത്തിക്കുന പരിവാരത്തിന് വൈജ്ഞാനികമായ പിന്തുണ കൊടുക്കുന്ന സംഘടനയാണ്. അതോടൊപ്പം ആധുനിക ശാസ്ത്രത്തെയും പരമ്പരാഗത വിജ്ഞാനീയങ്ങളെയും ഹിന്ദുആത്മീയതയെയും സംയോജിപ്പിച്ചുകൊണ്ട് 'സ്വദേശി സയൻസ്' എന്ന സങ്കൽപത്തെ യാഥാർഥ്യമാക്കാനും ഈ വിഭാഗം പരിശ്രമിക്കുന്നുണ്ട്.

ഹിന്ദുത്വ പ്രോജക്റ്റിന്റെ ഭാഗമായത് കൊണ്ടുതന്നെ 'വിഭ'യ്ക്ക് ഉദാരമായ സർക്കാർ ധനസഹായം ലഭിക്കുന്നുണ്ട്. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ 23ലും വമ്പൻ ശാസ്ത്രമേളകളും മറ്റും ഈ വിഭാഗം സംഘടിപ്പിക്കുന്നുണ്ട്. പ്രൊജക്റ്റിന്റെ ആശയ പ്രചാരണത്തിനായി ഇന്ത്യൻ ശാസ്ത്രരംഗത്തെ ഉന്നതരുൾപ്പെടെ 20,000 ലധികം അംഗങ്ങളും ഒരു ലക്ഷത്തിലേറെ സന്നദ്ധപ്രവർത്തകരും ഈ പ്രൊജക്റ്റിന്റെ ഭാഗമാണ്. വിഭയുടെ ഉപദേശക സമിതിയിൽ മുൻ ഇന്ത്യൻ പ്രതിരോധ ഗവേഷണ മേധാവിയും ഇപ്പോൾ ജവഹർലാൽ നെഹ്റു സർവകലാശാലയുടെ ചാൻസലറുമായ വിജയ് കുമാർ സരസ്വത് ഉൾപ്പെടുന്നു എന്നതിലൂടെ ഈ പ്രൊജക്റ്റിന് പരിവാരം നൽകുന്ന പ്രാധാന്യം വ്യക്തമാണ്. ഇന്ത്യയുടെ ബഹിരാകാശ കമ്മീഷന്റെയും ആണവോർജ കമ്മീഷന്റെയും മുൻ അധ്യക്ഷന്മാർ 'വിഭ രക്ഷാധികാരിക'ളാണ്.

സംഘസർക്കാർ നിലവിൽ വന്ന സംസ്ഥാനങ്ങളിലെ സിലബസുകളിൽനിന്ന് സ്വാതന്ത്ര്യ സമരപോരാളികളായ മുസ്‌ലിംകളുടെ നാമങ്ങൾ വെട്ടിമാറ്റിത്തുടങ്ങിയത് ഇപ്പോൾ എത്തിനിൽക്കുന്നത് സി.ബി.എസ്.ഇ. സിലബസിൽ ഉൾപ്പെടുന്ന ചരിത്രപുസ്തകങ്ങളിലെ വസ്തുതകളെയും തിരുത്തിയെഴുതുന്നതിലാണ്. ഇത് വ്യാപകമായി വിമർശനങ്ങൾ ഏറ്റുവാങ്ങിയിട്ടുമുണ്ട്. ഇത്രയും കാലം നാം പഠിച്ച ചരിത്രം മുഗളന്മാരെ പ്രകീർത്തിച്ചതാണെന്നും ഇന്ത്യയെയും ഇന്ത്യക്കാരെയും 'കൊള്ളയടിച്ച'വരുടെ വീക്ഷണകോണിലൂടെ ചരിത്രത്തെ നോക്കിക്കാണാതെ ദേശസ്നേഹികളുടെ പരിപ്രേക്ഷ്യത്തിലൂടെ കാണാൻ ശ്രമിക്കണമത്രെ!

2014ൽ മോദി അധികാരത്തിലേറിയത് മുതൽ ഇത്തരം കപടശാസ്ത്രങ്ങളും രസികശാസ്ത്രങ്ങളും ഇന്ത്യൻ സയൻസ് കോൺഗ്രസിൽ പോലും അവതരിപ്പിക്കപ്പെട്ടത് ഒട്ടേറെ തവണയാണ്. എന്തിനധികം, 'ഗണേശ ഭഗവാന്റെ' (ഗണപതിയുടെ) ആനയുടെ തലയും മനുഷ്യന്റെ ഉടലുമെന്നത് പൗരാണിക കാലത്തെ ഇന്ത്യയിലെ ശാസ്ത്രരംഗത്തെ അടയാളപ്പെടുത്തുവെന്ന് പറഞ്ഞത് മോദിയാണ്. വിദേശ സർവകലാശാലകളിൽ പോയപ്പോൾ പോലും ഇക്കാര്യം ആവർത്തിക്കാൻ അദ്ദേഹം മറന്നിരുന്നില്ല. 2018ലെ ഇന്ത്യൻ സയൻസ് കോൺഗ്രസിൽ അന്നത്തെ കേന്ദ്ര ആരോഗ്യമന്ത്രിയായിരുന്ന ഡോ. ഹർഷ് വർധൻ പറഞ്ഞത് $E=mc^2$ എന്ന പ്രസിദ്ധമായ ശാസ്ത്രസൂത്ര



വാക്യത്തെക്കാൾ വലിയ തിയറികൾ വേദങ്ങളിലുണ്ടെന്ന് സ്റ്റീഫൻ ഹോക്കിംഗ്സ് പറഞ്ഞുവെന്നാണ്! ഏറെ വിവാദമായതോടെ ഇതുമായി ബന്ധപ്പെട്ട മാധ്യമങ്ങളുടെയും സയൻസ് ജേർണലുകളുടെയും ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി പറയാതെ ഒഴിഞ്ഞുമാറുകയാണുണ്ടായത്.

2017ൽ ഇതേ ആരോഗ്യമന്ത്രി രാജ്യത്തെ പരമോന്നത സ്ഥാപനങ്ങളായ ഐ.ഐ.ടികൾക്ക് ഗവേഷണം നടത്താൻ ധനസഹായം നൽകിയത് ഗോമൂത്രവും ചാണകവും ഉൾപ്പെടുന്ന 'പഞ്ചഗവ്യ' എന്ന പദാർഥം വിവിധ രോഗങ്ങൾക്കുള്ള പ്രതിവിധിയാണെന്ന വാദത്തെ സാധൂകരിക്കാൻ വേണ്ടിയായിരുന്നു. 2019ൽ നടന്ന ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് ചർച്ച ചെയ്തതാകട്ടെ, പുരാണത്തിലെ ഗാന്ധാരി എങ്ങനെയാണ് കൗരവരെന്ന് അറിയപ്പെടുന്ന നൂറുമക്കളെ പ്രസവിച്ചത് എന്നതായിരുന്നു. ഇത് ശാസ്ത്രത്തിന്റെ വളരെ ആധുനികമായ കണ്ടുപിടിത്തമായ Stem Cell Technology പൗരാണിക കാലത്ത് നിലനിന്നിരുന്നു എന്നതിന്റെ തെളിവാണോ എന്നതായിരുന്നുവത്രെ ചർച്ചയുടെ ഇതിവൃത്തം!

ആദ്യമായി പറന്നത് 'പുഷ്പകവിമാന'മാണെന്നും അത് പറത്തിയത് രാവണനാണെന്നും രാവണന് 24 തരം വിമാനങ്ങൾ കൈവശമുണ്ടായിരുന്നുവെന്നും കൗരവർ ടെസ്റ്റ് ട്യൂബ് ബേബികളാണെന്നും ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് ചർച്ച ചെയ്യുന്ന ഈ ചുറ്റുപാടിലാണ് സ്പീക്കർ സംസാരിക്കുന്നതും വിവാദങ്ങൾ ആരംഭിക്കുന്നതും. അഥവാ, വിവാദത്തിനാസ്പദമായ സംസാരം ശാസ്ത്രത്തെക്കുറിച്ചോ വിശ്വാസത്തെക്കുറിച്ചോ മിത്തിനെക്കുറിച്ചോ ആയിരുന്നില്ല, മറിച്ച് സംഘപരിവാറിന്റെ ഈ പ്രൊജക്റ്റിനെ പറ്റിയായിരുന്നു എന്ന് ചുരുക്കം.



**2017ൽ കേന്ദ്ര ആരോഗ്യമന്ത്രിയായിരുന്ന ഡോ. ഹർഷ് വർധൻ രാജ്യത്തെ പരമോന്നത സ്ഥാപനങ്ങളായ ഐ.ഐ.ടികൾക്ക് ഗവേഷണം നടത്താൻ ധനസഹായം നൽകിയത് ഗോമൂത്രവും ചാണകവും ഉൾപ്പെടുന്ന 'പഞ്ചഗവ്യ' എന്ന പദാർഥം വിവിധ രോഗങ്ങൾക്കുള്ള പ്രതിവിധിയാണെന്ന വാദത്തെ സാധൂകരിക്കാൻ വേണ്ടിയായിരുന്നു. 2019ൽ നടന്ന ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് ചർച്ച ചെയ്തതാകട്ടെ, പുരാണത്തിലെ ഗാന്ധാരി എങ്ങനെയാണ് കൗരവരെന്ന് അറിയപ്പെടുന്ന നൂറുമക്കളെ പ്രസവിച്ചത് എന്നതായിരുന്നു. ഇത് ശാസ്ത്രത്തിന്റെ വളരെ ആധുനികമായ കണ്ടുപിടിത്തമായ** Stem Cell Technology **പൗരാണിക കാലത്ത് നിലനിന്നിരുന്നു എന്നതിന്റെ തെളിവാണോ എന്നതായിരുന്നുവത്രെ ചർച്ചയുടെ ഇതിവൃത്തം!**

**ശാസ്ത്രം, വിശ്വാസം, മിത്ത്**

മിത്ത് (Myth) എന്ന പദത്തിന് 'a traditional or legendary story, usually concerning osme being or hero or event, with or without a determinable basis of fact or a natural explanation' എന്നാണ് അർഥം കൊടുക്കപ്പെട്ടതായി കാണുന്നത്. അഥവാ സ്വാഭാവികമായ ഭൗതിക വിശദീകരണം/പദാർഥബന്ധിതമായ വിശദീകരണം സാധ്യമല്ലാത്തത് എന്ന് വായിച്ചെടുക്കാം. ബഹു. കേരള നിയമസഭാ സ്പീക്കർ എ എൻ. ഷംസീർ ഗണപതിയെ മിത്ത് എന്ന് വിശദീകരിച്ചുവെന്നത് പക്ഷേ, വായിക്കപ്പെട്ടത് മറ്റൊരു അർഥത്തിലാണ്. ഗണപതിയെ 'കെട്ടുകഥ'യായി എ.എൻ ഷംസീർ അവതരിപ്പിച്ചു എന്ന് ആവർത്തിക്കുന്നതിലുണ്ട് മർമം.

മുകളിൽ സൂചിപ്പിച്ചതുപോലെ ശാസ്ത്രവിഷയങ്ങളിലേക്ക് കൈകടത്തുന്ന ഹിന്ദുത്വ പ്രൊജക്റ്റിനെ എതിർക്കണം എന്നാണ് സ്പീക്കർ പറഞ്ഞത്. അതാകട്ടെ, ശാസ്ത്രവിഷയങ്ങൾ സംസാരിക്കുന്ന അന്തരീക്ഷത്തിലും. യഥാർഥത്തിൽ അദ്ദേഹത്തിന്റെ ചോദ്യം നമ്മുടെ എല്ലാവരുടെയും ചോദ്യം തന്നെയാണ്; ശാസ്ത്രപഠനത്തിന്റെ ഭാഗമായി പൗരാണിക സങ്കൽപങ്ങൾ കടന്നുവരേണ്ടതുണ്ടോ? അഥവാ ആദ്യം വിമാനം പറത്തിയത് രാവണനും ആദ്യത്തെ പ്ലാസ്റ്റിക്ക് സർജറി നടത്തിയത് ഗണപതിക്കുമാണ് എന്ന് സയൻസ് പുസ്തകത്തിൽ കുട്ടികളെ പഠിപ്പിക്കേണമോ? വേണ്ട എന്നതാണ്

ലളിതമായ ഉത്തരം.

കാരണം, മതദർശനങ്ങളും അവ മുന്നോട്ട് വയ്ക്കുന്ന ആശയങ്ങളും അത്ഭുതങ്ങളും ശാസ്ത്രമുപയോഗിച്ചുകൊണ്ട് തെളിയിക്കാൻ ശ്രമിക്കുന്നത് അബദ്ധമാണ്. എല്ലാം ശാസ്ത്രമുപയോഗിച്ച് തെളിയിക്കപ്പെട്ടാലേ സ്വീകരിക്കാൻ നിർവാഹമുള്ളു എന്ന 'സയന്റിസമാ'ണ് (ശാസ്ത്രമാത്രവാദം) ഇവിടെ പ്രവർത്തിക്കുന്നത്. തെളിവിന്റെ അളവുകോൽ ശാസ്ത്രം മാത്രമാണോ? ഒരിക്കലുമല്ല. Science is the only way to aquire knowledge (വിജ്ഞാനസമ്പാദനത്തിനുള്ള ഒരേയൊരു മാർഗം ശാസ്ത്രം മാത്രമാണ്) എന്നൊരാൾ പറഞ്ഞുവെന്നിരിക്കട്ടെ, ഇദ്ദേഹം പറഞ്ഞ ഈ കാര്യം ശരിയാണെന്ന് ആര് തെളിയിക്കും? ശാസ്ത്രത്തിന് ഇപ്പറഞ്ഞ വാചകം ശരിയാണെന്ന് തെളിയിക്കാൻ സാധ്യമല്ല. തങ്ങൾ മുന്നോട്ട് വയ്ക്കുന്ന അവകാശവാദം പോലും ശാസ്ത്രമുപയോഗിച്ച് തെളിയിക്കാൻ ശാസ്ത്രമാത്രവാദം പറയുന്നവർക്ക് സാധ്യമല്ല എന്ന് ചുരുക്കം. രണ്ടാം ലോകമഹായുദ്ധം നടന്നു എന്ന് നേരിട്ട് തെളിയിക്കാൻ ശാസ്ത്രത്തിന് സാധ്യമാണോ? അല്ല എന്നതാണ് ഉത്തരം. കാരണം മഹായുദ്ധത്തെ നാമറിഞ്ഞത് പുസ്തകങ്ങളിൽ നിന്നോ സംസാരങ്ങളിൽനിന്നോ ആണ്.


'ശാസ്ത്രമല്ല, വിശ്വാസമാണ് ഞങ്ങൾക്ക് വലുത്' എന്ന് പറയുന്ന എൻ.എസ്.എസ്. ജനറൽ സെക്രട്ടറിക്കും 'വിശ്വാസത്തിനും മുകളിലാടോ ശാസ്ത്രം' എന്നെഴുതുന്ന രവിചന്ദ്രാതികൾക്കും ശാസ്ത്രവും വിശ്വാസവും മനസ്സിലായിട്ടില്ല എന്നതാണ് വാസ്തവം. ശാസ്ത്രവും വിശ്വാസവും എതിർവഴികളിൽ സഞ്ചരിക്കുന്നവയാണ് എന്ന തെറ്റായ വിഷമവൃത്തം ഫ്രെയിം ചെയ്യുന്നു എന്നതാണ് ഇവിടെയുള്ള പ്രശ്നം. ശാസ്ത്രം പരമസത്യമല്ല, മാറാൻ ശേഷിയുള്ളതും കൂടുതൽ ശരിയായതിലേക്ക് സഞ്ചരിക്കാൻ

**എല്ലാം ശാസ്ത്രമുപയോഗിച്ച് തെളിയിക്കപ്പെട്ടാലേ സ്വീകരിക്കാൻ നിർവാഹമുള്ളു എന്ന 'സയന്റിസമാ'ണ് (ശാസ്ത്രമാത്രവാദം) ഇവിടെ പ്രവർത്തിക്കുന്നത്. തെളിവിന്റെ അളവുകോൽ ശാസ്ത്രം മാത്രമാണോ? ഒരിക്കലുമല്ല.** Science is the only way to aquire knowledge **(വിജ്ഞാനസമ്പാദനത്തിനുള്ള ഒരേയൊരു മാർഗം ശാസ്ത്രം മാത്രമാണ്) എന്നൊരാൾ പറഞ്ഞുവെന്നിരിക്കട്ടെ, ഇദ്ദേഹം പറഞ്ഞ ഈ കാര്യം ശരിയാണെന്ന് ആര് തെളിയിക്കും? ശാസ്ത്രത്തിന് ഇപ്പറഞ്ഞ വാചകം ശരിയാണെന്ന് തെളിയിക്കാൻ സാധ്യമല്ല. തങ്ങൾ മുന്നോട്ട് വയ്ക്കുന്ന അവകാശവാദം പോലും ശാസ്ത്രമുപയോഗിച്ച് തെളിയിക്കാൻ ശാസ്ത്രമാത്രവാദം പറയുന്നവർക്ക് സാധ്യമല്ല എന്ന് ചുരുക്കം.**

വെമ്പൽ കൊള്ളുന്നതുമാണ്. ഇന്ന് വിജ്ഞാനസമ്പാദനത്തിന് നമ്മുടെ മുന്നിലുള്ള ഏറ്റവും ശേഷിയുള്ള ആയുധമെന്ന് വിശേഷിപ്പിക്കപ്പെടാൻ ശാസ്ത്രത്തിന് അർഹതയുണ്ട്.

സ്ഥൂലപ്രപഞ്ചത്തെക്കുറിച്ചും സൂക്ഷ്മപ്രപഞ്ചത്തെ കുറിച്ചും പൂർണമായ അറിവ് മനുഷ്യന് ലഭ്യമല്ല. ആയതിനാൽ ശാസ്ത്രഗവേഷണങ്ങളിലൂടെ അവൻ ആർജിച്ചെടുക്കുന്ന അറിവ് തെറ്റായിരിക്കാം. എന്നാൽ ആ തെറ്റായ തിയറിയിൽ കടിച്ചുതൂങ്ങാതെ കൂടുതൽ ശരിയായ അറിവ് ലഭിക്കുമ്പോൾ ആ വഴിയെ സഞ്ചരിക്കുക എന്നതാണ് ശാസ്ത്രം ചെയ്യുന്നത്. ഒരു വിജ്ഞാനം പോലും പറയപ്പെടുന്നത് Justified True Belief ആണെന്നത് കൂട്ടിവായിക്കണം.

വിശ്വാസ സംഹിതയാകട്ടെ, പൂർണമായ അറിവുള്ള അസ്തിത്വത്തിൽനിന്നുള്ളതാണ്; ദൈവികമാണ്. ദൈവവിശ്വാസത്തിന്റെ പരമപ്രധാനമായ ഘടകം താൻ ആരാധിക്കുന്നവന്റെ നാമഗുണവിശേഷണങ്ങളെ പഠിക്കുക എന്നതാണ്. ഇവിടെയാണ് പലർക്കും അബദ്ധം പിണയുന്നത്. ഉദാഹരണത്തിന് പരിശുദ്ധ പ്രവാചകൻ (സ്വ) ആകാശാരോഹണം നടത്തിയെന്ന് പറയുന്നത് മതമാണ്. ആകാശാരോഹണം നടത്തിയെങ്കിൽ ഭൂമിയുടെ പലായാന പ്രവേഗത്തെ മറികടന്നിരിക്കണം എന്നത് ശാസ്ത്രമാണ്. പലായന പ്രവേഗം അഥവാ Escape velocity മറികടന്നാൽ മാത്രമെ ഏതൊരു വസ്തു



വിനും ഭൂമിയിൽനിന്നും പുറത്ത് കടക്കാൻ സാധിക്കൂ. ഇനി ഭൂമിയിൽനിന്ന് പുറത്ത് കടന്നാൽത്തന്നെ ശ്വസനമെന്നത് വലിയൊരു പ്രശ്നമാണ്. ശ്വസിക്കാതെ ഒരാൾക്ക് ജീവിക്കാൻ സാധ്യമല്ലല്ലോ. ഇവിടെയാണ് ദൈവത്തെക്കുറിച്ചുള്ള, അവന്റെ നാമങ്ങളെ കുറിച്ചുള്ള ബോധ്യത്തിന്റെ പ്രസക്തി. അല്ലാഹുവിന്റെ നാമങ്ങളിൽ പെട്ടതാണ് 'അൽഖാദിർ' (The one with complete power). എല്ലാറ്റിനും കഴിവുള്ള പടച്ചവൻ കൽപിച്ചാൽ പിന്നെ പ്രവാചകൻ(സ്വ) സഞ്ചരിച്ച വാഹനം ഭൂമിയുടെ പലായന പ്രവേഗം കൈവരിച്ചോ എന്ന ചർച്ച പോലും പരിഹാസ്യമായി മാറുകയാണ്.

അഥവാ, ഈ പ്രപഞ്ചത്തെയും ഭൂമിയെയും അതിന്റെ പലായന പ്രവേഗത്തെയും സംവിധാനിച്ച സ്രഷ്ടാവിനെയാണ് മുസ്‌ലിംകൾ ആരാധിക്കുന്നത്. ഭൂമിയുടെ പലായന പ്രവേഗവും ഭൂമിക്കു പുറത്തുള്ള ശ്വസനസംവിധാനവും സെറ്റ് ചെയ്ത പടച്ചവന് ആ സെറ്റിംഗ്സിൽ മാറ്റം വരുത്തുക എന്നത് വിഷയമേയല്ല. പ്രപഞ്ചത്തിന്റെ ക്രമം നിശ്ചയിച്ച പടച്ചവന് ആ പശ്ചാത്തലക്രമത്തിൽ മാറ്റം വരുത്താൻ സാധ്യമാണോ എന്ന ചിന്തയാണ് ഏറ്റവും വലിയ ബുദ്ധിശൂന്യത.

**അത്ഭുതങ്ങളും വിശ്വാസവും**

ഭൗതിക, സ്വാഭാവിക ക്രമത്തിൽനിന്നുള്ള മാറ്റമാണ് Miracles (അത്ഭുതങ്ങൾ). ഇത്തരം അത്ഭുതങ്ങളെ ശാസ്ത്രമുപയോഗിച്ച് വിശദീകരിക്കാൻ ശ്രമിക്കേണ്ടതില്ല. കാരണം അവിടെ നമ്മുടെ ഉപബോധ മനസ്സിൽ പ്രവർത്തിക്കുന്നത് ശാസ്ത്രമാത്ര സമീപനമാണ്. ശാസ്ത്രത്തിന്റെ പഠനമേഖല പദാർഥബന്ധിതമാണ്. പദാർഥപ്രപഞ്ചത്തിനപ്പുറമുള്ള ഒന്നിനെക്കുറിച്ചും ഉരിയാടാൻ ശാസ്ത്രത്തിന് അർഹതയില്ല. കടലിലോടുന്ന കപ്പലിനോട് പറക്കാൻ പറയുന്ന ബുദ്ധിശൂന്യരായ ചില കേവല യുക്തിവാദികൾക്ക് മാത്രമാണ് ഈ വിഷയത്തിൽ സംശയങ്ങൾ ബാക്കിയുള്ളത്. കാര്യകാരണബന്ധത്തിനതീതമായ സ്രോതസ്സിൽ നിന്നുള്ള ഇത്തരം അത്ഭുതങ്ങൾ വിശദീകരിക്കാൻ ശാസ്ത്രത്തിന് സാധ്യമല്ല എന്നതാണ് അവിടെയുള്ള യുക്തി. അപ്പോൾ, ശാസ്ത്രം പഠിപ്പിക്കേണ്ട പുസ്തകങ്ങളിൽ ഇത്തരം എലമെന്റുകൾ ഉൾപ്പെടുത്തുന്നവർ പരിഹസിക്കുന്നത് മതത്തെയാണ്.

ഇവിടെ ഉദാഹരിച്ച ആരോപണം തന്നെയെടുക്കുക. ആകാശാരോഹണത്തിന് ശേഷം മടങ്ങിയെത്തിയ മുഹമ്മദ് നബി (സ്വ) വിഷയം ജനങ്ങളുമായി പങ്കുവയ്ക്കുന്ന സന്ദർഭം. ഈ സാഹചര്യത്തിൽ പ്രവാചകനിൽ ഉറച്ച് വിശ്വസിക്കുന്ന സന്തതസഹചാരിയായ അബൂബക്റി(റ)നോട് അന്നത്തെ അവിശ്വാസികൾ ഇതേപറ്റിയുള്ള അഭിപ്രായം ആരായുന്നുണ്ട്.

'അല്ലയോ അബൂബക്ർ! താങ്കളുടെ സുഹൃത്ത് പറഞ്ഞത് കേട്ടോ? അദ്ദേഹം ഇന്നലെ രാത്രി ബയ്തുൽ മുഖദ്ദസിൽ പോയി പ്രാർഥിച്ചു തിരിച്ചുവന്നത്രെ!'

'നിങ്ങൾ അദ്ദേഹം അങ്ങനെ പറഞ്ഞതായി കേട്ടോ?'

'അതെ, ഞങ്ങളത് നേരിട്ട് കേട്ടു.'

'അല്ലാഹുവാണെ, അദ്ദേഹം അങ്ങനെ പറഞ്ഞെങ്കിൽ അത് സത്യമായിരിക്കും. അതിൽ അത്ഭുതപ്പെടാൻ യാതൊന്നുമില്ല!'



**ഭൗതിക, സ്വാഭാവിക ക്രമത്തിൽനിന്നുള്ള മാറ്റമാണ് Miracles (അത്ഭുതങ്ങൾ). ഇത്തരം അത്ഭുതങ്ങളെ ശാസ്ത്രമുപയോഗിച്ച് വിശദീകരിക്കാൻ ശ്രമിക്കേണ്ടതില്ല. കാരണം അവിടെ നമ്മുടെ ഉപബോധ മനസ്സിൽ പ്രവർത്തിക്കുന്നത് ശാസ്ത്രമാത്ര സമീപനമാണ്. ശാസ്ത്രത്തിന്റെ പഠനമേഖല പദാർഥബന്ധിതമാണ്. പദാർഥപ്രപഞ്ചത്തിനപ്പുറമുള്ള ഒന്നിനെക്കുറിച്ചും ഉരിയാടാൻ ശാസ്ത്രത്തിന് അർഹതയില്ല. കടലിലോടുന്ന കപ്പലിനോട് പറക്കാൻ പറയുന്ന ബുദ്ധിശൂന്യരായ ചില കേവലയുക്തിവാദികൾക്ക് മാത്രമാണ് ഈ വിഷയത്തിൽ സംശയങ്ങൾ ബാക്കിയുള്ളത്. കാര്യകാരണ ബന്ധത്തിനതീതമായ സ്രോതസ്സിൽനിന്നുള്ള ഇത്തരം അത്ഭുതങ്ങൾ വിശദീകരിക്കാൻ ശാസ്ത്രത്തിന് സാധ്യമല്ല എന്നതാണ് അവിടെയുള്ള യുക്തി.**

> **മുഹമ്മദ് നബി(സ)യിലൂടെ വെളിവായ അത്ഭുതങ്ങളും ക്വുര്‍ആനില്‍ പരാമര്‍ശമുള്ള, യേശുക്രിസ്തു അഥവാ ഈസാ പ്രവാചകന്‍(അ) അന്ധന് കാഴ്ച നല്‍കിയതും കുഷ്ഠരോഗം ഇല്ലാതാക്കിയതുമടക്കമുള്ള അത്ഭുതങ്ങളും മൂസാ നബി(അ) (മോശെ പ്രവാചകന്‍) കടല്‍ പിളര്‍ത്തിയതും ഇബ്‌റാഹീം നബി(അ) (അബ്രഹാം പ്രവാചകന്‍) തീയില്‍നിന്നും രക്ഷപ്പെട്ടതുമടക്കം ഒരു മുസ്‌ലിം വിശ്വസിക്കുന്നത് ഇസ്‌ലാം സത്യമാണ് എന്നത് അംഗീകരിക്കുന്നതുകൊണ്ടാണ്**

ഈ സംഭവത്തിന് ശേഷമാണ് അബൂബക്റി(റ)ന് 'സ്വിദ്ദീക്' എന്ന വിശേഷണം പ്രവാചകന്‍ (സ്വ) ചാര്‍ത്തിക്കൊടുക്കുന്നത്. ഒരു മുസ്‌ലിം ഈ അത്ഭുതങ്ങളില്‍ വിശ്വസിക്കുന്നത് ഇസ്‌ലാം സത്യമാണ് എന്ന് അംഗീകരിക്കുന്നതുകൊണ്ടാണ്. 'ഞങ്ങള്‍ കേട്ടു, ഞങ്ങള്‍ അനുസരിച്ചു' ഇതാണ് മതവിഷയങ്ങളില്‍ അവരുടെ നിലപാട്.

**മറ്റു മതങ്ങളിലെ അത്ഭുതങ്ങള്‍**

മുഹമ്മദ് നബി(സ്വ)ക്ക് അത്ഭുതം പ്രവര്‍ത്തിക്കാനുള്ള സിദ്ധിയില്ല എന്ന് പറയുന്നത് അദ്ദേഹംതന്നെയാണ്. അവിടുന്ന് ഒരത്ഭുതം പ്രവര്‍ത്തിക്കുന്നുവെങ്കില്‍ അത് അല്ലാഹു കൊടുത്ത കഴിവുകൊണ്ട് മാത്രമാണ്. ചന്ദ്രനെ പിളര്‍ത്തിയത് പോലെയുള്ള അത്ഭുതങ്ങള്‍ (മുഅ്ജിസത്തുകള്‍) അന്നത്തെ ജനതയുടെ മുന്നില്‍ കാണിക്കുന്നത് നബിയുടെ പ്രവാചകത്വത്തിന്റെ തെളിവായിക്കൊണ്ടാണ്. തങ്ങളുടെ കൂടെ ഇത്രയും കാലം തങ്ങളിലൊരുവനായി ജീവിച്ച മുഹമ്മദ് ദിവ്യബോധനം ലഭിക്കുന്ന പ്രവാചകനാണ്എന്നത് അംഗീകരിക്കാന്‍ മനസ്സ് പാകപ്പെട്ടിട്ടില്ലാത്തവര്‍ക്ക് മുന്നിലാണ് അവരെ സത്യപാത കാണിക്കാന്‍ അല്ലാഹു പ്രവാചകനിലൂടെ ഇത്തരം അത്ഭുതങ്ങള്‍ കാണിച്ചത്. ക്വുറൈശികളായ ഒരുകൂട്ടമാളുകള്‍ പരിശുദ്ധ പ്രവാചകന്റെ അടുക്കല്‍ വന്നുകൊണ്ട് തങ്ങള്‍ ഇസ്‌ലാമില്‍ വിശ്വസിക്കണമെങ്കില്‍ തങ്ങള്‍ക്കാര്‍ക്കും സാധ്യമല്ലാത്ത ഒന്ന് മുഹമ്മദ് ചെയ്തുകാണിക്കണം എന്ന് ആവശ്യപ്പെടുന്നുണ്ട്. ചന്ദ്രനെ പിളര്‍ത്തിക്കാണിക്കുന്നത് അവിടെയാണ്. എന്നാല്‍ ഇതില്‍ അത്ഭുതസ്തബ്ധരായെങ്കിലും അവരുടെയുള്ളില്‍ പ്രവര്‍ത്തിച്ച ഈഗോ കാരണം അവര്‍ അന്ന് വിശ്വസിക്കാന്‍ തയ്യാറായില്ല എന്ന് കാണാം. മുഹമ്മദ് തങ്ങളുടെ കണ്ണില്‍ മായാജാലം പ്രവര്‍ത്തിച്ചതാണെന്നാരോപിച്ചു കൊണ്ട് അവിശ്വാസത്തില്‍ അവര്‍ തുടര്‍ന്നു. എന്നിട്ടും ഈ സംഭവത്തില്‍ അതിശയംപൂണ്ട അവര്‍ മക്കയുടെ പരിസരപ്രദേശങ്ങളിലേക്ക് കുതിരകളില്‍ ആളുകളെ അയക്കുന്നുണ്ട്; മക്കയുടെ പുറത്ത് വസിക്കുന്നവര്‍ ഇങ്ങനെയൊന്നു കണ്ടോ എന്നന്വേഷിച്ചുകൊണ്ട്!

ഒന്നാലോചിച്ചു നോക്കൂ, തങ്ങളുടെ കണ്‍മുന്നില്‍ പ്രവാചകന്‍ (സ്വ) ദൈവിക ദൃഷ്ടാന്തം കാണിച്ചിട്ട് പോലും അവര്‍ വിശ്വസിച്ചില്ല. ആകാശാരോഹണം നടത്തി തിരിച്ചെത്തിയ പ്രവാചകന്‍ മക്കയില്‍ നിന്ന് പോയ കച്ചവട സംഘത്തെക്കുറിച്ച് മക്കാനിവാസികള്‍ക്ക് സൂചന നല്‍കുന്നുണ്ട്. പ്രവാചകന്‍ സ്വപ്നം കണ്ടതോ കള്ളം പറഞ്ഞതോ ആയിരുന്നെങ്കില്‍ അത് സാധ്യമല്ലല്ലോ. എന്നാല്‍ ഇതൊന്നും നേരില്‍ കാണാന്‍ തെരഞ്ഞെടുക്കപ്പെടാത്ത, പ്രവാചക വിയോഗത്തിനു ശേഷം വന്ന വിശ്വാസികളെ സംബന്ധിച്ച് അവരുടെ വിശ്വാസത്തിന്റെ ഉറപ്പ് പരിശോധിക്കുക എന്നതുകൂടിയാണ് ഈ അത്ഭുതങ്ങളുടെ കര്‍ത്തവ്യം. അവയില്‍ വിശ്വസിക്കുക എന്നത് പില്‍ക്കാല വിശ്വാസികളുടെ വിശ്വാസത്തിന്റെ അളവുകോലായി മാറുന്നു, അല്ലാഹു എത്ര പരിശുദ്ധന്‍!

മുഹമ്മദ് നബി(സ)യിലൂടെ വെളിവായ അത്ഭുതങ്ങളും ക്വുര്‍ആനില്‍ പരാമര്‍ശമുള്ള, യേശുക്രിസ്തു അഥവാ ഈസാ പ്രവാചകന്‍(അ)



അന്ധന് കാഴ്ച നൽകിയതും കുഷ്ഠരോഗം ഇല്ലാതാക്കിയതുമടക്കമുള്ള അത്ഭുതങ്ങളും മൂസാ നബി(അ) (മോശെ പ്രവാചകൻ) കടൽ പിളർത്തിയതും ഇബ്റാഹീം നബി(അ) (അബ്രഹാം പ്രവാചകൻ) തീയിൽനിന്നും രക്ഷപ്പെട്ടതുമടക്കം ഒരു മുസ്‌ലിം വിശ്വസിക്കുന്നത് ഇസ്‌ലാം സത്യമാണ് എന്നത് അംഗീകരിക്കുന്നതുകൊണ്ടാണ്.

ഇസ്‌ലാമിക പ്രമാണങ്ങളിലെ ഇത്തരം വസ്തുതകൾ വിശ്വസിക്കാൻ അവരെ പ്രേരിപ്പിക്കുന്ന ഘടകമാണ് Testimonial honesty യെ അഥവാ സാക്ഷ്യത്തിന്റെ സത്യസന്ധത. പ്രവാചകവാക്യങ്ങൾ നമ്മളിലേക്ക് എത്തുന്നത് വരെയുള്ള കണ്ണികൾ സത്യസന്ധരാണ് എന്നത് അതിൽ പ്രധാനമാണ്. ഈ സത്യസന്ധമായ സാക്ഷ്യം നൽകാൻ സാധ്യമല്ലാത്ത, മനുഷ്യരാൽ വെള്ളം ചേർക്കപ്പെട്ടതോ മനുഷ്യനിർമിതമോ ആയ മറ്റു ദർശനങ്ങളിലും അവ മുന്നോട്ടുവയ്ക്കുന്ന അത്ഭുതങ്ങളിലും നാം വിശ്വസിക്കുന്നില്ല എന്നത് സ്വാഭാവികം. എല്ലാവർക്കും അവനവന്റെ വിശ്വാസം മുറുകെ പിടിച്ചു ജീവിക്കാൻ അവകാശമുണ്ട്.

**‘അല്ലാഹു മിത്താണോ?’**

വൈജ്ഞാനിക സംവാദങ്ങൾ ഇത്തരത്തിൽ ഒരുവശത്ത് നടക്കുമ്പോഴും ഭൂരിപക്ഷത്തിനും താൽപര്യം തോന്നിയത് വിഷയത്തിലെ രാഷ്ട്രീയ വിവാദങ്ങളോടാണ് എന്നതാണ് സങ്കടകരം. ‘ഗണപതി മിത്താണെങ്കിൽ അല്ലാഹുവും മിത്തല്ലേ?’ എന്ന ഉന്നംവച്ചുള്ള മാധ്യമപ്രവർത്തകന്റെ ചോദ്യത്തിലുണ്ട് ഈ ആവേശം. ശാസ്ത്രത്തെ അപേക്ഷിച്ച് മതം മുന്നോട്ടുവയ്ക്കുന്ന ദർശനങ്ങളൊന്നും അതിന്റെ പരിധിയിലുള്ളതല്ലല്ലോ. ആയതിനാൽ ശാസ്ത്രമാത്രവിശ്വാസിക്ക് ഇതൊക്കെ മിത്താണ്, കൂടാതെ ഗാന്ധിജിയും ലോകമഹായുദ്ധവും ചരിത്രപുസ്തകങ്ങളുമൊക്കെ അവന് മിത്താണ്. എന്നാൽ കാലണയുടെ യുക്തിയുള്ളവൻ ഇങ്ങനെ വിശ്വസിക്കില്ല എന്നത് വേറെ കാര്യം.

ഭൂമധ്യാകർഷണ ബലം 9.8 $m/s^2$ ആണെന്ന, ശാസ്ത്രം പോലും ഒരു ശാസ്ത്രമാത്രവിശ്വാസിക്ക് വിശ്വസിക്കാൻ സാധ്യമല്ല. അവൻ അത് സ്വയം പരിശോധിച്ചാൽ മാത്രമെ ശാസ്ത്രീയമായി അതിനെ തെളിവായി അവന് സ്വീകരിക്കാൻ സാധ്യമാകൂ. പുസ്തകത്തിൽ പഠിക്കുന്നത് ശാസ്ത്രീയമായ തെളിവായി സ്വീകരിക്കാൻ സാധ്യമല്ല.



**ഇസ്‌ലാമിലെ വിശ്വാസസംഹിതയെ മിത്തെന്ന് വിശേഷിപ്പിക്കുന്നതിനോട് മുസ്‌ലിംകൾ പ്രതികരിക്കേണ്ടത് വൈകാരികമായിട്ടല്ല, ആശയ സംവാദത്തിലൂടെയാണ്. സത്യസന്ധമായ സാക്ഷ്യപരമ്പര നൽകാൻ സാധിക്കുമ്പോഴും ആ എലമെന്റുകൾ പാഠപുസ്തകങ്ങളിൽ പഠിപ്പിക്കണം എന്ന മൂഢവാശി മുസ്‌ലിംകൾക്കില്ല. സ്വന്തം മതത്തിൽ പൂർണവിശ്വാസമുള്ള മുസ്‌ലിമിന് പാടിപ്പഠിപ്പിച്ചില്ലെങ്കിൽ വിശ്വാസം ചിതലരിക്കുമെന്ന ഭയമില്ല. ആ പേടിയുള്ളത് ചില സർവീസ് സൊസൈറ്റികളുടെ ഫ്യൂഡൽ തലകൾക്കാണ്. അപരനെ സൃഷ്ടിച്ച് വിശ്വാസം സമീകരിച്ച് ഒളിച്ചോടാൻ മാത്രം ഭീരുത്വം നിറഞ്ഞവരാണ് വർഗീയതയും പരിഹാസവും നിറച്ച വെടി പൊട്ടിക്കാൻ ശ്രമിക്കുന്നത്. യുക്തി ഉപയോഗിച്ചാൽ കേരളം ഇതിനെയും മറികടക്കും.**

ഒരു അമുസ്‌ലിമിനെ അപേക്ഷിച്ച് ഇസ്‌ലാം പറയുന്ന അത്ഭുതങ്ങൾ മിത്താണ് എന്ന് പറയുന്നതിൽ യാതൊരു യുക്തിരാഹിത്യവുമില്ല. കാരണം ഇസ്‌ലാം സത്യമാണ് എന്ന മുൻവ്യവസ്ഥയെ അവൻ അംഗീകരിക്കുന്നില്ല. പ്രപഞ്ചം ഇസ്‌ലാമിലേക്ക് വഴി കാണിക്കുമ്പോഴും ആ മുൻവ്യവസ്ഥയെ അവൻ സ്വീകരിക്കുന്നില്ല എന്നതാണ് വാസ്തവത്തിൽ യുക്തിരഹിതം. വിശുദ്ധ ഖുർആനിലെ സൂറതുൽ ഫുർഖാനിലെ അഞ്ചാമത്തെ സൂക്തം കാണുക:

“ഇത് പൂർവികരുടെ കെട്ടുകഥകൾ (മിത്തുകൾ) മാത്രമാണ്, ഇവൻ അത് എഴുതിച്ചുവച്ചിരിക്കുന്നു, എന്നിട്ടത് രാവിലെയും വൈകുന്നേരവും അവന്ന് വായിച്ചുകേൾപ്പിക്കപ്പെടുന്നു എന്നും അവർ പറഞ്ഞു.”

ഇസ്‌ലാമിലെ വിശ്വാസസംഹിതയെ മിത്തെന്ന് വിശേഷിപ്പിക്കുന്നതിനോട് മുസ്‌ലിംകൾ പ്രതികരിക്കേണ്ടത് വൈകാരികമായിട്ടല്ല, ആശയ സംവാദത്തിലൂടെയാണ്. സത്യസന്ധമായ സാക്ഷ്യപരമ്പര നൽകാൻ സാധിക്കുമ്പോഴും ആ എലമെന്റുകൾ പാഠപുസ്തകങ്ങളിൽ പഠിപ്പിക്കണം എന്ന മൂഢവാശി മുസ്‌ലിംകൾക്കില്ല. സ്വന്തം മതത്തിൽ പൂർണവിശ്വാസമുള്ള മുസ്‌ലിമിന് പാടിപ്പഠിപ്പിച്ചില്ലെങ്കിൽ വിശ്വാസം ചിതലരിക്കുമെന്ന ഭയമില്ല. ആ പേടിയുള്ളത് ചില സർവീസ് സൊസൈറ്റികളുടെ ഫ്യൂഡൽ തലകൾക്കാണ്. അപരനെ സൃഷ്ടിച്ച് വിശ്വാസം സമീകരിച്ച് ഒളിച്ചോടാൻ മാത്രം ഭീരുത്വം നിറഞ്ഞവരാണ് വർഗീയതയും പരിഹാസവും നിറച്ച വെടി പൊട്ടിക്കാൻ ശ്രമിക്കുന്നത്. യുക്തി ഉപയോഗിച്ചാൽ കേരളം ഇതിനെയും മറികടക്കും. ■




# ജീവിതലക്ഷ്യം

**മുബാറക് ബിൻ ഉമർ**
: 95391 14860

മനുഷ്യൻ ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും ലക്ഷ്യമുണ്ട്; അഥവാ ലക്ഷ്യമുണ്ടായിരിക്കണം. ലക്ഷ്യമില്ലാത്ത പ്രവർത്തനം നിരർഥകമാണ്. ഭൗതികജീവിതത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരാണ് മനുഷ്യർ. കച്ചവടം, കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആതുരസേവനം, കല, സാഹിത്യം, മീഡിയ... ഇങ്ങനെ ഒട്ടനവധി മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് താൽക്കാലിക ലക്ഷ്യങ്ങളും വിദൂര ലക്ഷ്യങ്ങളും ഉണ്ടാകും. ആ ലക്ഷ്യം മുൻനിറുത്തി കൃത്യമായ പ്ലാനും പദ്ധതികളുമായി ശ്രമങ്ങൾ നടത്തുമ്പോഴാണ് ലക്ഷ്യം നേടുക.

ലക്ഷ്യം എന്ന വാക്കുതന്നെ വളരെ അർഥവത്താണ്. ഏതൊരു പ്രവർത്തനത്തിന്റെയും ലക്ഷ്യം ആ പ്രവർത്തനത്തിനപ്പുറത്തുള്ളതായിരിക്കും, ആയിരിക്കണം. വീടുണ്ടാക്കുന്നത്, വീടുപണി കഴിഞ്ഞ് ആ വീട്ടിൽ താമസിക്കാനാണ്. യാത്ര ചെയ്യുന്നത് ഒരു സ്ഥലത്ത് എത്തിച്ചേരാനാണ്. ഭക്ഷണം കഴിക്കുന്നത് വിശപ്പകറ്റാനാണ്. ഇപ്പറഞ്ഞ ലക്ഷ്യങ്ങളൊക്കെ ആ പ്രവൃത്തിക്കപ്പുറത്തുള്ളതാണ് എന്ന് കാണാം. ആ ലക്ഷ്യം നേടാനാണ് പ്രവർത്തനം. അങ്ങനെ നോക്കുമ്പോൾ ഏതൊരു കാര്യവും എത്ര ചെറുതായാലും കൃത്യമായ ലക്ഷ്യമില്ലെങ്കിൽ നിരർഥകമായിരിക്കും. ബുദ്ധിശൂന്യമായ പ്രവൃത്തിയായിരിക്കും അത്.

വസ്തുത ഇതാണെങ്കിൽ അമൂല്യമായ മനുഷ്യജീവിതത്തിന്റെ ലക്ഷ്യം എന്താണ്? മനുഷ്യന്റെ ജീവിതം; എത്ര മഹത്തരമാണത്! ജീവന്റെ വില കണക്കാക്കാനൊക്കുമോ? ജീവൻ രക്ഷിക്കാൻ വിമാനത്തിലും ഹെലിക്കോപ്റ്ററിലും

**ഏതൊരു പ്രവർത്തനത്തിന്റെയും ലക്ഷ്യം ആ പ്രവർത്തനത്തിന പ്പുറത്തുള്ളതായിരിക്കും, ആയിരിക്കണം. വീടുണ്ടാക്കുന്നത്, വീടുപണി കഴിഞ്ഞ് ആ വീട്ടിൽ താമസിക്കാനാണ്. യാത്ര ചെയ്യുന്നത് ഒരു സ്ഥലത്ത് എത്തിച്ചേരാനാണ്. ഭക്ഷണം കഴിക്കുന്നത് വിശപ്പകറ്റാനാണ്. ഇപ്പറഞ്ഞ ലക്ഷ്യങ്ങളൊക്കെ ആ പ്രവൃത്തിക്കപ്പുറത്തുള്ളതാണ് എന്ന് കാണാം. ആ ലക്ഷ്യം നേടാനാണ് പ്രവർത്തനം. അങ്ങനെ നോക്കുമ്പോൾ ഏതൊരു കാര്യവും എത്ര ചെറുതായാലും കൃത്യമായ ലക്ഷ്യമില്ലെങ്കിൽ നിരർഥകമായിരിക്കും. ബുദ്ധിശൂന്യമായ പ്രവൃത്തിയായിരിക്കും അത്.**

മറ്റും ഹൃദയവും വൃക്കയുമായി കുതിക്കുന്നത് നാം എത്ര കണ്ടതാണ്! ഒരു വിരൽ മുറിച്ചെടുത്തോട്ടെ, വില തരാം എന്ന് പറഞ്ഞാൽ നിങ്ങൾ എത്ര വില പറയും? ലക്ഷങ്ങളോ കോടികളോ തന്നാൽ നിങ്ങളുടെ ഒരു കണ്ണ് നിങ്ങൾ കൊടുക്കുമോ? അങ്ങനെ ഒരുപാട് അവയവങ്ങളുള്ള മനുഷ്യശരീരത്തിന്റെ വില കണക്കാക്കാൻ കഴിയില്ല എന്നതാണ് യാഥാർഥ്യം. എന്നാൽ ജീവിതത്തിന്റെ വിലയോ? ഭൗതികമായ ഏതൊരു മാനദണ്ഡം വെച്ച് നോക്കിയാലും വിലമതിക്കാനാകാത്ത ഈ ജീവിതത്തിന്റെ ലക്ഷ്യം എന്തെന്ന് നിർണയിക്കാതിരിക്കുന്നത് തികഞ്ഞ മൂഢത്വമല്ലേ?

സാധാരണക്കാരനായ ഒരാളോട് എന്താണ് നിങ്ങളുടെ ജീവിത ലക്ഷ്യമെന്ന് ചോദിച്ചാൽ അയാൾ പറയുക ഏകദേശം ഇപ്രകാരമായിരിക്കും: 'മക്കൾക്ക് വിദ്യാഭ്യാസം നൽകണം, പെൺകുട്ടികളെ കല്യാണം ചെയ്തയക്കണം, ആൺമക്കൾക്ക് കഴിഞ്ഞുകൂടാനുള്ള എന്തെങ്കിലും ജോലിയോ ഏർപ്പാടുകളോ തരപ്പെടുത്തണം, അങ്ങനെ വലിയ അല്ലലും അലട്ടലുമില്ലാതെ കഴിഞ്ഞുപോകണം, അത്ര തന്നെ.'

ജീവിതത്തെ കുറെക്കൂടി ഗൗരവത്തോടെ കാണുന്നവർക്ക് തങ്ങൾ പ്രവർത്തിക്കുന്ന മേഖലയിൽ കാര്യമായെന്തെങ്കിലും ചെയ്യണമെന്നുണ്ടാകും. ചിലർക്ക് സമൂഹത്തിന് പ്രയോജനപ്രദമായ എന്തെങ്കിലും നല്ല കാര്യം ചെയ്യാൻ താല്പര്യമുണ്ടാകും. ശാസ്ത്ര, സാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്നവർ പുതുതായെന്തെങ്കിലും കണ്ടുപിടിക്കണമെന്ന് ഉദ്ദേശിക്കും. അതിനായി അധ്വാനിക്കും. കലാസാഹിത്യ കുതുകികൾ അറിയപ്പെടുന്ന എന്തെങ്കിലും സംഭാവനകളർപ്പിക്കണമെന്ന് ആഗ്രഹിക്കും.

തോമസ് ആൽവാ എഡിസൻ പല കണ്ടുപിടുത്തങ്ങളും നടത്തിയ ശാസ്ത്രജ്ഞനാണ്. വൈദ്യുത ബൾബ് കണ്ടുപിടിച്ചത് എഡിസൻ ആണ്. മനുഷ്യരാശിക്ക് മുഴുവൻ ഉപകാരപ്പെട്ട കണ്ടുപിടുത്തമായിരുന്നു അത് എന്ന് നിസ്സംശയം പറയാം. ബൾബ് കണ്ടുപിടിക്കലായിരുന്നോ അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യം? ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തരലായിരുന്നോ ഗാന്ധിജിയുടെ ജീവിത ലക്ഷ്യം?

ഇവിടെ പറഞ്ഞതെല്ലാം ജീവിതത്തിന്നകത്തുള്ള കാര്യങ്ങളാണ്. ചെറുതും വലുതുമായ കുറെ കാര്യങ്ങൾ എടുത്ത് പറഞ്ഞ് അവയെല്ലാം ജീവിതത്തിന്നകത്തുള്ള സംഗതികളാണന്നതിൽ തർക്കമുണ്ടാകുകയില്ല. പ്രവർത്തനത്തിനപ്പുറത്തുള്ളതായിരിക്കണം ലക്ഷ്യം എന്ന വസ്തുതവെച്ച് നോക്കുമ്പോൾ, ഇപ്പറഞ്ഞ ജീവിതത്തിനകത്തുള്ള ഒരു കാര്യത്തെയും ജീവിതലക്ഷ്യമാക്കാൻ കൊള്ളില്ല.

ജീവിതത്തിനപ്പുറത്തുള്ള കാര്യത്തെ മാത്രമെ ജീവിത ലക്ഷ്യമാക്കാൻ പറ്റുകയുള്ളൂ. മനുഷ്യനെ സൃഷ്ടിച്ച, ഭൂമിയെയും പ്രപഞ്ചത്തെയും സമസ്തജീവജാലങ്ങളെയും സൃഷ്ടിച്ച് പരിപാലിച്ച്, പൂർണമായും നിയന്ത്രിക്കുന്ന സ്രഷ്ടാവാണ് ജീവിതത്തിന്റെ ലക്ഷ്യം നിർണയിച്ച് അത് മനുഷ്യനെ പഠിപ്പിക്കാൻ പ്രവാചകന്മാരെ നിയോഗിച്ചത്. ഖുർആൻ അവതരിപ്പിച്ചത് അതിനാണ്. മരണശേഷം ശാശ്വതമായ ഒരു ജീവിതമുണ്ടെന്നും അതിലെ രക്ഷയാണ് ജീവിതത്തിന്റെ ലക്ഷ്യമെന്നും അവൻ മനുഷ്യരാശിയെ അറിയിക്കുന്നു.

മനുഷ്യജീവിതം ഈ ഭൗതികലോകം കൊണ്ടുതന്നെ അവസാനിക്കുകയാണെന്ന് സങ്കൽപിക്കുക. മൃഗങ്ങളിൽനിന്നും പറവകളിൽനിന്നും പ്രാണികളിൽനിന്നും എന്തൊരു വ്യത്യാസമാണ് പിന്നെ മനുഷ്യനുള്ളത്? ഏതാനും സമയം ജീവിക്കുന്ന ഒരു കൊതുക് അല്ലെങ്കിൽ ഈച്ച അഥവാ ഏതാനും വർഷങ്ങൾ ജീവിക്കുന്ന ഒരു മൃഗം, ഇവയൊക്കെ ഒടുവിൽ നശിച്ചൊടുങ്ങുന്നു. അതുപോലെയാണോ ഒരുപാട് കഴിവുകളും പ്രതിഭയുമുള്ള മനുഷ്യനും? തിന്നുന്നു, കുടിക്കുന്നു, ഉറങ്ങുന്നു, രമിക്കുന്നു, ഒടുവിൽ മരിച്ചു മണ്ണോട് ചേരുന്നു, എങ്കിൽ എത്ര നിരാശാജനകമാണ് മനുഷ്യജീവിതം!

എന്തിനാണ് നന്മ ചെയ്യുന്നത്? എന്തിനാണ് തിന്മ ചെയ്യാതിരിക്കുന്നത്? കളവ്, കൊല, പിടിച്ചുപറി, വ്യഭിചാരം...തുടങ്ങിയവ എന്തിനാണൊഴിവാക്കുന്നത്? അവയിലാണ് ആസ്വാദനവും സുഖവുമെങ്കിൽ അതൊക്കെ ചെയ്ത് ആനന്ദിച്ചുകൂടേ? ഇവിടത്തെ നിയമങ്ങളെയൊക്കെ മറികടക്കാൻ ഒരുപാട് മാർഗങ്ങളുണ്ട്. നന്മ ചെയ്യുന്നതുകൊണ്ട് മനസ്സിന് സുഖം കിട്ടുമെന്നാണ് പറയുന്നതെങ്കിൽ ആ സുഖം കൊണ്ട് എന്ത് നേട്ടമാണ് ആത്യന്തികമായി ഭൗതികലോകത്ത് കിട്ടുക?

അനന്തവിശാലമായ ഈ പ്രപഞ്ചം, കോടാനുകോടി ഗാലക്സികൾ, ദശലക്ഷക്കണക്കിന് ജീവികളുള്ള; എല്ലാവിധ സുഖസൗകര്യങ്ങളോടെയും ജീവിക്കാനനുയോജ്യമായ ഭൂമി, ഇവയെല്ലാം വെറുതെ സൃഷ്ടിച്ചതല്ല എന്ന് അവയെ സൃഷ്ടിച്ചവൻ പറയുന്നു. വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളുണ്ട് ഈ സൃഷ്ടിപ്പിനു പിന്നിൽ.

“ആകാശങ്ങളെയും ഭൂമിയെയും അവയ്ക്കിടയിലുള്ളതിനെയും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല, ശരിയായ ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണ് നാം അവയെ സൃഷ്ടിച്ചത്. തീർച്ചയായും ആ നിർണായക തീരുമാനത്തിന്റെ ദിവസമാകുന്നു അവർക്കെല്ലാമുള്ള നിശ്ചിത സമയം. അതെ, ഒരു ബന്ധു മറ്റൊരു ബന്ധുവിന് യാതൊരു പ്രയോജനവും ചെയ്യാത്ത, അവർക്ക് ഒരു സഹായവും ലഭിക്കാത്ത ഒരു ദിവസം. അല്ലാഹു ആരോട് കരുണകാണിച്ചുവോ അവർക്കൊഴികെ, നിശ്ചയമായും അവൻതന്നെയാകുന്നു പ്രതാപശാലിയും കരുണാവാരിധിയും” (അദ്ദുഖാൻ 38-42).

മരണശേഷം സ്രഷ്ടാവുമായി കണ്ടുമുട്ടും എന്നും അപ്പോൾ ജീവിതത്തിലെ കർമങ്ങളുടെ വിചാരണ നടത്തി രക്ഷയോ ശിക്ഷയോ വിധിക്കും എന്നുമുള്ള വിശ്വാസത്തെ അധിക മനുഷ്യരും തള്ളികളയുന്നവരാണെന്ന് ക്വുർആൻ വ്യക്തമാക്കുന്നു:

**ജീവിതത്തിനപ്പുറത്തുള്ള കാര്യത്തെ മാത്രമെ ജീവിതലക്ഷ്യമാക്കാൻ പറ്റുകയുള്ളു. മനുഷ്യനെ സൃഷ്ടിച്ച, ഭൂമിയെയും പ്രപഞ്ചത്തെയും സമസ്തജീവജാലങ്ങളെയും സൃഷ്ടിച്ച് പരിപാലിച്ച്, പൂർണമായും നിയന്ത്രിക്കുന്ന സ്രഷ്ടാവാണ് ജീവിതത്തിന്റെ ലക്ഷ്യം നിർണയിച്ച് അത് മനുഷ്യനെ പഠിപ്പിക്കാൻ പ്രവാചകന്മാരെ നിയോഗിച്ചത്. ക്വുർആൻ അവതരിപ്പിച്ചത് അതിനാണ്. മരണശേഷം ശാശ്വതമായ ഒരു ജീവിതമുണ്ടെന്നും അതിലെ രക്ഷയാണ് ജീവിത ത്തിന്റെ ലക്ഷ്യമെന്നും അവൻ മനുഷ്യരാശിയെ അറിയിക്കുന്നു.**



“അവരുടെ സ്വന്തത്തെപ്പറ്റി അവർ ചിന്തിച്ചുനോക്കിയിട്ടില്ലേ? ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും ശരിയായ സത്യപ്രകാരവും നിർണിതമായ അവധിയോടുകൂടിയുമല്ലാതെ അല്ലാഹു സൃഷ്ടിച്ചിട്ടില്ല. തീർച്ചയായും മനുഷ്യരിൽ അധികപേരും തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതിൽ വിശ്വാസമില്ലാത്തവരത്രെ” (അർറൂം 8). ഭൂമിയും അതിലെ ചരാചരങ്ങളും കാടും മലയും പുഴയും എല്ലാം മനുഷ്യനു വേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് ക്വുർആൻ ചൂണ്ടിക്കാണിക്കുന്നു: “അവനാകുന്നു നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചുതന്നത്” (അൽബക്വറ 29).

സൗരയൂഥത്തിലെ ഇതര ഗ്രഹങ്ങളിലൊന്നും ഭൂമിയിലുള്ള ഒരു സൗകര്യവും സാഹചര്യവും ഇല്ല എന്നാണ് ഇതുവരെയുള്ള ഗവേഷണ പഠനങ്ങൾ വ്യക്തമാക്കുന്നത്. വായു, വെള്ളം പോലുള്ള ജീവന്റെ നിലനിൽപിന് അനിവാര്യമായ കാര്യങ്ങൾ അവിടെയൊന്നും ഇല്ലത്രെ. ഈ സൗകര്യങ്ങളെല്ലാം ഒരുക്കി മനുഷ്യനെ ഇവിടെ സൃഷ്ടിച്ചത് വ്യക്തമായ ഉദ്ദേശ്യത്തോടു കൂടിത്തന്നെയാണ്. പ്രവാചകന്മാരിലൂടെ അത്തരം കാര്യങ്ങൾ മനുഷ്യരെ അറിയിക്കുകയും ചെയ്തു.

മനുഷ്യരിൽ ചിലർ നന്മ പ്രവർത്തിക്കുന്നു. ചിലർ തിന്മ പ്രവർത്തിക്കുന്നു. ചിലർ നന്മയും തിന്മയും ചെയ്യുന്നു. വൻപാതകങ്ങൾ ചെയ്യുന്നവരുണ്ട്. സമൂഹത്തിനൊന്നാകെ ഉപകരിക്കുന്ന കാര്യങ്ങൾ ചെയ്യുന്നവരെയും കാണാം. അതുപോലെ വ്യാപക നാശംവരുത്തുന്ന കാര്യങ്ങൾ ചെയ്യുന്നവരുമുണ്ട്. തലമുറകൾക്ക് അപായം വരുത്തുന്ന കാര്യങ്ങൾ ചെയ്യുന്നവരുമുണ്ട്. നന്മ ചെയ്യുന്നവരും തിന്മ ചെയ്യുന്നവരും ഒരുപോലെയല്ല. സജ്ജനങ്ങൾ പല കഷ്ടപ്പാടിലും ദുരിതത്തിലും ജീവിക്കുന്നതായി നാം കാണുന്നു. ദുർജനങ്ങൾ സുഖങ്ങളാസ്വദിച്ചു ജീവിക്കുന്ന

തും കാണാം. ഓരോരുത്തർക്കും യഥാർഥത്തിൽ അവകാശപ്പെട്ടത് ലഭിക്കണം എന്ന് നാം ആഗ്രഹിക്കുന്നു. അതാണ് നീതി. തങ്ങളുടെ പ്രവർത്തനങ്ങളുടെ യഥാർഥ ഫലം അനുഭവിക്കുന്ന ഒരു സ്ഥലം വേണ്ടതല്ലേ?.

ഈ ലോകത്തെ നീതിന്യായ വ്യവസ്ഥകൾക്ക് പരിമിതികളുണ്ട്. തെളിവുകളില്ലെങ്കിൽ കുറ്റവാളി രക്ഷപ്പെടും. പണവും സ്വാധീനവുമുണ്ടെങ്കിൽ ഒട്ടുമിക്ക കുറ്റകൃത്യങ്ങളുടെ ശിക്ഷയിൽനിന്നും ഊരിച്ചാടാൻ ഇവിടെ പല വഴികളുമുണ്ട്. വേണ്ടത്ര പണവും മിടുക്കനായ വക്കീലും ഉണ്ടെങ്കിൽ ഇവിടത്തെ ശിക്ഷാ വ്യവസ്ഥയുടെ പിടുത്തത്തിൽനിന്ന് ഒഴിവാകാം. അപ്പോൾ യഥാർഥ നീതി നടപ്പാക്കുന്ന ഒരിടം വേണ്ടതല്ലേ?

ദീർഘകാലം ജയിൽശിക്ഷ അനുഭവിച്ച്, ഒടുവിൽ നിരപരാധിയാണന്നറിഞ്ഞു ശിക്ഷയിൽനിന്ന് മോചിപ്പിക്കപ്പെട്ട എത്രയോ അനുഭവങ്ങളുണ്ടായിട്ടുണ്ട്. അപ്രകാരം യഥാർഥ പ്രതികൾ രക്ഷപ്പെടുകയും നിരപരാധികൾ ശിക്ഷിക്കപ്പെടുകയും ചെയ്യാം. ഇഹലോകത്തെ അവസ്ഥ അങ്ങനെയൊക്കെത്തന്നെയാണ്. യഥാർഥ പ്രതികൾ കൃത്യമായ ശിക്ഷയനുഭവിക്കുന്ന ഒരു ലോകം ഉണ്ടാകേണ്ടതല്ലേ? അക്രമത്തിനിരയായവർക്ക് നീതി ലഭിക്കേണ്ടതില്ലേ?

**ദീർഘകാലം ജയിൽശിക്ഷ അനുഭവിച്ച്, ഒടുവിൽ നിരപരാധിയാണന്നറിഞ്ഞു ശിക്ഷയിൽനിന്ന് മോചിപ്പിക്കപ്പെട്ട എത്രയോ അനുഭവങ്ങളുണ്ടായിട്ടുണ്ട്. അപ്രകാരം യഥാർഥ പ്രതികൾ രക്ഷപ്പെടുകയും നിരപരാധികൾ ശിക്ഷിക്കപ്പെടുകയും ചെയ്യാം. ഇഹലോകത്തെ അവസ്ഥ അങ്ങനെയൊക്കെത്തന്നെ യാണ്. യഥാർഥ പ്രതികൾ കൃത്യമായ ശിക്ഷയനുഭവിക്കുന്ന ഒരു ലോകം ഉണ്ടാകേണ്ടതല്ലേ? അക്രമത്തിനിരയായവർക്ക് നീതി ലഭിക്കേണ്ടതില്ലേ?**

സാധാരണ പറഞ്ഞു വരാറുള്ള ഒരു കാര്യമുണ്ട്; പത്തുപേരെ കൊന്നവനും നൂറുപേരെ കൊന്നവനും ആയിരംപേരെ കൊന്നവനും ഒരു വധശിക്ഷയേ ഈ ലോകത്ത് ലഭിക്കുകയുള്ളൂ എന്ന്. അതേ ഇവിടെ പ്രായോഗികമാകൂ. അത്രയേ ഈ ലോകത്ത് നടപ്പാക്കാൻ സാധിക്കുകയുള്ളൂ. പതിനായിരങ്ങളെയും ലക്ഷങ്ങളെയും കൊന്നൊടുക്കിയവർ ഈ ലോകത്ത് കഴിഞ്ഞുപോയിട്ടുണ്ട്. അവർക്ക് അർഹമായ ശിക്ഷ നീതിയോടെ നടപ്പാക്കേണ്ടതല്ലേ? അതുപോലെ തന്നെയാണ് അർഹമായത് ലഭിക്കാതെ പോകുന്ന സജ്ജനങ്ങളും. അവർ പ്രവർത്തിച്ച നന്മകൾ അംഗീകരിക്കപ്പെട്ട്, അവകാശപ്പെട്ട പ്രതിഫലം അവർക്ക് കിട്ടേണ്ടതില്ലേ?

ചുരുക്കത്തിൽ ഇതാണ്, മനുഷ്യൻ അവന്റെ ജീവിതത്തിൽ ചെയ്യുന്ന നല്ലതും ചീത്തയുമായ പ്രവൃത്തികൾക്ക് അർഹമായ പ്രതിഫലം ഭൂമിയിൽവെച്ച് ലഭിക്കുന്നില്ല. ലഭിക്കാൻ സാധ്യതയുമില്ല. ഓരോരുത്തനും അവന്റെ കർമഫലം അനുഭവിക്കണം. അതാണ് നീതിയും ന്യായവും. പ്രകൃതിയുടെ തേട്ടമതാണ്.

മനുഷ്യനെ സൃഷ്ടിച്ച പ്രപഞ്ചനാഥൻ അക്കാര്യം നിശ്ചയിക്കുകയും അത് മനുഷ്യരാശിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സന്മാർഗവും ദുർമാർഗവും ഏതാണെന്ന് ദൈവദൂതന്മാരും വേദഗ്രന്ഥങ്ങളും മുഖേന ജനങ്ങളെ ബോധവൽകരിച്ചിട്ടുണ്ട്. സന്മാർഗം അവലംബിച്ചവൻ വിജയിക്കും. ദുർമാർഗം സ്വീകരിച്ചവൻ പരാജയപ്പെടും. മരണശേഷം മനുഷ്യരെ ഒന്നടങ്കം രണ്ടാമത് ജീവിപ്പിക്കും. ജീവിതത്തിലെ കർമങ്ങളുടെ അടിസ്ഥാനത്തിൽ വിചാരണനടത്തി രക്ഷയോ ശിക്ഷയോ വിധിക്കും. രക്ഷപ്പെട്ടവൻ സ്വർഗാവകാശിയാകും. ശിക്ഷിക്കപ്പെട്ടവാൻ നരകാവകാശിയാകും.

അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ലെന്നു പ്രഖ്യാപിക്കുന്നതിനോടൊന്നിച്ചാണ് ഇക്കാര്യം ക്വുർആൻ വ്യക്തമാക്കുന്നത്: “അല്ലാഹു, അവനല്ലാതെ യാതൊരു ആരാധ്യനുമില്ല, ഉയിർത്തെഴുന്നേൽപിന്റെ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യും, അതിൽ സംശയമേ ഇല്ല, അല്ലാഹുവെക്കാൾ സത്യസന്ധമായി വിവരം നൽകുന്നവൻ ആരുണ്ട്?” (അന്നിസാഅ് 87).

എല്ലാവർക്കും അവരുടെ കർമഫലങ്ങളുടെ പൂർണ പ്രതിഫലം നൽകപ്പെടുന്നത് മരണാന



**മരണശേഷം മനുഷ്യനെ വീണ്ടും പടക്കാൻ അല്ലാഹുവിനു നിഷ്പ്രയാസം കഴിയും എന്നതിന് പച്ച മരത്തിൽനിന്നും തീയുണ്ടാക്കുന്നതിനെ സംബന്ധിച്ച് ചിന്തിക്കാനാണ് ആവശ്യപ്പെടുന്നത്. ആദി മനുഷ്യൻ തീയുണ്ടാക്കിയത് മരക്കഷണങ്ങൾ തമ്മിൽ ഉരസിയായിരുന്നത്രെ. ഓടകൾ തമ്മിലുരസിയാൽ തീയുണ്ടാകും. കാട്ടു തീ ഉണ്ടാകുന്നത് സർവ സാധാരണമാണ്. അനന്തവിശാലമായ ഈ മഹാപ്രപഞ്ചത്തിന്റെ ഘടനയെപ്പറ്റി മനസ്സിലാക്കിയവൻ മരണാനന്തരം മനുഷ്യരെ ജീവിപ്പിക്കും എന്നതിൽ ഒട്ടും സംശയിക്കില്ല.**



ന്തര ജീവിതത്തിലാണ് എന്ന് ഖുർആൻ ചൂണ്ടിക്കാണിക്കുന്നു: "ഏതൊരുദേഹവും മരണം ആസ്വദിക്കുന്നതാകുന്നു, നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപുനാളിൽ മാത്രമാണ് നിങ്ങൾക്ക് പൂർണമായി നൽകപ്പെടുന്നത്. അപ്പോൾ ആര് നരകത്തിൽനിന്ന് അകറ്റി നിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹിക ജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ആലു ഇംറാൻ 185).

മരിച്ചു മണ്ണോട് ചേർന്നാൽ പിന്നെ എങ്ങനെ വീണ്ടും സൃഷ്ടിക്കും എന്ന ചോദ്യത്തിന് ഖുർആൻ മറുപടി നൽകി. ആദ്യം സൃഷ്ടിച്ചവൻ രണ്ടാമതും സൃഷ്ടിക്കും. ഒരിക്കൽ പടച്ചുണ്ടാക്കിയവന് വീണ്ടുമൊരിക്കൽകൂടി പടക്കാനെന്താണ് പ്രയാസം എന്നാണ് ഖുർആന്റെ ചോദ്യം.

നുരുമ്പിക്കഴിഞ്ഞ എല്ലിനെ പിന്നെയാര് രണ്ടാമതും ജീവിപ്പിക്കും എന്ന പരലോക വിശ്വാസിയുടെ ചോദ്യത്തിന് സൂറത്ത് യാസീനിൽ, ആദ്യം സൃഷ്ടിച്ചവൻതന്നെ രണ്ടാമതും സൃഷ്ടിക്കും എന്ന് മറുപടി പറഞ്ഞത് നേരത്തെ ഉദ്ധരിച്ചു. അതിനുശേഷം ഖുർആൻ വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക: "അവൻ എല്ലാതരം സൃഷ്ടിപ്പിനെ പറ്റിയും സൂക്ഷ്മമായി അറിവുള്ളവനത്രെ, പച്ചമരത്തിൽനിന്ന് തീ ഉണ്ടാക്കിയവനാകുന്നു അവൻ, അങ്ങനെ നിങ്ങളതാ അതിൽനിന്ന് തീ കത്തിച്ചെടുക്കുന്നു. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലെയുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ? അതെ, അവനത്രെ സർവവും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും. താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം, അപ്പോഴതാ അത് ഉണ്ടാകുന്നു"(യാസീൻ 79-82).

മരണശേഷം മനുഷ്യനെ വീണ്ടും പടക്കാൻ അല്ലാഹുവിനു നിഷ്പ്രയാസം കഴിയും എന്നതിന് പച്ച മരത്തിൽനിന്നും തീയുണ്ടാക്കുന്നതിനെ സംബന്ധിച്ച് ചിന്തിക്കാനാണ് ആവശ്യപ്പെടുന്നത്. ആദി മനുഷ്യൻ തീയുണ്ടാക്കിയത് മരക്കഷണങ്ങൾ തമ്മിൽ ഉരസിയായിരുന്നത്രെ. ഓടകൾ തമ്മിലുരസിയാൽ തീയുണ്ടാകും. കാട്ടു തീ ഉണ്ടാകുന്നത് സർവ സാധാരണമാണ്.

ഈ വിഷയത്തിൽ മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. പെട്രോൾ, ഡീസൽ, ഗ്യാസ് എന്നീ ഇന്ധനങ്ങൾ ഭൂമിയിൽനിന്ന് കുഴിച്ചെടുക്കുകയാണല്ലോ. മരങ്ങളുടെയും ജീവികളുടെയും ഫോസിലുകളാണവ. അതാണ് കാലക്രമേണ കത്തിക്കുന്ന ഇന്ധനമായിത്തീരുന്നത് എന്നർഥം. (വീട്ടിലെ അടുക്കളയിൽ ബാക്കിയാവുന്ന പച്ചക്കറിയും മറ്റു ആഹാരാവശിഷ്ടങ്ങളും ബയോ ഗ്യാസ് ഉണ്ടാക്കാൻ ഉപയോഗിക്കുന്നതും ഇപ്പോൾ വ്യാപകമായിട്ടുണ്ട്).

മരണാനന്തരം ഉയിർത്തെഴുന്നേൽപ് ഉണ്ടാവുകയില്ലെന്നു പറയുന്നവരോട് സമാവാത്തും അർദും (ആകാശങ്ങളും ഭൂമിയും) സൃഷ്ടിച്ചതിനെപ്പറ്റി ചിന്തിക്കാൻ ആവശ്യപ്പെടുകയാണ് ഖുർആൻ. സമാഅ് എന്നാൽ ആകാശം, ഉപരിലോകം എന്നർഥം. അതിന്റെ ബഹുവചനമാണ് സമാവാത്ത്. ആകാശങ്ങൾ, ഉപരിലോകങ്ങൾ. അർദ് എന്നാൽ ഭൂമി. ഉപരിലോകങ്ങളും ഭൂമിയും പടച്ചു സംവിധാനിച്ചു നിയന്ത്രിക്കുന്നവന് മനുഷ്യനെ രണ്ടാമത് ഒന്നുകൂടി പടക്കാൻ എന്താണ് പ്രയാസം? ഇതാണ് ഖുർആൻ ബുദ്ധിയുള്ള സകല മനുഷ്യരോടും ചോദിക്കുന്നത്. പരലോകം നിഷേധിക്കുന്നവരോട് ഗൗരവത്തിൽ ചോദിക്കുന്നു.

ഇക്കാര്യം ഖുർആനിൽ പലയിടങ്ങളിലായി വന്നിട്ടുണ്ട്: "ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും അവയെ സൃഷ്ടിച്ചതുകൊണ്ട് ക്ഷീണിക്കാതിരിക്കുകയും ചെയ്ത അല്ലാഹു മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവൻ തന്നെയാണെന്ന് അവർക്ക് കണ്ടു മനസ്സിലാക്കികൂടേ? അതെ, തീർച്ചയായും അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവൻതന്നെയാകുന്നു" (അഹ്ഖാഫ് 33).

ആകാശഭൂമികളെ, അഥവാ പ്രപഞ്ചത്തെ സൃഷ്ടിച്ചതിനെപ്പറ്റി ചിന്തിക്കുവാനും ഖുർആൻ മനുഷ്യരോട് ആഹ്വാനം ചെയ്യുന്നു. അനന്തവിശാലമായ ഈ മഹാപ്രപഞ്ചത്തിന്റെ ഘടനയെപ്പറ്റി മനസ്സിലാക്കിയവൻ മരണാനന്തരം മനുഷ്യരെ ജീവിപ്പിക്കും എന്നതിൽ ഒട്ടും സംശയിക്കില്ല.

*(തുടരും)*



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 29

# വാഗ്ദാനപ്പെരുമഴ

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

**വെട്ടും തടയും**

1903 നവംബർ 23: 'റമദാൻ 2ന് സുൽത്താൻ അഹ്മദിന്റെ ഉമ്മ ഹുർമത് ബീബി സിക്കുകാരുടെ ധർമശാലപോലെ തോന്നിച്ച ഒരു കെട്ടിടത്തിൽവച്ച് എന്റെ അടുത്തേക്ക് വന്നു. ഒരു യുദ്ധത്തിനുള്ള ഒരുക്കമാണ്. വലിയ കറുത്ത ഒരു ബാറ്റ് എന്റെ നേരെ എറിഞ്ഞു. ഞാൻ ഒരു വെളുത്ത ബാറ്റ് കൊണ്ട് അതിനെ തടഞ്ഞുകൊണ്ട് പറഞ്ഞു: 'ഞാൻ ഒരു സാധാരണ മനുഷ്യനായിരുന്നെങ്കിൽ നിനക്ക് എന്നെ നശിപ്പിക്കാമായിരുന്നു. അല്ലാത്തപക്ഷം നിനക്കതിനു സാധിക്കുകയില്ല" (പേജ് 414).

ഇത് സ്വപ്നമോ ജാഗ്രദ് ദർശനമോ എന്ന് രേഖപ്പെടുത്തിയിട്ടില്ല. യഥാർഥ സംഭവമാകാൻ വഴിയില്ല. മിർസയുടെ മാനസികാവസ്ഥയിൽ ആ സ്ത്രീയുമായി ഏറ്റുമുട്ടലിന് പ്രസക്തിയുണ്ടെങ്കിലും, ആ സാധു സ്ത്രീ മിർസയുമായി ഒരു ഏറ്റുമുട്ടലിന് വരാൻ സാധ്യതയില്ല.

**കല്യാണാലോചനയും ഇസ്തിഖാറയും**

"1886ൽ യാദൃച്ഛികമായി പുതിയ രണ്ട് വിവാഹാന്വേഷണങ്ങൾ വന്നു. ഞാനപ്പോൾ അല്ലാഹുവിനോട് 'ഇസ്തിഖാറ' നടത്തി. അപ്പോൾ ലഭിച്ച മറുപടി, 'അവരിലൊരാളുടെ വിഹിതത്തിൽ കാണുന്നത്, നിന്ദ്യതയും ദാരിദ്ര്യവും അമാന്യതയുമാണ്, അവൾ നിന്റെ ഭാര്യയാകാൻ യോഗ്യയല്ല' എന്നായിരുന്നു. മറ്റേയാളെക്കുറിച്ചാകട്ടെ, 'അവൾ വിരൂപയാണ്. നല്ല ആകാരവും സ്വഭാവസവിശേഷതകളുമുള്ള ഒരു ആൺകുട്ടിയുടെ ജനനത്തെപ്പറ്റി സുവാർത്ത ലഭിച്ച സ്ഥിതിക്ക് അവളിൽനിന്ന് അത് പ്രതീക്ഷിച്ചുകൂടാ' എന്നുമായിരുന്നു. കൂടുതലായി അല്ലാഹുവിനറിയാം"(പേജ് 113).

50 വയസ്സ് പിന്നിട്ട, രണ്ട് ഭാര്യമാരുള്ള സമയത്താണ് മൂന്നാം കെട്ടിനായുള്ള ഈ വെളിപാടുകൾ. രണ്ടുവർഷം മുമ്പ് മാത്രമാണ് ഡൽഹിയിൽനിന്ന് വിവാഹം ചെയ്തത്. പുത്രൻ അതിൽ ജനിച്ചാൽ മതി. പക്ഷേ, ഇവിടെ പുതിയൊരു വിവാഹത്തെക്കുറിച്ചാണ് പടച്ചവനോട് ആലോചന!

(രണ്ടു കാര്യങ്ങളിൽ ഏതു തിരഞ്ഞെടുത്താലാണ് തനിക്ക് ഗുണമെന്ന് അറിയാനായി നടത്തുന്ന പ്രാർഥന).

**വിവാഹാലോചന വീണ്ടും**

രണ്ട് വർഷങ്ങൾ കഴിഞ്ഞു. 1888ൽ പ്രവാചകന് വീണ്ടും വിവാഹം സംബന്ധിച്ച വഹ്യുകൾ അവതരിച്ചു: 'മിർസാ അഹ്മദ് ബേഗിന്റെ മകൾ മുഹമ്മദീ ബീഗത്തെ ഞാൻ നിനക്ക് ആകാശത്തുവച്ച് വിവാഹം ചെയ്തു തന്നിരിക്കുന്നു.'

നേരത്തെ പറഞ്ഞപോലെ ‘അതിനുള്ള എല്ലാ ഏർപ്പാടുകളും ഞാൻ ചെയ്തിട്ടുണ്ടെന്നും നീ അക്കാര്യത്തിൽ ടെൻഷനടിക്കേണ്ട’ എന്നും പറഞ്ഞില്ല. അതുകൊണ്ടുതന്നെ പ്രവാചകൻ തനിക്കറിയാവുന്ന പതിനെട്ടടവും പയറ്റിയെങ്കിലും ആ വാഗ്ദാനങ്ങൾ നിറവേറ്റപ്പെടാതെ അങ്ങേയറ്റം നിരാശയും മനഃക്ലേശവും മാത്രമല്ല നിന്ദ്യതയിലും ചേപ്രയിലും അകപ്പെടുകയും ചെയ്തു.

ഈ വിവാഹ താല്പര്യത്തെ എതിർത്തു എന്ന കാരണത്താൽ അമ്മാവന്റെ മകളായ ആദ്യഭാര്യയെ വിവാഹമോചനം ചെയ്തുകൊണ്ട് ഖാദിയാനികൾക്ക് ഒരു സുന്നത്ത് കൂടി സമ്മാനിച്ചു പ്രവാചകൻ!

ഈ വിവാഹവുമായി ബന്ധപ്പെട്ട ഇൽഹാമുകളും സ്വപ്നങ്ങളും പലർക്കും എഴുതിയ കത്തുകളും തദ്കിറയിൽ വിവരിക്കുന്നുണ്ട്:

“ആ പെൺകുട്ടിയുടെ പിതാവിന്റെ ഒരു സഹോദരി എന്റെ പിതൃവ്യപുത്രൻ ഗുലാം ഹുസൈന്റെ ഭാര്യയായിരുന്നു. അയാൾ ഇരുപത്തഞ്ച് വർഷം മുമ്പ് നാടുവിട്ട് പോയിരുന്നു. അയാളുടെ സ്വത്ത് കിട്ടുന്നതിനായി സഹോദരി ഗുരുദാസ്പൂർ ജില്ലാ അധികാരികൾക്ക് പെറ്റീഷൻ സമർപ്പിച്ചു. നാലായ്യായിരം രൂപ വിലവരുന്ന സ്വത്ത് സഹോദരിയുടെ സമ്മതത്തോടെ സ്വന്തം മകന്റെ പേരിൽ രജിസ്റ്റർ ചെയ്യിക്കാനുള്ള ശ്രമത്തിലായിരുന്നു അഹ്മദ് ബേഗ്. സഹോദരി ദാനപത്രത്തിൽ ഒപ്പിട്ടുവെങ്കിലും, ഞങ്ങൾക്കുകൂടി അവകാശമുണ്ടായിരുന്നതിനാൽ ഞങ്ങളുടെ സമ്മതവും ആവശ്യമായിരുന്നു. അതിനുവേണ്ടി അദ്ദേഹം വളരെ വിനയാന്വിതനായി എന്നെ സമീപിച്ചു. ഒപ്പിടാൻ ഒരുങ്ങവെ, വലിയ വലിയ കാര്യം ചെയ്യാനൊരുങ്ങുമ്പോൾ കുറച്ചുകാലമായി ചെയ്യാറുള്ളതുപോലെ അല്ലാഹുവിനോട് അന്വേഷിച്ചിട്ടാകാമെന്ന് കരുതി. അക്കാര്യം അയാളോട് പറയുകയും ചെയ്തു.

**1888ൽ പ്രവാചകന് വീണ്ടും വിവാഹം സംബന്ധിച്ച വഹ്യുകൾ അവതരിച്ചു: ‘മിർസാ അഹ്മദ് ബേഗിന്റെ മകൾ മുഹമ്മദീ ബീഗത്തെ ഞാൻ നിനക്ക് ആകാശത്തുവച്ച് വിവാഹം ചെയ്തു തന്നിരിക്കുന്നു.’ നേരത്തെ പറഞ്ഞപോലെ ‘അതിനുള്ള എല്ലാ ഏർപ്പാടുകളും ഞാൻ ചെയ്തിട്ടുണ്ടെന്നും നീ അക്കാര്യത്തിൽ ടെൻഷനടിക്കേണ്ട’ എന്നും പറഞ്ഞില്ല. അതുകൊണ്ടുതന്നെ പ്രവാചകൻ തനിക്കറിയാവുന്ന പതിനെട്ടടവും പയറ്റിയെങ്കിലും ആ വാഗ്ദാനങ്ങൾ നിറവേറ്റപ്പെടാതെ അങ്ങേയറ്റം നിരാശയും മനഃക്ലേശവും മാത്രമല്ല നിന്ദ്യതയിലും ചേപ്രയിലും അകപ്പെടുകയും ചെയ്തു. ഈ വിവാഹ താല്പര്യത്തെ എതിർത്തു എന്ന കാരണത്താൽ അമ്മാവന്റെ മകളായ ആദ്യഭാര്യയെ വിവാഹമോചനം ചെയ്തുകൊണ്ട് ഖാദിയാനികൾക്ക് ഒരു സുന്നത്ത് കൂടി സമ്മാനിച്ചു പ്രവാചകൻ!**



അദ്ദേഹം പലതവണ നിർബന്ധിച്ചപ്പോൾ ഞാൻ അല്ലാഹുവിനോടന്വേഷിച്ചു. നീതിമാനും സർവശക്തനുമായ അല്ലാഹു എന്നോട് പറഞ്ഞു: ‘അയാളുടെ മൂത്ത മകളുമായി വിവാഹത്തിനുവേണ്ടി നിർബന്ധം പിടിക്കുക. ഇനിയുള്ള എല്ലാ പെരുമാറ്റവും സമീപനവും ഈ ഉപാധിയനുസരിച്ചായിരിക്കുമെന്ന് പറയുക. ഈ വിവാഹം നിങ്ങൾക്ക് അനുഗ്രഹത്തിനും കാരുണ്യത്തിനും നിമിത്തമായിത്തീരും. ഇതിന് എതിരു നിൽക്കുന്നപക്ഷം നിങ്ങളുടെ മകളുടെ പരിണതി വളരെ ചീത്തയായിരിക്കും. മറ്റാർക്കെങ്കിലും വിവാഹം ചെയ്തുകൊടുക്കുന്നപക്ഷം, അയാൾ വിവാഹദിനം മുതൽ രണ്ടരവർഷത്തിനുള്ളിലും പിതാവ് മൂന്നു വർഷത്തിനുള്ളിലും മരണപ്പെടും. കുടുംബത്തിൽ ദരിദ്രതയും ശത്രുതയും ബുദ്ധിമുട്ടും വളരും. വളരെയേറെ ദുഃഖവും വേദനയും അവളെ ബാധിക്കുകയും ചെയ്യും.’

കൂടുതൽ വിശദീകരണത്തിനും വ്യക്തതക്കും വേണ്ടി പിന്നെയും അല്ലാഹുവിന്റെയടുത്ത് ശ്രദ്ധ ചെലുത്തിയപ്പോൾ അവൻ അറിയിച്ചു: എല്ലാ തടസ്സങ്ങളെയും തട്ടിമാറ്റിക്കൊണ്ട് ഒടുവിൽ അവൾ ഈ വിനീതന്റെ ഭാര്യയായിത്തീരും. അതോടെ മാർഗഭ്രംശർ സന്മാർഗത്തിലേക്ക് വരും. നിർമതർ വിശ്വാസികളായിത്തീരും. അത് സംബന്ധമായി അറബിയിൽ അവതരിച്ച ഇൽഹാം ഇപ്രകാരമായിരുന്നു:

“അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കി. നേരത്തെത്തന്നെ അവർ പരിഹസിച്ചിരുന്നു. നിന്നെ തടയുന്നവർക്കെതിരിൽ അല്ലാഹു നിന്നെ സഹായിക്കും. അല്ലാഹു അവളെ നിന്നിലേക്ക് തിരിച്ചുകൊണ്ടുവരും. തനിക്കിഷ്ടമുള്ളത് ചെയ്യാൻ കഴിവുള്ളവനാണ് നിന്റെ നാഥൻ. നീ എന്റെ കൂടെയും ഞാൻ നിന്റെകൂടെയുമാകുന്നു. പ്രശംസിക്കപ്പെടുന്ന ഒരു സ്ഥാനത്ത് നിന്റെ നാഥൻ നിന്നെ പ്രതി

ഷ്ടിക്കും. അതായത് ആദ്യമാദ്യം ദുഷിച്ച വിചാരത്തോടെ അസഭ്യം പുലമ്പിയിരുന്ന വിഡ്ഢികൾ അല്ലാഹുവിന്റെ സഹായം കിട്ടുന്നതുകാണുമ്പോൾ ലജ്ജകൊണ്ട് ശിരസ്സ് താഴ്ത്തിപ്പിടിക്കും. സത്യം പ്രകടമാവുമ്പോൾ നാനാഭാഗത്തുനിന്നും സ്തുതിഗീതങ്ങൾ പാടുന്നത് നീ കേൾക്കും" (പേജ് 124-127).

**കത്തുകളും മറുപടിയും**

മിർസാ ഖാദിയാനി നയത്തിലും മയത്തിലും പ്രലോഭിപ്പിച്ചും പ്രകോപിപ്പിച്ചുംകൊണ്ട് ബന്ധപ്പെട്ടവർക്ക് കത്തുകളെഴുതി. പരസ്യങ്ങളുടെ ലാഹോരീ സമാഹാരമായ തബ്‌ലീഗെ രിസാലാത്തിൽ നിന്ന്:

"വന്ദ്യസഹോദരൻ മിർസാ അഹ്മദ്ബേഗ്, അസ്സലാമു അലൈക്കും.

ഇപ്പോൾ ഒരു മയക്കത്തിൽനിന്നുണർന്ന എന്നോട് അല്ലാഹു പറഞ്ഞു: 'അഹമദ് ബേഗിനോട് ഈ ബന്ധത്തിന് സമ്മതം നൽകാൻ പറയുക. അയാൾ അംഗീകരിക്കുകയാണെങ്കിൽ മഴ വർഷിക്കുംപോലെ അനുഗ്രഹങ്ങൾ ചൊരിയപ്പെടുമെന്നും നിഷേധിക്കുകയാണെങ്കിൽ ദൈവകോപത്തിൽ നിന്ന്രക്ഷപ്പെടാൻ പറ്റില്ലെന്നും അറിയിക്കുക. അപ്രകാരം ഞാൻ താങ്കളെ അറിയിക്കുന്നു. കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും അമൂല്യശേഖരം താങ്കളുടെ മുമ്പിൽ തുറന്നുവച്ചിരിക്കുന്നു. താങ്കളോട് ഞാനെന്നും സ്നേഹത്തിലും മാന്യതയിലും വർത്തിക്കും. താങ്കളെ വിശ്വാസിയും മതതൽപരനുമായി കണക്കാക്കും. താങ്കളുടെ ആജ്ഞകൾ അഭിമാനപൂർവം നിറവേറ്റും. എപ്പോൾ വേണമെങ്കിലും താങ്കളെഴുതുന്ന ദാനപത്രത്തിൽ ഒപ്പുവച്ചു തരാൻ ഞാൻ തയ്യാറാണ്. എന്റെ സ്വത്തുക്കൾ താങ്കളുടേതുകൂടിയായിരിക്കും. അസീസ് മുഹമ്മദ് ബേഗിന് പോലീസ് വകുപ്പിൽ ജോലി ലഭിക്കാൻ വേണ്ട ശിപാർശകൾ ഞാൻ ചെയ്തിട്ടുണ്ട്. ഉടനെ അത് ശരിയാകും. അവന്റെ വിവാഹം എന്റെ സ്നേഹിതനായ ഒരു ധനികന്റെ മകളുമായി നടത്താനും ഞാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്തിനായി പ്രാർഥിച്ചുകൊണ്ട്,

വിനീതൻ,

ഗുലാം അഹ്മദ്, ലുധിയാന" (വാല്യം1, പേജ് 92).

**വാഗ്ദാനപ്പെരുമഴ**

'ആയീനയെ കമാലാതെ ഇസ്‌ലാം' എന്ന കൃതിയിൽ ഇങ്ങനെ വായിക്കാം: "കേൾക്കുക, അല്ലാഹു വഹ്‌യ് അവതരിച്ചിരിക്കുന്നു: 'ആ വ്യക്തിയോട് വിവാഹാഭ്യർഥന നടത്തുക. നിന്നെ ജാമാതാവായി സ്വീകരിച്ചുകൊണ്ട് നിന്റെ പ്രകാശത്തിന്റെ അംശം സ്വീകരിക്കാൻ അവനോട് പറയുക. നീ ഇച്ഛിക്കുന്നത്ര ഭൂമി ദാനമായി നൽകാൻ അല്ലാഹു അനുവദിച്ചിരിക്കുന്നു. വേണമെങ്കിൽ അതിൽ കൂടുതലായി നൽകാനും ഞാൻ തയ്യാറാണ്. മറ്റു അനുഗ്രഹങ്ങളും വർഷിക്കപ്പെടും. ഒരു ഉപാധി മാത്രം; താങ്കളുടെ മകളെ എനിക്ക് വിവാഹം ചെയ്തുതരണം. ഇതംഗീകരിച്ചാൽ ഞാൻ കൃതാർഥനായി. അല്ലാത്തപക്ഷം മറ്റാർക്കെങ്കിലും അവളെ വിവാഹംചെയ്തുകൊടുത്താൽ താങ്കൾക്കും അവൾക്കും അത് നല്ലതിനായിരിക്കില്ല എന്ന് അല്ലാഹു അറിയിച്ചിരിക്കുന്നു. ആപത്തുകൾ ഉറങ്ങും. മൂന്നു വർഷങ്ങൾക്കകം നീ മരിക്കും, രണ്ടര വർഷത്തിനകം അവളുടെ ഭർത്താവും മരിക്കും. ഇഷ്ടമുള്ളത് ചെയ്യുക, ഞാൻ അല്ലാഹുവിന്റെ കൽപന താങ്കളെ അറിയിച്ചു എന്ന് മാത്രം.'

ഇതുകേട്ട് അഹ്മദ് ബേഗ് മുഖം ചുളിച്ച് ഇറങ്ങിപ്പോയി. അപ്പോൾ തന്നെ അല്ലാഹുവിന്റെ നിർദേശപ്രകാരം ഞാൻ അദ്ദേഹത്തിന് എഴുതി:

'സഹോദരാ, താങ്കൾക്കെന്തുപറ്റി? എന്റെ വാക്കുകൾ കളവാണെന്നു കരുതിയോ? താങ്കളെ ബുദ്ധിമുട്ടിക്കണമെന്ന് എനിക്കൊട്ടും വിചാരമില്ല. ഉപകാരികളുടെ കൂട്ടത്തിൽ താങ്കൾക്കെന്നെ കാണാം. കുടുംബക്കാരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് താങ്കൾ ഈ വിവാഹത്തിന് തയ്യാറായാൽ എന്റെ പറമ്പിന്റെയും തോട്ടത്തിന്റെയും വലിയൊരു ഭാഗത്തിന് താങ്കൾ അവകാശിയായിത്തീരും. നമുക്കിടയിലുള്ള അനൈക്യവും അനിഷ്ടവും അവസാനിക്കുകയും ചെയ്യും. താങ്കളുടെ അംഗീകാരം എന്നോട് ചെയ്യുന്ന ഏറ്റവും വലിയ കാരുണ്യവും ഔദാര്യവുമായിരിക്കും. ഞാൻ മരിക്കുവോളം തമ്പുരാന്റെ മുമ്പിൽ താങ്കൾക്കായി പ്രാർഥിക്കും. എന്റെ സ്വത്തിന്റെ മൂന്നിലൊരു ഭാഗം താങ്കളുടെ മകളുടെ പേരിൽ ഞാൻ എഴുതിവയ്ക്കാം. നിങ്ങൾക്കും ഇഷ്ടമുള്ളത് എടുക്കാവുന്നതാണ്. ഇത്രത്തോളം സ്നേഹവും കുടുംബബന്ധത്തിൽ താൽപര്യവുമുള്ള മറ്റൊരാളെ താങ്കൾക്ക് ലഭിക്കുമെന്ന് തോന്നുന്നുണ്ടോ? അനാവശ്യ ശങ്കകൾക്കടിപ്പെടാതെ എത്രയും വേഗം താങ്കളുടെ സമ്മതം പ്രതീക്ഷിക്കുന്നു.

ഈ കത്ത് എന്റെ വ്യക്തിപരമായ അഭിപ്രായപ്രകാരമല്ല, രക്ഷിതാവിന്റെ കൽപനപ്രകാരം എഴുതുകയാണ്. എന്റെ വാഗ്ദാനങ്ങൾ അല്ലാഹുവിന്റേതാണ്. സത്യസന്ധനും വിശ്വസ്തനുമായ ഒരാളുടെതെന്ന നിലയ്ക്ക് ഈ കത്തുകൾ പെട്ടിയിൽ സൂക്ഷിച്ചുവയ്ക്കുക. ഇതിലുള്ളത് എന്റെ വാക്കുകളല്ല, ദിവ്യവെളിപാടുകളും അല്ലാഹുവിന്റെ വസ്വിയ്യത്തുമാണ്. എനിക്ക് താങ്കളുടെ മകളെ കെട്ടിക്കൊള്ളണമെന്ന് നിർബന്ധമില്ല. സ്ത്രീകൾക്ക് ഇവിടെ ക്ഷാമം ഇല്ലല്ലോ.

കാലാവധി കഴിഞ്ഞ് എന്റെ പ്രവചനങ്ങൾ ഫലിക്കാതെ വന്നാൽ എന്റെ കഴുത്തിൽ കയറിട്ടു കെട്ടിത്തൂക്കുക. കാലുകൾ ചങ്ങലയിൽ ബന്ധിക്കുക. ലോകത്തിന്നേവരെ ആർക്കും നൽകിയിട്ടില്ലാത്ത ശിക്ഷ എനിക്ക് നൽകിക്കൊള്ളുക" (പേജ് 572-574).

*(തുടരും)*




# ഭൗതികവിശദീകരണം അസാധ്യമായ വസ്തുതകൾ

**ഷാഹുൽ പാലക്കാട്**
:97478 90521

### E16: ഇസ്ലാം

ഒരു ദൈവമുണ്ടെങ്കിൽ ആ ശക്തി ഏകമാകണം, പരാശ്രയമുക്തമാകണം, സകലതും അതിനെ ആശ്രയിക്കണം, പ്രപഞ്ചത്തിന്റെ സ്വഭാവങ്ങളിൽനിന്നെല്ലാം വിഭിന്നമാകണം, ഭൗതിക രൂപമാനങ്ങളിൽ നിന്നെല്ലാം വ്യതിരിക്തമാകണം. ആ ദൈവം മനുഷ്യന്റെ പരിമിത മസ്തിഷ്കംകൊണ്ട് സങ്കൽപിക്കാൻ കഴിയാത്തവനാകണം. ഇതെല്ലാം ഫിലോസഫിക്കലായി നാം ദൈവത്തെ സംബന്ധിച്ച് എത്തുന്ന അവലോകനങ്ങളാണ്. ഒരു മതമോ ലോകവീക്ഷണമോ ശരിയാകണമെങ്കിൽ അത് ദൈവത്തെ സംബന്ധിച്ച ഈ കാഴ്ചപ്പാടുകൾതന്നെ പുലർത്തുന്നവയാകണം. ദൈവത്തെ സംബന്ധിച്ച് ഇതേ കാഴ്ചപ്പാടുകൾ തന്നെ പങ്കുവയ്വക്കുന്ന പ്രായോഗിക ദർശനം ഇസ്ലാം മാത്രമാണ്.

### E17: പ്രവാചകൻ

ജൂത അഗ്നോസ്റ്റിക്കായ ലേസി ഹസിൽട്ടൻ മുഹമ്മദ് നബി(സ്വ)യുടെ ചരിത്രത്തിൽ നിരീക്ഷിക്കുന്ന ഒരു കാര്യമുണ്ട്: ഹിറാ ഗുഹയിൽവച്ച് ജിബ്രീൽ എന്ന മലക്കിനെ അവിചാരിതമായി അഭിമുഖീകരിച്ച് ഭയന്നുപോയ പ്രവാചകൻ ആദ്യമെത്തുന്നത് തന്റെ ഇണയായ ഖദീജയുടെ(റ)യുടെ അടുക്കലാണ്. ഭയന്നു വിറച്ച അദ്ദേഹം തന്നെ പുതപ്പിക്കാൻ ഭാര്യയോട് ആവശ്യപ്പെടുന്നു. ഈ സംഭവത്തിൽ, ഭയപ്പെടുന്ന ഒരു പച്ച മനുഷ്യനെ സംബന്ധിച്ച മനഃശാസ്ത്രപരമായ രണ്ട് കാര്യങ്ങളുണ്ട്. പേടികൊണ്ട് വിറക്കുന്ന ഏതൊരു മനുഷ്യനും

**ഒരു ദൈവമുണ്ടെങ്കിൽ ആ ശക്തി ഏകമാകണം, പരാശ്രയമുക്തമാകണം, സകലതും അതിനെ ആശ്രയിക്കണം, പ്രപഞ്ചത്തിന്റെ സ്വഭാവങ്ങളിൽനിന്നെല്ലാം വിഭിന്നമാകണം, ഭൗതിക രൂപമാനങ്ങളിൽ നിന്നെല്ലാം വ്യതിരിക്തമാകണം. ആ ദൈവം മനുഷ്യന്റെ പരിമിത മസ്തിഷ്കംകൊണ്ട് സങ്കൽപിക്കാൻ കഴിയാത്തവനാകണം. ഇതെല്ലാം ഫിലോസഫിക്കലായി നാം ദൈവത്തെ സംബന്ധിച്ച് എത്തുന്ന അവലോകനങ്ങളാണ്. ഒരു മതമോ ലോകവീക്ഷണമോ ശരിയാകണമെങ്കിൽ അത് ദൈവത്തെ സംബന്ധിച്ച ഈ കാഴ്ചപ്പാടുകൾതന്നെ പുലർത്തുന്നവയാകണം. ദൈവത്തെ സംബന്ധിച്ച് ഇതേ കാഴ്ചപ്പാടുകൾ തന്നെ പങ്കുവയ്‌വക്കുന്ന പ്രായോഗിക ദർശനം ഇസ്‌ലാം മാത്രമാണ്.**

തന്റെ പ്രിയപ്പെട്ടവരുടെ അടുക്കലെത്താൻ ആഗ്രഹിക്കും. ഖദീജ(റ)യുടെ അടുക്കലെത്തിയ പ്രവാചകൻ(സ്വ) കാണിക്കുന്നത് ആ അടയാളമാണ്. കടുത്ത പേടിയുള്ള അവസ്ഥയിൽ കൈകാലുകൾ തണുക്കും. എന്തിനെങ്കിലും ഇടയിലേക്ക് ചുരുളാനും വിശ്രമിക്കാനും മനസ്സ് വല്ലാതെ ആഗ്രഹിക്കും. ഈ അവസ്ഥയിൽനിന്നുള്ള തേട്ടമാണ് പുതപ്പിച്ച് തരാനുള്ള പ്രവാചകന്റെ ആവശ്യപ്പെടലിൽ കാണുന്നത്. ഭയന്നുവിറക്കുന്ന ഒരു മനുഷ്യനിൽനിന്നും സ്വാഭാവികമായും ഉണ്ടായേക്കാവുന്ന പ്രതികരണങ്ങൾ ഈ ചിത്രത്തിൽനിന്നും വായിച്ചെടുക്കാൻ കഴിയുന്നു. അതിനർഥം പ്രവാചകന്റെ അനുഭവസാക്ഷ്യം ശരിയായിരുന്നു, അദ്ദേഹത്തെ അത്രയേറെ ഭയപ്പെടുത്താൻ മാത്രം ഒരു അഭൗതിക ഇടപെടൽ അവിടെ സംഭവിച്ചിരുന്നു എന്നുതന്നെയാണ്.

**E18:** It’s a Considerable Case

‘I am a time traveller. ഞാൻ കാലചക്രത്തെ തിരിച്ച് 2123ൽ നിന്നും നൂറുവർഷം പുറകിലേക്ക് അഥവാ 2023 എന്ന ഭൂതകാലത്തേക്ക് വന്നതാണ്. 2122ൽ ഞാൻ സ്വന്തമായി time machine നിർമിച്ചു. അങ്ങനെയാണ് ഇത് സംഭവിച്ചത്.’

Extra Ordinary Claims സാധാരണക്കാർ പറയുമ്പോൾ മാത്രമാണ് അവിശ്വസനീയമാകുന്നത്. Extra Ordinary Talented Legends പെറഞ്ഞാൽ അതിൽ അതിശയോക്തിക്ക് പോലും സ്ഥാനം ഉണ്ടായില്ലെന്നു വരാം. വാസ്തവത്തിൽ Legends അങ്ങനെ സ്വയം ഒരു അവകാശവാദം ഉന്നയിക്കുക പോലും വേണ്ട. ഇലോൺ മസ്ക് ഇന്നുവരെ താൻ ടൈം ട്രാവലർ ആണെന്നോ, അന്യഗ്രഹ ജീവിയാണെന്നോ ഒന്നും സ്വയം ഒരു അവകാശവാദവും നടത്തിയിട്ടില്ല. എന്നിട്ടും അയാളെ വിശദീകരിക്കാൻ ജനങ്ങൾ Extraordinary Claims ന്റെ പിറകിൽ പോകുന്നത് എന്തുകൊണ്ടായിരിക്കും?

ഇലോൺ മസ്ക് അന്യഗ്രഹ ജീവിയാണെന്നും, ടൈം ട്രാവലർ ആണെന്നുമൊക്കെയുള്ള സിദ്ധാന്തങ്ങൾ പരന്നുകൊണ്ടിരിക്കുന്നുണ്ട്. ഇലോൺ മസ്ക് ഏലിയൻ ആണെന്നു സംശയിക്കുന്ന ആരും ഞാൻ ഏലിയൻ ആണോ എന്ന് സംശയിക്കുന്നില്ല. ഇനി ഞാൻ തന്നെ അങ്ങനെ പറഞ്ഞാലും ആരും വിശ്വസിക്കാൻ പോകുന്നുമില്ല. എന്തുകൊണ്ടാണ് ഈ വിവേചനം?

കാരണം, ഇലോൺ മസ്ക് തന്റെ ബുദ്ധിയുപയോഗിച്ച് ജീവിതത്തിൽ അസാധാരണ വിജയം കൈവരുത്തിയ വ്യക്തിയാണ്. ഞാൻ അങ്ങനെയല്ല. അസാധാരണമായ വിജയംവരിച്ച വ്യക്തിയെ വിശദീകരിക്കാനേ അസാധാരണമായ വിശദീകരണം വേണ്ടതുള്ളൂ. എന്നെ വിശദീകരിക്കാൻ സാധാരണമായ വിശദീകരണം തന്നെ ധാരാളമാണ്.


ഇനി നേരത്തെ പറഞ്ഞ സാധ്യതാ സിദ്ധാന്തങ്ങൾ ഉപയോഗിച്ചുകൊണ്ടുകൂടി ഒന്ന് പുനർവായിക്കാം. എന്തുകൊണ്ടാണ് ഇലോൺ മസ്ക് അസാധാരണക്കാരനായത്? അസാധാരണമായത് കുറഞ്ഞ സാധ്യതയുള്ളതാണ്. കുറഞ്ഞ സാധ്യതയുള്ള കാര്യം അപൂർവമാണ്. അതിനാലാണ് ഒരേയൊരു ടെസ്‌ല മുതലാളിയായി ഇലോൺ മസ്ക് മാത്രമുള്ളത്. മറ്റുള്ളവർക്കും ഇലോൺ മസ്കിനെ പോലെ ജീവിത്തിൽ ഉയരത്തിലെത്തണം എന്നുണ്ടാകാം. അത് അവരുടെ സ്വപ്നമാകാം. എന്നിട്ടും അവരെല്ലാം പരാജയപ്പെട്ടു. കൂടുതൽപേർ പരാജയപ്പെട്ടു എന്നതിനർഥം കൂടുതൽ സാധ്യത അതിനാണ് എന്നാണ്. അഥവാ പരാജയപ്പെടാൻ കൂടുതൽ സാധ്യതയുള്ള ഈ ലോകത്ത് വിജയിക്കാൻ പാടാണ്. മസ്കിനെ പോലുള്ളവരുടെ വലിയ വിജയങ്ങൾ അത്യപൂർവമാണ്. Extra Ordinary ആയ അത്തരം വിജയങ്ങൾക്ക് Extraordinary വിശദീകരണം തേടാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് ഈ അപൂർവതയാണ്.

എന്നാൽ ഇലോൺ മസ്കിൽ വലിയ അസാധാരണത്വങ്ങളൊന്നും ഇല്ലായെന്നതാണ് യാഥാർഥ്യം. ഇറോൾ മസ്ക് എന്ന ശതകോടീശ്വരനായ പിതാവിന്റെയും മയേ മസ്ക് എന്ന മോഡലായ അമ്മയുടെയും പുത്രനാണ് ഇലോൺ മസ്ക്. ഒരു സാംബിയൻ മരതക ഖനിയുടെ പകുതി ഉടമയും അക്കാലത്ത് പ്രിട്ടോറിയയിലെ പ്രധാനപ്പെട്ട പല കോൺട്രാക്കുകളും കൈവശമുണ്ടായിരുന്ന ഇലക്ട്രോ മെക്കാനിക്കൽ എഞ്ചിനീയറും കൂടിയായിരു

ന്നു മസ്കിന്റെ പിതാവ്. അതായത് ഇന്നത്തെ ടെസ്‌ല മുതലാളിയെ നിർമിക്കാനുള്ള എല്ലാ പശ്ചാത്തലവുമുള്ള ഒരിടത്തുനിന്നുമാണ് അദ്ദേഹത്തിന്റെ വരവ് എന്നർഥം. Powerful people comes from Powerful places (ശക്തരായ മനുഷ്യർ ശക്തമായ ഇടങ്ങളിൽനിന്നും വരുന്നു). അതിൽ അസ്വാഭാവികതകൾ ഒന്നുമില്ല. ഡോക്ടറുടെ മകൻ ഡോക്ടറാകുന്നതും സിനിമാനടന്റെ മകൻ സിനിമാ നടനാകുന്നതും മന്ത്രിയുടെ മകൻ മന്ത്രിയാകുന്നതും പോലീസുകാരന്റെ മകൻ പോലീസുകാരനാ കുന്നതുമൊക്കെ സ്വാഭാവികതകൾ മാത്രമാണ്. എന്നാൽ സാങ്കേതിക രംഗത്ത് വളരുന്നതോ ലോകം ഭരിക്കുന്നതോ നിസ്സാര കാര്യമല്ല. അസംഭവ്യതകളോട് അടുത്തുകിടക്കുന്ന ആ അപൂർവത യാഥാർഥ്യമാ കണമെങ്കിൽ അതിനുമാത്രം Extraordinary ആയ വ്യക്തിയെകൊണ്ടേ കഴിയൂ. ആ വ്യക്തിയെ വിശദീകരിക്കാൻ Extraordinary വിശദീകരണങ്ങളും വേണ്ടിവരും.

കോടാനുകോടി മനുഷ്യർ വന്നുപോയ ഈ ഭൂമിയിൽ അങ്ങനെയാരെങ്കിലും ഉണ്ടായിട്ടുണ്ടാകുമോ? ഉണ്ടെങ്കിൽ അവരെ ചരിത്രം ഓർക്കാതിരിക്കില്ല. ചരിത്രം അവരാൽ സ്വാധീനിക്കപ്പെടാതെയിരിക്കില്ല. ചരിത്രത്തിൽ തങ്ങളുടെ കൈരേഖകൾ പതിപ്പിച്ചുപോയ, ലോകത്തിന്റെ ഗതി തന്നെ മാറ്റിയ, അങ്ങനെ കുറെ നായകന്മാരെ വിവരിക്കുന്നതാണ് മൈക്കിൾ എച്ച് ഹാർട്ടിന്റെ The 100: A Ranking of the Most Influential Perosns in History എന്ന ഗ്രന്ഥം. ചരിത്രത്തെ സ്വാധീനിച്ച 100 മനുഷ്യരെ അവർ ചെലുത്തിയ സ്വാധീനത്തിന്റെ അടിസ്ഥാനത്തിൽ റാങ്കിങ് ചെയ്തിരിക്കുന്നു. അരിസ്റ്റോട്ടിലും പ്ലേറ്റോയുംമുതൽ ന്യൂട്ടണും ഐൻസ്റ്റീനുംവരെ ഭാഗമാകുന്ന പട്ടികയിലെ ഒന്നാം സ്ഥാനക്കാരനിൽനിന്നും തുടങ്ങാം; Muhammad (pbuh), The Prophet of Islam.

**തന്റെ നാൽപത് വർഷത്തെ ജീവിതത്തിലെ സത്യസന്ധതകൊണ്ട് ഒരു ജനതയുടെതന്നെ വിശ്വസ്തത നേടിയെടുക്കാൻ കഴിഞ്ഞ വ്യക്തി, കഠിനശത്രുക്കൾപോലും വിശ്വസ്തനെന്ന് തന്നെ പരിചയപ്പെടുത്തുമാറ് കളവ് പറഞ്ഞിട്ടില്ലാത്ത വ്യക്തി. അങ്ങനെ പറയുന്നതുകൊണ്ട് യാതൊന്നും നേടിയിട്ടില്ലാത്ത വ്യക്തി, തന്റെ പ്രബോധന ദൗത്യത്തിൽനിന്നും പിന്തിരിഞ്ഞാൽ നീ ആവശ്യപ്പെടുന്നതെന്തും നൽകാമെന്ന മോഹിപ്പിക്കുന്ന വാഗ്ദാനങ്ങളെ അവഗണിച്ച് ജീവിതത്തിലുടനീളം കഷ്ടപ്പെട്ടത് എന്തിനായിരിക്കും? അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ സത്യമായിരുന്നു എന്നത് മാത്രമാണ് എത്താവുന്ന യുക്തിപരമായ നിഗമനം.**



അദ്ദേഹത്തിലൂടെ ലോകം കേട്ട ആശയത്തിന് സാമ്രാജ്യങ്ങളെ മറിച്ചിടാൻ കഴിഞ്ഞിരുന്നു. ചരിത്രത്തിന്റെ ഗതിമാറ്റാൻ കഴിഞ്ഞിരുന്നു. അന്നുവരെയുണ്ടായ മത-തത്ത്വ ചിന്തകൾ അദ്ദേഹത്തിന്റെ കൈയിലൊതുങ്ങി. ചരിത്രത്തിൽ അറിയപ്പെടാതെകിടന്ന അപരിഷ്കൃതരായ കുറച്ച് മരുഭൂമനുഷ്യരെ ലോകം ഭരിക്കാൻ അദ്ദേഹം ഉൾകൊണ്ട പ്രത്യയ ശാസ്ത്രം പ്രാപ്തമാക്കി. വധിക്കാൻ ശത്രുക്കൾ വളഞ്ഞനേരത്തും സാമ്രാജ്യങ്ങളുടെ താക്കോൽ നമുക്ക് കീഴ്പ്പെടുന്ന കാലത്തെ സംബന്ധിച്ച് അണികളോട് പ്രവചിക്കാൻ മാത്രം നേതൃബോധവും മനോശക്തിയുമുള്ള വ്യക്തി.

23 വർഷക്കാലം അദ്ദേഹത്തിന്റെ നാവിൽനിന്ന് ലോകം കേട്ട വാക്കുകളുടെ ആജ്ഞാശക്തിയിൽ ശക്തരുടെ ഹൃദയങ്ങൾപോലും കീഴൊതുങ്ങി. അവർ ലോകം കണ്ട നീതിയുടെ വക്താക്കളും ഏകാധിപതികളുടെ പേടിസ്വപ്നവും ഭരണാധികാരികളുമായി. ആരും ശ്രദ്ധിക്കാതെ കിടന്നിരുന്ന ഒരു മരുഭൂമിയിൽ ജനിച്ച അനാഥന്, ആട്ടിടയനും കച്ചവടക്കാരനുമായ ഒരു സാധാരണ ആറാം നൂറ്റാണ്ടുകാരന്റെ വെറും 23 വർഷത്തിന് ഈ ലോകം മാറാൻ വഴങ്ങിയെങ്കിൽ ഇദ്ദേഹത്തിന് സാധാരണ വിശദീകരണങ്ങൾ ചേരില്ല. അസാധാരണമായ ഈ ജീവിതത്തിന് അസാധാരണം തന്നെയായ ഒരു വിശദീകരണം ഉണ്ടാകും.

ഇദ്ദേഹം സ്വയം താനൊരു ടൈം ട്രാവലർ ആണെന്നോ അന്യഗ്രഹ ജീവിയാണെന്നോ പറഞ്ഞാൽ അതിൽ വിശ്വസിക്കാൻ എനിക്കൊരു മടിയും ഉണ്ടാകില്ല. എന്നാൽ അദ്ദേഹം പറഞ്ഞത് അബ്രഹാമിന്റെയും മോശെയുടെയും യേശുവിന്റെയും പാതയിലെ പ്രവാചകനാണ് താൻ എന്നാണ്. Extraordinary event needs an extraordinary explanation, and this explanation makes sense, this only makes sense.

**E19: വിശ്വസ്തത**

തന്റെ നാൽപത് വർഷത്തെ ജീവിതത്തിലെ സത്യസന്ധതകൊണ്ട് ഒരു ജനതയുടെതന്നെ വിശ്വസ്തത നേടിയെടുക്കാൻ കഴിഞ്ഞ വ്യക്തി, കഠിനശത്രുക്കൾപോലും വിശ്വസ്തനെന്ന് തന്നെ പരിചയപ്പെടുത്തുമാറ് കളവ് പറഞ്ഞിട്ടില്ലാത്ത വ്യക്തി. അങ്ങനെ പറയുന്നതുകൊണ്ട് യാതൊന്നും നേടിയിട്ടില്ലാത്ത വ്യക്തി, തന്റെ പ്രബോധന ദൗത്യത്തിൽനിന്നും പിന്തിരിഞ്ഞാൽ നീ ആവശ്യപ്പെടുന്നതെന്തും നൽകാമെന്ന മോഹിപ്പിക്കുന്ന വാഗ്ദാനങ്ങളെ അവഗണിച്ച് ജീവിതത്തിലുടനീളം കഷ്ടപ്പെട്ടത് എന്തിനായിരിക്കും? അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ സത്യമായിരുന്നു എന്നത് മാത്രമാണ് എത്താവുന്ന യുക്തിപരമായ നിഗമനം.

പ്രവാചകനെക്കുറിച്ച് (അന്ന് പ്രവാചക ശത്രുവായിരുന്ന) അബൂസുഫിയാനോട് ബൈസന്റൈൻ ചക്രവർത്തിയായിരുന്ന ഹെരാക്ലിയസ് ചോദിക്കുന്ന ചോദ്യങ്ങൾക്കിടയിൽ ഇങ്ങനെ കാണാം: 'അദ്ദേഹം പ്രവാചകത്വം അവകാശപ്പെടുന്നതിന് മുമ്പ് കളവ് പറഞ്ഞിരുന്നതിന്റെ പേരിൽ നിങ്ങളാൽ ആക്ഷേപിക്കപ്പെട്ടിട്ടുണ്ടോ?' ഇല്ലെന്ന് ഞാൻ മറുപടി പറഞ്ഞു. 'അദ്ദേഹം വാഗ്ദാനങ്ങൾ ലംഘിക്കാറുണ്ടോ?' ഇല്ലെന്ന് ഞാൻ മറുപടി പറഞ്ഞു.

പ്രവാചകനെ തങ്ങൾ അവിശ്വസിക്കുന്നത് തങ്ങളുടെ വിശ്വാസത്തിന് എതിര് പറയുന്നതുകൊണ്ട് മാത്രമാണ് എന്നും അതല്ലാതെ കളവ് ആരോപിക്കാൻ പോലുമില്ലാത്തവിധം സത്യസന്ധനായിരുന്നു മുഹമ്മദ്(സ്വ) എന്നുമാണ് അദ്ദേഹത്തിന്റെ അന്നത്തെ പ്രധാന ശത്രുവായ അബൂസുഫ്‌യാൻ പോലും പറഞ്ഞുവയ്ക്കുന്നത്.

> **കളവു പറയുകയാണെങ്കിൽ ആ ജനതയെ മുഴുവൻ തന്നിൽ വിശ്വസിപ്പിക്കാനുള്ള സാഹചര്യവും പ്രവാചകനുണ്ടായി. പ്രവാചക പുത്രൻ ശൈശവത്തിൽ മരിച്ച ദിവസം. അന്ന് അറേബ്യ ഒരു സൂര്യഗ്രഹണം കണ്ടു. കണ്ടവരെല്ലാം പറഞ്ഞുകൊണ്ടിരുന്നു: 'പ്രവാചകപുത്രന്റെ വിയോഗത്തിൽ പ്രകൃതി പോലും ദുഃഖം രേഖപ്പെടുത്തുന്നുവെന്ന്.' അതിനോട് കണ്ണടച്ചാൽ ചിലപ്പോൾ പ്രവാചകനെ അംഗീകരിക്കാത്ത ശത്രുക്കൾ പോലും വിശ്വസിച്ചുവെന്നിരിക്കും. എന്നാൽ അപ്പോഴും ഒരു അന്ധവിശ്വാസത്തെ നീക്കാനുള്ള സന്ദർഭമായി അതിനെ കണ്ടാണ് പ്രവാചകൻ(സ്വ) സംസാരിച്ചത്. സൂര്യ-ചന്ദ്ര ഗ്രഹണങ്ങൾ ആരുടെയും ജനനമോ മരണമോ കാരണമായി സംഭവിക്കുന്നില്ലെന്നും അവ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണെന്നും പ്രഖ്യാപിച്ച് വലിയൊരു അന്ധവിശ്വാസത്തെ നിരാകരിക്കുകയാണ് പ്രവാചകൻ ചെയ്തത്.**

പ്രവാചകന്റെ ആദ്യ പരസ്യപ്രബോധന രംഗത്ത് തനിക്ക് മുന്നിൽ നിൽക്കുന്ന തന്റെ ജനങ്ങളോട് ഇങ്ങനെ ചോദിക്കുന്നുണ്ട്: "ഈ പർവതത്തിനപ്പുറത്തുനിന്നും ശത്രുക്കൾ ആക്രമിക്കാൻ വരുന്നതായി ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ?'' അതിനവർ നൽകുന്ന മറുപടി 'താങ്കളിൽനിന്നും കളവായി ഒന്നും ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടില്ല' എന്നായിരുന്നു. (Sahih Muslim).

മറ്റൊരിടത്ത് ക്ലേശസന്ദർഭത്തിലും കരാറിനോട് സത്യസന്ധത പാലിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പ്രവാചകനെ കാണാം. ബദ്റിന് മുന്നോടിയായി മദീനയിലേക്ക് പലായനം ചെയ്തിരുന്ന ഹുദൈഫ(റ)യും പിതാവും ക്വുറൈശികളാൽ പിടിക്കപ്പെട്ടു. തങ്ങൾക്കെതിരെ യുദ്ധം ചെയ്യുന്നതിന് മുഹമ്മദിനെ സഹായിക്കില്ല എന്ന കരാറിന്റെ പുറത്താണ് അവരെ പിന്നെ മദീനയിലേക്ക് പോകാൻ അനുവദിച്ചത്. തങ്ങളുടെ പല മടങ്ങ് വരുന്ന സൈന്യത്തോട് ഏറ്റുമുട്ടാൻ പോകുന്ന,



**ഇസ്‌ലാമികാദർശത്തെ മനുഷ്യർക്ക് പരിചയപ്പെടുത്തിയതുകൊണ്ട് കഠിനമായ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നു എന്നല്ലാതെ വ്യക്തിപരമായ ഭൗതികലാഭങ്ങൾ പ്രവാചകന് ഉണ്ടായിട്ടില്ല എന്നും കാണാം. ദിവസങ്ങളോളം, വേവിച്ച ആഹാരമില്ലാതെ വെറും വെള്ളവും ഈന്തപ്പഴവും മാത്രം ആഹരിച്ച് ജീവിച്ചിരുന്നതായി പ്രവാചക പത്നി ആഇശ(റ) പറയുന്നുണ്ട്. (ബുഖാരി 6459). അന്നത്തെ വിവിധ സാമ്രാജ്യങ്ങളുടെ ചക്രവർത്തിമാർ ഭൗതിക സൗകര്യങ്ങൾ ആസ്വദിച്ച് സുഖിച്ച് ജീവിക്കുമ്പോൾ, ഈന്തപ്പനയോലയുടെ പായയിൽ കിടന്ന് അടയാളം പതിഞ്ഞ ശരീരവുമായി നിൽക്കുന്ന പ്രവാചകനെയും അദ്ദേഹത്തിന്റെ പക്കലുള്ള കുറഞ്ഞ ഭക്ഷണവും കണ്ട് ഉമർ(റ) സങ്കടം പറയുന്നുണ്ട്. അവർക്കത് ഈ ലോകത്തും നമുക്കത് പരലോകത്തുമാണ് എന്നാണ് പ്രവാചകൻ അതിനു നൽകുന്ന വിശദീകരണം.**

യുദ്ധത്തിന് വേണ്ടത്ര സൈനികരില്ലാത്ത അവസ്ഥയിൽ നിൽക്കുന്ന പ്രവാചകന്റെ പക്കൽ ഈ വാർത്തയെത്തിയപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു: 'നാം അവരോടുള്ള ഈ കരാർ പാലിക്കും.'


കളവു പറയുകയാണെങ്കിൽ ആ ജനതയെ മുഴുവൻ തന്നിൽ വിശ്വസിപ്പിക്കാനുള്ള സാഹചര്യവും പ്രവാചകനുണ്ടായി. പ്രവാചക പുത്രൻ ശൈശവത്തിൽ മരിച്ച ദിവസം. അന്ന് അറേബ്യ ഒരു സൂര്യഗ്രഹണം കണ്ടു. കണ്ടവരെല്ലാം പറഞ്ഞുകൊണ്ടിരുന്നു: 'പ്രവാചകപുത്രന്റെ വിയോഗത്തിൽ പ്രകൃതി പോലും ദുഃഖം രേഖപ്പെടുത്തുന്നുവെന്ന്.' അതിനോട് കണ്ണടച്ചാൽ ചിലപ്പോൾ പ്രവാചകനെ അംഗീകരിക്കാത്ത ശത്രുക്കൾ പോലും വിശ്വസിച്ചുവെന്നിരിക്കും. എന്നാൽ അപ്പോഴും ഒരു അന്ധവിശ്വാസത്തെ നീക്കാനുള്ള സന്ദർഭമായി അതിനെ കണ്ടാണ് പ്രവാചകൻ(സ്വ) സംസാരിച്ചത്. സൂര്യ-ചന്ദ്ര ഗ്രഹണങ്ങൾ ആരുടെയും ജനനമോ മരണമോ കാരണമായി സംഭവിക്കുന്നില്ലെന്നും അവ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണെന്നും പ്രഖ്യാപിച്ച് വലിയൊരു അന്ധവിശ്വാസത്തെ നിരാകരിക്കുകയാണ് പ്രവാചകൻ ചെയ്തത്. ചെറിയ കാര്യങ്ങളിൽപോലും സത്യസന്ധമായും നീതിയോടെയും വർത്തിക്കാൻ നിർബന്ധം കാണിച്ച ഒരു വ്യക്തി ജീവിതത്തിലൊരുനാൾ വലിയൊരു കളവ് പറയുകയും ജീവിതത്തിന്റെ അവസാനം വരെ അത് തുടരുകയും ചെയ്തുവെന്ന് വിശ്വസിക്കുന്നതിൽ യുക്തിയില്ല.

ഇസ്‌ലാമികാദർശത്തെ മനുഷ്യർക്ക് പരിചയപ്പെടുത്തിയതുകൊണ്ട് കഠിനമായ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നു എന്നല്ലാതെ വ്യക്തിപരമായ ഭൗതികലാഭങ്ങൾ പ്രവാചകന് ഉണ്ടായിട്ടില്ല എന്നും കാണാം. ദിവസങ്ങളോളം, വേവിച്ച ആഹാരമില്ലാതെ വെറും വെള്ളവും ഈന്തപ്പഴവും മാത്രം ആഹരിച്ച് ജീവിച്ചിരുന്നതായി പ്രവാചക പത്നി ആഇശ(റ) പറയുന്നുണ്ട്. (ബുഖാരി 6459).

അന്നത്തെ വിവിധ സാമ്രാജ്യങ്ങളുടെ ചക്രവർത്തിമാർ ഭൗതിക സൗകര്യങ്ങൾ ആസ്വദിച്ച് സുഖിച്ച് ജീവിക്കുമ്പോൾ, ഈന്തപ്പനയോലയുടെ പായയിൽ കിടന്ന് അടയാളം പതിഞ്ഞ ശരീരവുമായി നിൽക്കുന്ന പ്രവാചകനെയും അദ്ദേഹത്തിന്റെ പക്കലുള്ള കുറഞ്ഞ ഭക്ഷണവും കണ്ട് ഉമർ(റ) സങ്കടം പറയുന്നുണ്ട്. അവർക്കത് ഈ ലോകത്തും നമുക്കത് പരലോകത്തുമാണ് എന്നാണ് പ്രവാചകൻ അതിനു നൽകുന്ന വിശദീകരണം. പരലോകത്തെ സംബന്ധിച്ച് ഉറച്ച ബോധ്യമുള്ള ഒരാൾക്കല്ലാതെ ഇങ്ങനെ ജീവിക്കാനാവില്ല.

പ്രവാചകന്റെ ആശയപ്രചാരണം സത്യസന്ധമല്ലെങ്കിൽ അതിനുവേണ്ടി നിഷ്കളങ്കമായി ജീവിക്കാനും ത്യാഗങ്ങൾ സഹിക്കാനും കഴിയുകയെങ്ങനെയാണ്? ആരും കാണാനില്ലാത്ത രാത്രികളിൽ രഹസ്യമായിപോലും അദ്ദേഹം ഉറക്കമൊഴിച്ച് നമസ്കരിച്ചത് പിന്നെ എന്തുകൊണ്ടാണ്? ശത്രുക്കൾ പിടികൂടാൻ ചുറ്റും വലയം ചെയ്ത നേരത്ത് പോലും സാമ്രാജ്യങ്ങളെ ഈ ആശയം അതിജയിക്കുമെന്ന് പറയാനുള്ള ആത്മവിശ്വാസം അദ്ദേഹത്തിന് നൽകിയത് എന്തായിരിക്കും? ചുരുങ്ങിയ അണികളുമായി തങ്ങളെക്കാൾ പല മടങ്ങ് ശക്തമായ സേനയുമായി വിജയം പ്രതീക്ഷിച്ച് യുദ്ധംചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്താണ്? സമ്പത്തോ ഭൗതിക സുഖസൗകര്യങ്ങളോ നേടിയില്ലെങ്കിൽ പിന്നെ അദ്ദേഹത്തിന്റെ ലക്ഷ്യമെന്തായിരുന്നു? അന്നുവരെ യാതൊരു സാഹിത്യവും എഴുതുകയോ, പറയുകയോ ചെയ്തിട്ടില്ലാത്ത, നിയമപുസ്തകങ്ങൾ വായിച്ചിട്ടില്ലാത്ത, പ്രകൃതിശാസ്ത്രമോ തത്ത്വചിന്തയോ പഠിച്ചിട്ടില്ലാത്ത വ്യക്തി ഒരുനാൾ ഇതെല്ലാം കൈകാര്യം ചെയ്യാനാരംഭിക്കുകയും അതിനു പകരം ഒന്ന് കൊണ്ടുവരാൻ ഒരു സമൂഹത്തെ വെല്ലുവിളിക്കുകയും അതിന് അവർക്ക് കഴിയാതിരിക്കുകയും ചെയ്തതിനെ ഭൗതിമായി എങ്ങനെയാണ് വിശദീകരിക്കുക? മുഹമ്മദ്(സ്വ) ദൈവദൂതനായിരുന്നു എന്ന വിശദീകരണത്തിന് മാത്രമാണ് ഈ സംജ്ഞകളെ വിശദീകരിക്കാൻ കഴിയുന്നത്.

*(തുടരും)*




# ഇസ്‌ലാം വിരോധിച്ച ജാറനിർമാണവും മനോവിഷമത്തിലായ ജാറവ്യവസായികളും

മൂസ സ്വലാഹി കാര
:97473 45768

മുസ്‌ലിയാർ സ്വയം ക്വുർആൻ ദുർവ്യാഖ്യാനിച്ചുകൊണ്ട് സലഫികളെ പ്രമാണ ദുർവ്യാഖ്യാനക്കാരായി ചിത്രീകരിക്കുന്നത് കാണുക: “പഴുതടച്ച പ്രാമാണിക വിവരണങ്ങൾക്ക് മുമ്പിൽ പുത്തൻവാദം പതറിപ്പോകുമല്ലോ. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉയർത്തിയും ദുർവ്യാഖ്യാനത്തെ കൂട്ടുപിടിച്ചും പിടിച്ചുനിൽക്കാനുള്ള ശ്രമമാണ് പതിവുപോലെ ഈ വിഷയത്തിലും മുജാഹിദുകൾ കാണിച്ചത്” (പേജ് 12).

മുജാഹിദുകൾക്ക് ഇവർക്കെതിരിൽ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉയർത്തേണ്ട കാര്യമില്ല, അടിസ്ഥാനമുള്ളതുതന്നെ എമ്പാടുമുണ്ട്. ദുർവ്യാഖ്യാനത്തെ കൂട്ടുപിടിക്കേണ്ട കാര്യവുമില്ല, കാരണം പ്രമാണങ്ങളുടെ പിന്തുണയില്ലാത്തവർക്കാണ് ദുർവ്യാഖ്യാനിക്കേണ്ടിവരിക.

മുസ്‌ലിയാരുടെ അടുത്ത വാദം കാണുക: “മഹാന്മാരെ സന്ദർശിക്കുന്നതും അവരുടെ ദർഗകൾ സിയാറത്ത് കൊണ്ട് സജീവമാക്കുന്നതും അവരെ ആദരിക്കുന്നതിന്റെ ഭാഗമാണ്. അവരുടെ ഖബറിനു മുകളിൽ ഖുബ്ബകളും മറ്റും സ്ഥാപിക്കാമെന്നും ഇസ്‌ലാമിക പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഇവയെല്ലാം ഖബർ പൂജയും ഖബറാരാധനയുമാണെന്ന് വഹാബികൾ ആരോപിക്കാറുണ്ട്” (പേജ് 12).

ക്വബ്ർ കെട്ടിപ്പടുക്കാനും അതിനു മീതെ ഖുബ്ബകളുണ്ടാക്കാനും ദർഗകളുണ്ടാക്കാനും ഏതു പ്രമാണത്തിന്റെ പിൻബലമാണ് ഇവർക്കുള്ളത്? നബി(സ്വ) മരണപ്പെട്ട ഏതെങ്കിലും സ്വഹാബിയുടെ ക്വബ്റിനു മീതെ ഖുബ്ബയുണ്ടാക്കിയിട്ടുണ്ടോ? ജാറമുണ്ടാക്കിയിട്ടുണ്ടോ? സ്വീകാര്യമായ വല്ല രേഖയും ഇതിനുണ്ടോ? നബി(സ്വ)യുടെ അനുചരന്മാർ അദ്ദേഹത്തിന്റെ ക്വബ്റിങ്കൽ ഇപ്രകാരം ചെയ്തതിന് സ്വഹീഹായ വല്ല തെളിവുമുണ്ടോ? ഇത് അഹ്‌ലുസ്സുന്ന വൽജമാഅയുടെ പ്രാമാണിക നിലപാടാണോ?

ശിർക്കിലേക്ക് നയിക്കുന്ന ഈ പുത്തനാചാരത്തെ എതിർക്കാൻ സലഫികൾ സ്ഥിരമായി ഉദ്ധരിക്കാറുള്ള ‘എന്റെ ക്വബ്റിനെ ആരാധിക്കപ്പെടുന്ന ബിംബമാക്കരുതേ,’ ‘എന്റെ ക്വബ്റിനെ നിങ്ങൾ ആഘോഷ സ്ഥലമാക്കരുത്,’ ‘കൂർത്ത് നിൽക്കുന്ന ക്വബ്റുകൾ നിരപ്പാക്കണം’ എന്നിങ്ങനെയുള്ള സ്വീകാര്യയോഗ്യവും ശക്തവുമായ തെളിവുകൾക്കു മുമ്പിൽ അസ്വസ്ഥനായി മുസ്‌ലിയാർ എഴുതുന്നു: “തീർത്തും നിരർത്ഥകമായ ഈ വാദത്തിന് അവർ ആധാരമാക്കുന്നത് ദുർവ്യാഖ്യാനം ചെയ്ത ചില ഹദീസുകളാണ്. ആ ഹദീസുകൾ ഒന്നു പരിശോധിക്കുന്നത് ബിദഈ വാദം എത്ര അർത്ഥരഹിതമാണെന്ന് ഗ്രഹിക്കാൻ സഹായിക്കും” (പേജ് 12).

സ്ഥിരപ്പെട്ട ഹദീസുകളെയാണ് ഒരു ഭയവുമില്ലാതെ നിരർഥകമെന്നും പുത്തൻവാദവുമെന്ന് ലേഖകൻ പുച്ഛിച്ചു തള്ളുന്നത്. ഈ ഹദീസുകളെ ഉൾപ്പെടുത്തി അഹ്‌ലുസ്സുന്നയുടെ പണ്ഡിതനായ ഇമാം ശൗകാനി(റഹി) അദ്ദേഹത്തിന്റെ ‘നൈലുൽ ഔത്വാറി’ൽ നൽകിയ വിശദീകരണമാണ് ഈ പ്രമാണനിഷേധത്തിനു മറുപടിയായി നൽകാനുള്ളത്:

"...മുകളിൽ പറഞ്ഞ അലി(റ)വിന്റെ ഹദീസിൽ പരാമർശിച്ച ക്വബ്ർ ഉയർത്തൽ എന്ന ഗണത്തിൽ ഖുബ്ബകളും ക്വബ്റിന് മുകളിൽ പരിപാലിക്കപ്പെട്ടുവരുന്ന ജാറങ്ങളും ഉൾപ്പെടും. മാത്രമല്ല ക്വബ്റുകൾ ആരാധനാകേന്ദ്രമാക്കൽ എന്ന വകുപ്പിലും അത് വരും. നബി(സ്വ) അത്തരക്കാരെ ശപിച്ചിട്ടുണ്ട്.

ക്വബ്റുകൾക്ക് മുകളിൽ എടുപ്പുണ്ടാക്കിയതും അവയെ അലങ്കരിച്ചതും മുഖേന ഇസ്‌ലാം കരയേണ്ടിവന്ന എത്രെയെത്ര കുഴപ്പങ്ങളാണ് ഉണ്ടായിട്ടുള്ളത്! അതിലൊന്ന് സത്യനിഷേധികൾക്ക് വിഗ്രഹങ്ങളോടുള്ള അതേ വിശ്വാസം അജ്ഞതയുള്ളവരുടെ ഹൃദയങ്ങളിൽ ക്വബ്റുകൾക്ക് മേൽ വന്നു എന്നതാണ്. അത് അവരുടെ ഹൃദയങ്ങളിൽ മഹത്ത്വമുള്ളതാവുക വഴി തങ്ങൾക്ക് ഉപകാരം നൽകാനും ഉപദ്രവം തടുക്കാനും അതിന് കഴിയുമെന്നായി അവരുടെ വിചാരം.

ആവശ്യങ്ങൾ നിറവേറാൻ മുഖം തിരിക്കാനുള്ള ഇടമായും ആശിച്ചത് നേടാനുള്ള അഭയ കേന്ദ്രമായുമൊക്കെ അവർ അതിനെ കണ്ടു. അടിമകൾ രക്ഷിതാവിനോട് ചോദിക്കേണ്ട കാര്യങ്ങൾ അവർ അവയോട് ചോദിക്കാൻ തുടങ്ങി. അവിടേക്ക് (പുണ്യംകൊതിച്ചു) ഒരുങ്ങിപ്പുറപ്പെടാനാരംഭിച്ചു. അവയെ സ്പർശിച്ചു (പുണ്യമെടുക്കാനും) അടിയന്തര സാഹചര്യങ്ങളിൽ സഹായം തേടാനും (അവർ മടികാണിച്ചില്ല). ചുരുക്കത്തിൽ അജ്ഞതയുടെ കാലഘട്ടക്കാർ വിഗ്രഹങ്ങളോട് ചെയ്തതൊന്നും വിടാതെ അവരും ചെയ്തുതുടങ്ങിയതിനാൽ 'ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്, അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ്.'

ഇത്ര മ്ലേച്ഛമായ തിന്മകൾ ഇവിടെ നടന്നിട്ടും, മോശം അവിശ്വാസം ഇവിടെ നടമാടിയിട്ടും, അല്ലാഹുവിനുവേണ്ടി ദേഷ്യപ്പെടുന്ന, വക്രതയില്ലാത്ത ഈ മതത്തിനുവേണ്ടി ഈർഷ്യത കാണിക്കുന്ന ഒരു പണ്ഡിതനെയോ വിദ്യാർഥിയെയോ ഒരു നേതാവിനെയോ മന്ത്രിയെയോ രാജാവിനെയോ ആരെയും നാം കാണുന്നില്ല! ഒരിക്കലും സംശയത്തിനിടവരാത്തവിധം നമുക്ക് കിട്ടിയിട്ടുള്ള ചില വാർത്തകൾ പറയുന്നത്, ക്വുബൂരികളിൽ ധാരാളം പേർ അല്ലെങ്കിൽ അധിക പേരും തന്റെ എതിരാളി (തെളിവിനു) സത്യം ചെയ്യാൻ പറഞ്ഞാൽ മടിയേതും കൂടാതെ അല്ലാഹുവിന്റെ പേരിൽ കള്ളസത്യം ചെയ്യും! ഉടനെ നിന്റെ ഇന്ന ശൈഖിന്റെ പേരിൽ, ഇന്ന ആശാകേന്ദ്രത്തിനു മേൽ, അല്ലെങ്കിൽ ഇന്ന വല്ലിയ്യിന്റെ പേരിൽ ആണയിടാൻ പറഞ്ഞാൽ ഉടനെ അവന്റെ നാവിടറും, തൊണ്ട വരളും. അവൻ പിന്മാറുകയും സത്യം അംഗീകരിക്കുകയും ചെയ്യും. അല്ലാഹു മൂന്നിലൊന്നാണ്, അല്ലെങ്കിൽ രണ്ടിലൊന്നാണ് എന്നൊക്കെ പറയുന്നവരുടെ ശിർക്കിനെ കടത്തിവെട്ടിയിട്ടുണ്ട് ഇവരുടെ ശിർക്ക് എന്നറിയിക്കുന്ന വളരെ സുവ്യക്തമായ തെളിവുകളാണിത്."

ശാഫിഈ മദ്ഹബിലെ ആധികാരിക ശബ്ദമായ ഇബ്നു ഹജർ അൽഹൈത്തമി അദ്ദേഹത്തിന്റെ അസ്സവാജിറിൽ പറഞ്ഞത് ഇവർക്കൊരു കുരുക്ക് തന്നെയാണ്. മുസ്‌ലിയാർ അത് സൂചിപ്പിച്ച് കബളിപ്പിക്കുന്നതും കോട്ടിമാട്ടുന്നതും കാണുക:

"സവാജിർ വായിക്കാം: ബഅളുൽ ഹനാബിലത്ത് പറഞ്ഞു: മഹാന്മാരുടെ ഖബറിന് ചാരെ അവരുടെ ബറകത്ത് പ്രതീക്ഷിച്ച് നിസ്കരിക്കുന്നത് അല്ലാഹുവിനോട് ചെയ്യുന്ന കടുത്ത അക്രമമാണ്. മഹത്തുക്കളുടെ ഖബർ കെട്ടിപ്പൊക്കൽ കടുത്ത ഹറാമും ശിർക്കിന്റെ കാരണവുമാണ്. മസ്ജിദു ളിറാറിനേക്കാൾ മോശമായ അത്തരം ഖുബ്ബകൾ പൊളിച്ച് നീക്കപ്പെടണം" (പേജ് 14).

തുടർന്ന് മുസ്‌ലിയാർ എഴുതുന്നു: "സുന്നത്ത് ജമാഅത്തിനെതിരെ വാളോങ്ങാൻ വഹാബികൾ അവസരമാക്കുന്ന ഈ ഉദ്ധരണി പരിശോധിച്ചാൽ അട്ടിമറിയുടെ ആഴം ബോധ്യപ്പെടും. ഇത് ഇബ്നു ഹജറിൽ ഹൈത്തമി(റ)യുടെ അഭിപ്രായമല്ലെന്നത് ആദ്യം മനസ്സിലാക്കുക. ബഅളുൽ ഹനാബിലത്തിന്റെ വാക്ക് എടുത്തുദ്ധരിക്കുക മാത്രമാണ് മഹാൻ ചെയ്യുന്നത്. ഒരു പ്രഭാഷകൻ, എഴുത്തുകാരൻ മറ്റൊരാളുടെ വാദം ഉദ്ധരിക്കുന്നത് സാധാരണമാണ്. അപ്രകാരം ഗ്രന്ഥകർത്താവിന് ബന്ധമില്ലാത്തത് മറ്റൊരാളിൽനിന്ന് ഉദ്ധരിക്കുക മാത്രമാണിവിടെ ഇമാം ചെയ്തത്."

സ്വന്തം ഇമാമിന്റെ ഈ ഗ്രന്ഥം എന്തിന് വേണ്ടി എഴുതപ്പെട്ടതാണെന്നുവരെ ഈ ലേഖകനറിയില്ല. വൻപാപങ്ങളെപ്പറ്റി വിശദീകരിക്കുന്ന ഇമാം 93 മുതൽ 98 വരെയുള്ള വൻകുറ്റങ്ങളായി എണ്ണിയത് 'ക്വബ്റുകൾ പള്ളികളാക്കലും അതിന്മേൽ വിളക്ക് കത്തിക്കലും അതിനെ ബിംബമാക്കലും ത്വവാഫ് ചെയ്യലും അതിനെ സൂചിപ്പിക്കലും അതിലേക്ക് നിസ്കരിക്കലും' ആണ്. ഇത് ഇമാം നൽകിയ തലവാചക

> **ക്വബ്ർ കെട്ടിപ്പടുക്കാനും അതിനു മീതെ ഖുബ്ബകളുണ്ടാക്കാനും ദർഗകളുണ്ടാക്കാനും ഏതു പ്രമാണത്തിന്റെ പിൻബലമാണ് ഇവർക്കുള്ളത്? നബി(സ്വ) മരണപ്പെട്ട ഏതെങ്കിലും സ്വഹാബിയുടെ ക്വബ്റിനു മീതെ ഖുബ്ബയുണ്ടാക്കിയിട്ടുണ്ടോ? ജാറമുണ്ടാക്കിയിട്ടുണ്ടോ? സ്വീകാര്യമായ വല്ല രേഖയും ഇതിനുണ്ടോ? നബി(സ്വ)യുടെ അനുചരന്മാർ അദ്ദേഹത്തിന്റെ ക്വബ്റിങ്കൽ ഇപ്രകാരം ചെയ്തതിന് സ്വഹീഹായ വല്ല തെളിവുമുണ്ടോ? ഇത് അഹ്‌ലുസ്സുന്ന വൽ ജമാഅയുടെ പ്രാമാണിക നിലപാടാണോ?**

**ക്വബ്‌റുകൾ കെട്ടിയുയർത്തൽ നിഷിദ്ധമാക്കിയ നബി(സ്വ)യുടെ കൽപനകളെ നിലപാടായി കണ്ട ഇമാമിന്റെ വാക്കുകളെ കേവലം 'ജാറ വിരുദ്ധത' എന്ന് പറഞ്ഞ് പരിഹസിക്കുമ്പോൾ അത് പ്രമാണങ്ങളെ അനാദരിക്കൽ കൂടിയാണ്. ഇമാമിന്റെ ഇഖ്തിളാഹു സ്വിറാത്തുൽ മുസ്തക്വീം, മജ്മൂഉൽ ഫതാവാ എന്നീ ഗ്രന്ഥങ്ങൾ പരതി മുസ്‌ലിയാക്കന്മാർ അവരുടെ ദുർവിചാരങ്ങൾ നീക്കട്ടെ എന്നാണ് പറയാനുള്ളത്. ക്വബ്‌റിനു മുകളിലുള്ള ഖുബ്ബകളും നിർമിതികൾ ഉണ്ടാക്കുന്നതും ക്വബ്‌റുകളെ പള്ളികളാക്കുന്നതിൽ പെട്ടതാണ്. അപ്രകാരം ചെയ്യുന്നവനെ നബി(സ്വ) ശപിക്കുകയും ചെയ്തു.**

മാണ്. ഇതിൽനിന്നുതന്നെ അദ്ദേഹത്തിന്റെ വിശ്വാസം വ്യക്തമാണ്. ശേഷം ഒന്നര പേജിൽ അദ്ദേഹം ചേർത്ത പത്തോളം ഹദീസുകൾ ക്വബ്‌റുകൾ കെട്ടിപ്പൊക്കാൻ പാടില്ല എന്ന് പഠിപ്പിക്കുന്നവയാണ്. ബഅളുൽ ഹനാബില(ഹമ്പലി മദ്ഹബിലെ എല്ലാവരും ഇത് അംഗീകരിക്കുന്നു, ചിലർ മാത്രം അത് വ്യക്തമാക്കുന്നു) എന്ന് പറഞ്ഞ് 'ക്വബ്‌റുകൾക്ക് മേൽ ഉണ്ടാക്കപ്പെട്ട ക്വുബ്ബകൾ വേഗത്തിൽ തകർക്കണം' എന്ന അഹ്‌ലുസ്സുന്ന വൽജമാഅയുടെ നിലപാട് പ്രത്യേകം സൂചിപ്പിച്ചുകൊണ്ടാണ് ആ ഭാഗം അദ്ദഹം അവസാനിപ്പിക്കുന്നത്. ഇതിൽ എവിടെയാണ് ക്വബ്ർ കെട്ടിപ്പൊക്കാനും മറ്റും ഇവർക്ക് തെളിവുള്ളത്?

തൗഹീദിന്റെ ധീരശബ്ദമായ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യോട് മുസ്‌ലിയാക്കന്മാർക്കുള്ള കടുത്ത വിദ്വേഷം ഇവിടെയും പ്രകടിപ്പിക്കപ്പെട്ടത് കാണുക: "വഹാബികൾ കൊട്ടിഘോഷിക്കുന്ന ജാറവിരുദ്ധത അവരുടെ നേതാവായ ഇബ്നു തൈമിയ്യയുടേത് മാത്രമാണ്. പക്ഷേ, അദ്ദേഹത്തിന്റെ പേരിൽ അതു പറഞ്ഞാൽ വിശ്വാസികൾ തള്ളിക്കളയുമെന്നതുകൊണ്ടാണ് ഇബ്നു ഹജർ(റ)ന്റെ പേരിൽ ഒളിച്ച് കടത്താനുള്ള പാഴ്ശ്രമം വഹാബികൾ നടത്തിയത്"(പേജ് 12).

ക്വബ്‌റുകൾ കെട്ടിയുയർത്തൽ നിഷിദ്ധമാക്കിയ നബി(സ്വ)യുടെ കൽപനകളെ നിലപാടായി കണ്ട ഇമാമിന്റെ വാക്കുകളെ കേവലം 'ജാറ വിരുദ്ധത' എന്ന് പറഞ്ഞ് പരിഹസിക്കുമ്പോൾ അത് പ്രമാണങ്ങളെ അനാദരിക്കൽ കൂടിയാണ്. ഇമാമിന്റെ ഇഖ്തിളാഹു സ്വിറാത്തുൽ മുസ്തക്വീം, മജ്മൂഉൽ ഫതാവാ എന്നീ ഗ്രന്ഥങ്ങൾ പരതി മുസ്‌ലിയാക്കന്മാർ അവരുടെ ദുർവിചാരങ്ങൾ നീക്കട്ടെ എന്നാണ് പറയാനുള്ളത്.

നബി(സ്വ) അലിയ്യി(റ)നെ നിയോഗിച്ചതും അദ്ദേഹം അബുൽഹയ്യാജ് അൽഅസദി(റ)നോട് കൽപിച്ചതുമായ കാര്യമാണ് 'കെട്ടിയുയർത്തപ്പെട്ട ഒരു ക്വബ്‌റും നിരപ്പാക്കാതെയും വിടരുത്' എന്നത്. ഈ ഹദീസിന് മുമ്പിൽ മുസ്‌ലിയാർ വല്ലാതെ വിയർക്കുന്നത് കൂടി കാണുക: 'ഖബറിന്റെ ആകൃതിയെ കുറിച്ച് ഒരു ചർച്ചയുണ്ട്. അനുവദനീയമായ രണ്ട് രൂപങ്ങൾ ഇന്ന് നമ്മുടെ നാട്ടിൽ സാധാരണയായി കാണുന്ന ഒട്ടകപൂഞ്ഞ പോലെ(മുസന്നം), നേർ നിരപ്പായത് (തസ്ത്വീഹ്). രണ്ടായാലും ഭൂമിയോടൊപ്പം നിരപ്പാക്കലല്ല ഉദ്ദേശ്യം. ഏത് ഖബറും ഒരു ചാൺ ഉയർത്തണം. അലി(റ)വിന്റെ ഹദീസിൽ പരാമർശിക്കുന്നത് മുസ്‌ലിമിന്റെ ക്വബ്‌റാണ് എന്നഭിപ്രായപ്പെട്ട പണ്ഡിതരുമുണ്ട്. അവരുടെ വീക്ഷണ പ്രകാരം കൂർത്ത ആകൃതിയിൽനിന്ന് അനുവദനീയമായ ആകൃതിയിലേക്ക് മാറ്റണം എന്നാണ്"(പേജ് 15).

ഇമാം ശൗകാനി(റഹി) ഈ ഹദീസിന്റെ വിശദീകരണത്തിൽ പറഞ്ഞത് നമുക്കൊന്നു നോക്കാം: 'ഉയർത്തപ്പെട്ട ഒരു ക്വബ്‌റും നിരപ്പാക്കാതിരിക്കരുത് എന്നതിൽ ശ്രേഷ്ഠതയുള്ളവരുടെ ക്വബ്ർ, ഇല്ലാത്തവരുടെ ക്വബ്ർ എന്ന വ്യത്യാസമില്ലാതെ ഒരു ചാൺ ഉയർത്താതിരിക്കലാണ് പ്രവാചകചര്യ. അനുവദിക്കപ്പെട്ട അളവിന് മേൽ ക്വബ്‌റുകൾ ഉയർത്തൽ നിഷിദ്ധമാക്കപ്പെട്ട കാര്യമാണ്. ഇത് ഇമാം അഹ്മദ്, ഇമാം ശാഫിഈ, ഇമാം മാലിക് എന്നിവരുടെ അനുയായികൾ വ്യക്തമാക്കിയിട്ടുണ്ട്.


മുൻകാലക്കാരിലും പിൽകാലക്കാരിലും ഇത് സംഭവിച്ചിട്ടുണ്ട് എന്നതിനാൽ നിഷിദ്ധമായ കാര്യമല്ല എന്ന് അൽഗൊയ്‌സ്ൽ മഹ്ദി, ഇമാം യഹ്‌യ തുടങ്ങിയവരെ പോലുള്ളവർ പറഞ്ഞത് ശരിയല്ല. കാരണം: അവരുടെ കാര്യത്തിൽ ഏറ്റവും കൂടിപ്പോയാൽ കാണുക അവർ മൗനം പാലിച്ചു എന്നതാണ്. ഖണ്ഡിതമായ വിഷയങ്ങളിൽ മൗനം തെളിവല്ല. ക്വബ്‌റുകൾ ഉയർത്താൻ പാടില്ല എന്നത് തെളിവുകൊണ്ട് ഉറപ്പായ വിഷയമാണ് താനും.

ക്വബ്ർ കെട്ടിപ്പൊക്കുന്നവന്റെ കാര്യമാണ് ഈ ഹദീസിൽ ആദ്യം ഉൾക്കൊള്ളുക. ക്വബ്‌റിനു മുകളിലുള്ള ഖുബ്ബകളും നിർമിതികൾ ഉണ്ടാക്കുന്നതും ക്വബ്‌റുകളെ പള്ളികളാക്കുന്നതിൽ പെട്ടതാണ്. അപ്രകാരം ചെയ്യുന്നവനെ നബി(സ്വ) ശപിക്കുകയും ചെയ്തു"(നൈലുൽ ഔത്വാർ).

നാം പ്രമാണങ്ങളിലേക്ക് ചുരുങ്ങുക എന്നല്ലാതെ നമ്മുടെ താത്പര്യങ്ങൾക്ക് പ്രമാണങ്ങളെ ചെത്തിയെടുക്കൽ അതിനോട് കാണിക്കുന്ന നെറികേടാണ്.

ഈ ക്വുർആൻ വചനം ശ്രദ്ധിക്കുക: "നീ പറയുക: ഞാൻ പിഴച്ചുപോയിട്ടുണ്ടെങ്കിൽ ഞാൻ പിഴക്കുന്നതിന്റെ ദോഷം എനിക്കുതന്നെയാണ്. ഞാൻ നേർമാർഗം പ്രാപിച്ചുവെങ്കിലോ അത് എനിക്ക് എന്റെ രക്ഷിതാവ് ബോധനം നൽകുന്നതിന്റെ ഫലമായിട്ടാണ്. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും സമീപസ്ഥനുമാകുന്നു" (34:50)

നമുക്കുചുറ്റും



# ക്രിമിനൽ നടപടി ചട്ട പരിഷ്കരണ ബിൽ ലോക്സഭയിൽ

ടി.കെ അശ്റഫ്
: 81118 07199

സിവിൽ നിയമം ഏകീകരിക്കാൻ പുതിയ ബില്ല് കൊണ്ടുവരും എന്ന് പ്രഖ്യാപിച്ച് ബഹളമുണ്ടാക്കിയവർ ഇന്ത്യൻ ശിക്ഷാ നിയമവും ക്രിമിനൽ നടപടി ചട്ടവും തെളിവുനിയമവും പൂർണമായി ഉടച്ചുവാർക്കാനുള്ള മൂന്ന് ബില്ലുകളാണ് പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്നത്.

ബില്ല് അവതരിപ്പിച്ചതിനു ശേഷം പ്രതികരണങ്ങളും വിശകലനങ്ങളും പ്രതിപക്ഷ പാർട്ടികളിൽനിന്നോ രാഷ്ട്രീയ നിരീക്ഷകരിൽനിന്നോ എന്തിനധികം മാധ്യമങ്ങളിൽനിന്നുപോലും വേണ്ടത്ര ഉണ്ടായിട്ടില്ല! അപ്രതീക്ഷിതമായ അവതരണം തന്നെയാണ് എല്ലാവരെയും അമ്പരപ്പിച്ചിരി ക്കുന്നത്. കുറെ നാളുകളായി വ്യത്യസ്ത ഇടങ്ങളിൽ ചർച്ച നടന്നു എന്ന് പറയുന്നുണ്ടെങ്കിലും ആരും ഇത് അറിഞ്ഞിട്ടില്ല. അവതരിപ്പിച്ചതാകട്ടെ, പ്രതിപക്ഷം പ്രതിഷേധിച്ച് പുറത്തുപോയ വേളയിലും!

ബില്ലിലെ 'ബയോളജിക്കൽ സാമ്പിൾസ് ആന്റ് അനാലിസിസ്' എന്ന വ്യവസ്ഥ നാർക്കോ അനാലിസിസ്, ബ്രെയിൻ മാപ്പിംഗ് എന്നിവയ്ക്ക് അവസരമൊരുക്കുന്നുണ്ടെന്നും ഇത് ഭരണഘടന നൽകുന്ന മൗലികാവകാശങ്ങളുടെ ലംഘനമാണെന്നും സമരം ചെയ്യുന്നതിന് അറസ്റ്റിലാകുന്ന പൊതുപ്രവർത്തകർക്കെതിരെ വേറെ വകുപ്പുകൾ കൂട്ടിച്ചേർത്ത് ബയോളജിക്കൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാനും ഡിഎൻഎ ടെസ്റ്റുകൾ നടത്താനും ഒരു പൊലീസ് കോൺസ്റ്റബിളിന് അധികാരം നൽകുന്ന നിയമം പരിഷ്കൃത ജനാധിപത്യ സമൂഹത്തിന്റെ അന്തസ്സിനെ ചോദ്യം ചെയ്യുന്നതാണെന്നും പ്രതിപക്ഷത്തെ ചില എംപിമാർ ആരോപിച്ചത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

1860ൽ ബ്രിട്ടീഷുകാരുടെ കാലത്തുള്ള നിയമങ്ങൾ പരിഷ്കരിക്കുന്ന കാര്യത്തിൽ ആരും എതിര് നിൽക്കുകയില്ല എന്നിരിക്കെ, എന്തിനാണ് ഒളിച്ചുകടത്തൽ സ്വഭാവം സ്വീകരിക്കുന്നത്? തങ്ങൾ ലക്ഷ്യം വയ്ക്കുന്ന ഹിന്ദുത്വ രാഷ്ട്രം വരുന്നതിനു മുമ്പുതന്നെ അതിനിണങ്ങിയ പേരുകളെല്ലാം ബ്രാൻഡ് ചെയ്യുക എന്ന ലക്ഷ്യവും സർക്കാർ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്.

ഐപിസിയെ (1860) 'ഭാരതീയ ന്യായ സംഹിത' എന്നും സിആർപിസിയെ (1898-1973) 'ഭാരതീയ നാഗരിക് സുരക്ഷാസംഹിത' എന്നും ഇന്ത്യൻ തെളിവ് നിയമത്തെ (1872) 'ഭാരതീയ സാക്ഷ്യ അധിനി നിയമം' എന്നുമാണ് പുനർനാമകരണം ചെയ്തിട്ടുള്ളത്.

കേസുകൾ കെട്ടിക്കിടക്കുന്നതും വിചാരണ വൈകുന്നതും ഒഴിവാക്കാൻ കൃത്യമായ മാർഗനിർദേശങ്ങൾ പുതിയ നിയമത്തിൽ ശുപാർശ ചെയ്തതും എഫ്ഐആർ മുതൽ വിചാരണയുടെ എല്ലാ ഘട്ടങ്ങളും ഡിജിറ്റൽ റെക്കോർഡിങ്ങിന് വിധേയമാക്കണം എന്നതും സ്ത്രീപീഡനം, ആൾക്കൂട്ട കൊലപാതകം തുടങ്ങിയവയ്ക്ക് വധശിക്ഷവരെയുള്ള കടുത്ത ശിക്ഷകൾ ശുപാർശ ചെയ്തതും പ്രത്യക്ഷത്തിൽ പ്രതീക്ഷക്ക് വക നൽകുന്നതാണ്.

എന്നാൽ ഇതിന്റെ മറവിൽ ഭരണകൂട വിമർശനം ഇനിമുതൽ ദേശദ്രോഹ കുറ്റമായി രജിസ്റ്റർ ചെയ്തുകൊണ്ട് കടുത്ത ശിക്ഷ വിധിക്കാൻ പാകത്തിൽ നിരവധി വകുപ്പുകൾ എഴുതിച്ചേർത്തത് രാജ്യം ഗൗരവപൂർവം ചർച്ച ചെയ്യണം. ദേശീയമാധ്യമങ്ങൾ 80 ശതമാനവും ഫാസിസ്റ്റ് ചട്ടുകമായി മാറിയെന്ന വിമർശനം ഇപ്പോൾ ത്തന്നെയുണ്ട്. അവശേഷിക്കുന്ന സംഘപരിവാർ വിരുദ്ധ മീഡിയകളിലെ മാധ്യമ പ്രവർത്തകരെ കൂടി പുതിയ നിയമം ഉപയോഗിച്ച് തുറുങ്കിലടക്കാൻ സാധിച്ചാൽ ജനാധിപത്യത്തിന്റെ നാലാം തൂൺ പൂർണമായും തകരുകയാകും ഫലം. ഒരു തൂണ് തകർന്നാൽ തന്നെ രാജ്യം തകരാൻ അധികസമയം വേണ്ടിവരില്ല.

മൂന്ന് ബില്ലുകളും ആഭ്യന്തര മന്ത്രാലയ സ്ഥിരം സമിതിയുടെ പരിശോധനയ്ക്ക് വിട്ടിരിക്കുകയാണ് ഇപ്പോൾ. അതിൽ അംഗങ്ങളായവർ മാത്രം ചർച്ച ചെയ്താൽ പോരാ; രാജ്യമൊട്ടുക്കും വലിയ ചർച്ചയും സംവാദവും ഉയർന്നുവരണം. പാർലമെന്റിന് അകത്തും പുറത്തും സുതാര്യമായ ചർച്ച നടക്കണം. ആവശ്യമായ ഭേദഗതികൾ വരുത്തണം. സദുദ്ദേശമാണെങ്കിൽ സർക്കാർ ഈ വിഷയത്തിൽ ധൃതി കാണിക്കില്ലന്നുറപ്പാണ്. അല്ലാത്തപക്ഷം, ഹിഡൻ അജണ്ടകൾ ഈ ബില്ലിലും ഉണ്ടെന്ന കാര്യത്തിൽ ഒട്ടും സംശയിക്കേണ്ടതില്ല.




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
19 AUGUST 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**

WISDOM BOOKS

PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478